# താമരമൊട്ടുകൾ

വാല്യം 24 | സെപ്റ്റംബർ 2022 | ലക്കം 09 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ സെപ്റ്റംബർ 2022 ലക്കം 09

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ഇതാ കർത്താവിന്റെ ദാസി
നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ."
(ലൂക്കാ 1:38)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 632 |
| 2. | പ്രോഗ്രാം സെപ്റ്റംബർ 2022 | 637 |
| 3. | സർക്കുലർ 17/2022 | 638 |
| 4. | സർക്കുലർ | 639 |
| 5. | സർക്കുലർ | 644 |
| 6. | സർക്കുലർ 16/2022 | 650 |
| 7. | കച്ചേരിക്കാര്യം | 653 |
| 8. | ശ്രീ. ബേബി പെരുമാലിൽ അനുസ്മരണം | 657 |
| 9. | വിശ്വാസ പരിശീലനം | 659 |
| 10. | ചെറുപുഷ്പ മിഷൻലീഗ് | 661 |
| 11. | തിരുബാലസഖ്യം | 668 |
| 12. | ലിറ്റർജി കമ്മീഷൻ | 669 |
| 13. | സെമിനാരി വാർത്തകൾ | 670 |
| 14. | ആദരാഞ്ജലികൾ | 671 |
| 15. | സ്റ്റാർട്ട് | 673 |
| 16. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 675 |
| 17. | അൽഫോൻസ കോളേജ് | 676 |
| 18. | ആൽഫ മരിയ അക്കാദമി | 679 |
| 19. | ഇൻഫാം | 680 |
| 20. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 682 |
| 21. | മദ്യവിരുദ്ധ സമിതി | 683 |
| 22. | മാതൃവേദി | 685 |
| 23. | ഫാമിലി അപ്പോസ്തലേറ്റ് | 703 |
| 24. | കത്തോലിക്കാ കോൺഗ്രസ് | 703 |
| 25. | കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ | 709 |
| 26. | കെസിവൈഎം - എസ്എംവൈഎം | 711 |
| 27. | കരിസ്മാറ്റിക് മൂവ്മെന്റ് | 716 |
| 28. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 717 |
| 29. | വികസനവേദി | 718 |
| 30. | ലീഡർഷിപ്പ് ഡവലപിംഗ് സൊസൈറ്റി | 723 |
| 31. | യേശുനിധി | 724 |
| 32. | അജപാലനക്കുറിപ്പുകൾ | 725 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Puthiyedath Francis | September | 3 |
| Puhenpurackal Jacob | | 5 |
| Thoomullil Mathew | | 5 |
| Kozhuvanal Antony | | 8 |
| Malapravanal Thomas | | 8 |
| Kuttikatt George | | 13 |
| Pulimoottil Mathew (Jr) | | 14 |
| Mannancheril Joseph | | 17 |
| Parathottathil Sebastian | | 18 |
| Eyyalil Thomas | | 21 |
| Chirakandathil Jose | | 24 |
| Kalathil Joseph | | 26 |
| Karukamalil George | | 27 |
| Areethara Jacob | | 29 |

**Mar Remigiose Inchananiyil**


2nd Anniversary in Heaven
Mar Paul Chittilapilly
ജനനം : 07.02.1934 | മരണം : 06.09.2020

നിയുക്ത പിതാക്കന്മാർക്ക് താമരശ്ശേരി രൂപതയുടെ

പ്രാർത്ഥനാശംസകൾ!



**മാർ അലക്സ് താരാമംഗലം**

മാനന്തവാടി രൂപതയുടെ സഹായ മെത്രാൻ





**മാർ ജോസഫ് കൊല്ലംപറമ്പിൽ** **മാർ തോമസ് പാടിയത്ത്**

ഷംഷാബാദ് രൂപതയുടെ സഹായ മെത്രാന്മാർ

# അഭിനന്ദനങ്ങൾ.... ആശംസകൾ....



CFIC സന്യാസ സഭയുടെ സുപ്പീരിയർ ജനറലായി
തെരഞ്ഞെടുക്കപ്പെട്ട, താമരശ്ശേരി രൂപത, വേനപ്പാറ ഇടവകാംഗമായ
**വെരി. റവ. ഫാ. ബെന്നി മേക്കാട്ടിന്** താമരശ്ശേരി രൂപതയുടെ
പ്രാർത്ഥനാശംസകൾ!

# Feast Day Greetings

**September 18**

Rev. Fr. Kiliyanparambil Joseph

**September 21**

Rev. Fathers

Chembuthookil Mathew
Cheruvelil Mathew
Choorapoikayil Mathew
Kandassamkunnel Mathew
Kollamparambil Mathew
Koramkott Mathew
Kottackal Mathew
Kulathingal Mathew
Mangalamadathil Mathew
Mattakottil Mathew
Mavely Mathew
Mulangassery Mathew
Munjanatt Mathew
Nezhukumkattil Mathew
Nirappel Mathew
Onayathumkuzhy Mathew
Panachipuram Mathew
Panachickal Mathew
Peruvelil Mathew
Plathottathil Mathew
Pulimoottil Mathew (Sr)
Pulimoottil Mathew (Jr)
Pullolickal Mathew
Thadathil Mathew
Thakidiel Mathew
Thekkumcherikunnel Mathew
Thekkekaramattathil Mathew
Thittayil Mathew
Thoomullil Mathew

**September 27**

Rev. Fathers

Ezhanikatt Vincent
Kandathil Vincent
Karukamalil Vincent

**Mar Remigiose Inchananiyil**

# പ്രോഗ്രാം സെപ്റ്റംബർ 2022

| | | |
|---|---|---|
| 01 | വ്യാഴം | എട്ടുനോമ്പാരംഭം |
| 05 | തിങ്കൾ | വി. മദർ തെരേസ |
| | | ചരമദിനം : ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം (2007) |
| 06 | ചൊവ്വ | ചരമദിനം : അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി (2020) |
| 08 | വ്യാഴം | പരി. കന്യകമറിയത്തിന്റെ ജനനത്തിരുന്നാൾ |
| 13 | ചൊവ്വ | വി. ജോൺ ക്രിസോസ്റ്റം |
| 14 | ബുധൻ | വി. കുരിശിന്റെ പുകഴ്ച |
| 21 | ബുധൻ | വി. മത്തായി |
| 27 | ചൊവ്വ | വി. വിൻസെന്റ് ഡി പോൾ |
| 29 | വ്യാഴം | മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാർ |
| 30 | വെള്ളി | വി. ജെറോം |



*സർക്കുലർ 17/2022*


# മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 2-ാം ചരമവാർഷികം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് നമ്മിൽ നിന്ന് വേർപിരിഞ്ഞിട്ട് സെപ്റ്റംബർ 6-ാം തീയതി രണ്ടുവർഷം പൂർത്തി യാവുകയാണ്. 13 വർഷം നമ്മുടെ രൂപതയെ ത്യാഗോജ്വലമായി നയിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അഭിവന്ദ്യ പിതാവിനെ ഓർത്ത് നമുക്ക് ദൈവത്തിന് നന്ദി പറയുകയും ദൈവപിതാവിന്റെ കരുണയ്ക്ക് മുമ്പിൽ പിതാവിനെ സമർപ്പിക്കുകയും ചെയ്യാം. കോവി ഡിന്റെ പ്രത്യേക സാഹചര്യത്തിൽ കഴിഞ്ഞ വർഷം അഭിവന്ദ്യ പിതാവിനുവേണ്ടി നമുക്ക് ഒരുമിച്ചുകൂടി ബലിയർപ്പിക്കുവാനോ പ്രാർത്ഥിക്കുവാനോ സാധിച്ചില്ല. അതുകൊണ്ട് രണ്ടാം ചരമവാർഷിക ദിനമായ സെപ്റ്റംബർ 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ വി. കുർബാനയും ശ്രാദ്ധ ശുശ്രൂഷകളും ക്രമീകരിച്ചിട്ടുണ്ട്. രൂപതയിലെ മുഴുവൻ വൈദികരും സാധിക്കുന്ന എല്ലാവരും അന്നേ ദിവസം വി. കുർബാനയിലും തുടർ ന്നുള്ള പ്രാർത്ഥനാ ശുശ്രൂഷകളിലും പങ്കെടുക്കണമെന്ന് ഓർമ്മിപ്പി ക്കുന്നു. അതോടൊപ്പം ഇടവകയിൽ സേവനം ചെയ്യുന്ന സന്യാസ ഭവനങ്ങളിലെ സുപ്പീരിയർമാരെയും രണ്ടു കൈക്കാരന്മാരെയും അന്നേദിവസം പങ്കെടുപ്പിക്കേണ്ടതാണ്. മുൻകൂട്ടി ദൈവജനത്തെ അറി യിച്ച് 2022 സെപ്റ്റംബർ 6-ാം തീയതി അഭിവന്ദ്യ പിതാവിനു വേണ്ടി പള്ളിച്ചെലവിൽ വി. കുർബാനയും ഒപ്പീസും ചൊല്ലേണ്ടതുമാണ്.

അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ മങ്ങാത്ത ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ദൈവസന്നിധിയിൽ പിതാവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലറിലെ വിവരങ്ങൾ 2022 സെപ്റ്റംബർ 4-ാം തീയതി ഞായറാഴ്ച ദൈവജനത്തെ അറിയിക്കേണ്ടതാണ്.

# കേരള സഭാനവീകരണം 2022-2025 കെസിബിസി പുറപ്പെടുവിക്കുന്ന 3-ാമത് സർക്കുലർ

കേരളസഭാനവീകരണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ദൈവകൃപയാൽ സുഗമമായി മുന്നോട്ടുപോകുകയാണല്ലോ. കെ.സി.ബി.സി.യിലെ അഭിവന്ദ്യ പിതാക്കന്മാരും എല്ലാ വൈദികരും സന്ന്യസ്തരും അല്മായ വിശ്വാസിസമൂഹവും നവീകരണപ്രക്രിയയിൽ വിശ്വാസതീക്ഷ്ണതയോടും ആവേശ ത്തോടുംകൂടെ കൈകൾ കോർത്തു പ്രവർത്തിക്കുകയാണ്. സംസ്ഥാനതലത്തിൽ ആരംഭിച്ച നവീകരണത്തിന്റെ പ്രാരംഭ നടപടികൾ പ്രത്യേകം തിരഞ്ഞെടുത്തിട്ടുള്ള ടീമംഗങ്ങളുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടി രിക്കുന്നു.

ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും നമ്മൾ ആരംഭിച്ചിരിക്കുന്ന ഈ നവീകരണപ്രക്രിയ കൂടുതൽ സജീവവും ഫലപ്രദവുമാകാൻ ആത്മീയമായ ഒരു മുന്നേറ്റം നമുക്കാവശ്യമുണ്ട്. നവീകരിക്കപ്പെട്ട് ഒരു പുതിയ സൃഷ്ടിയായിത്തീരുക എന്നത് മനുഷ്യന്റെ പ്രയത്നം കൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമല്ല. ദൈവത്തിന്റെ കരുണയാണ് നമ്മെ നവീകരണത്തി ലേക്കു നയിക്കുന്നത്. നമ്മെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിനെ ശ്രവിച്ചുകൊണ്ടും പ്രാർത്ഥനയിലും അനുതാപത്തിലും ദൈവസന്നിധിയിൽ സമയം ചെലവഴിച്ചുകൊണ്ടും ദൈവത്തിന്റെ കാരുണ്യം നമ്മൾ യാചിക്കേണ്ടിയിരിക്കുന്നു.

അപ്പോസ്തല പ്രമുഖനായ വിശുദ്ധ പത്രോസ് ഓർമ്മിപ്പിക്കു ന്നതുപോലെ, ക്രിസ്തുവിലുള്ള നവജീവൻ പ്രാപിക്കുന്നതിന് എതിരായിട്ടുള്ളതെല്ലാം നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു (1 പത്രോ. 2:2). അനുതാപമെന്നാൽ ജീവിതത്തിന്റെ എല്ലാ മേഖല കളിലും ഉണ്ടാകുന്ന ഒരു മാറ്റമാണ്. ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനാകുന്ന അവസ്ഥ എന്നാണ് യേശു അതിനെ വിശേഷിപ്പിച്ചിട്ടുള്ളത് (മത്താ. 18:3). പ്രാർത്ഥനയിലൂടെയും അനുതാപത്തിലൂടെയും ഉറച്ച വിശ്വാസത്തിലൂടെയും മാത്രമേ നമുക്ക് ദൈവപിതാവിനോട് ചേർന്നു നില്ക്കാൻ കഴിയുകയുള്ളൂ. കേരളസഭാനവീകരണത്തിന്റെ പ്രാരംഭകാലത്തു തന്നെ തീവ്ര മായ ആത്മീയ ഒരുക്കത്തിനു സഹായകമാകുന്ന ചിലകാര്യങ്ങൾ നമുക്കു നിർവഹിക്കാൻ കഴിയും.

### നാല്പതുദിവസത്തെ പ്രാർത്ഥനാചരണവും പൂർണദണ്ഡ വിമോചനവും

സഭയെ നിരന്തരം നയിക്കുകയും നവീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് ക്രിസ്തുവിൽ നമ്മെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റുന്നു. ക്രിസ്തുവാണ് നവീകരണത്തിന്റെ ഉറവിടവും കേന്ദ്രവും. ക്രിസ്തുകേന്ദ്രീകൃതവും

സാഹോദര്യത്തിലും അനുരഞ്ജനത്തിലും അധിഷ്ഠിതവും പ്രേഷിതാഭി മുഖ്യവുമുള്ള ഒരു ജീവിതശൈലിയിലേക്കാണ് ഈ നവീകരണകാലം നമ്മെ ക്ഷണി ക്കുന്നത്. അതുകൊണ്ട് നവീകരണത്തിന്റെ ഈ പ്രാരംഭഘട്ടത്തിൽ നാല്പതുദിവസം നീണ്ടുനില്ക്കുന്ന പ്രാർത്ഥനാ-പരിത്യാഗ പ്രവർത്തനങ്ങൾ നമ്മൾ ആരംഭിക്കുന്നു. 2022 സെപ്തംബർ 9 മുതൽ ഒക്ടോബർ 18 വരെയുള്ള ദിവസങ്ങളിലായി കേരള കത്തോലിക്കാസഭയിലെ എല്ലാ ഇടവകകളും കുടുംബങ്ങളും വ്യക്തികളും പ്രാർത്ഥനയിലും പരിത്യാഗത്തിലും കഴിയണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഈ നാല്പതുദിവസങ്ങളിൽ ഒരു ദിവസം ഒരു രൂപതയ്ക്കു വേണ്ടി എന്നക്രമത്തിൽ പ്രത്യേകമാംവിധം നിശ്ചയിച്ചിട്ടുണ്ട്. ഓരോ രൂപതയും അവർക്ക് നിശ്ചയിക്കപ്പെട്ട പ്രസ്തുത ദിനത്തിൽ ആ രൂപതയിലെ എല്ലാ കുടുംബങ്ങളും ഇടവകകളും സ്ഥാപനങ്ങളും സ്വന്തം രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വേണ്ടത്ര ഭക്തിയോടും ഒരുക്കത്തോടും കൂടെ അന്നേ ദിവസം കുമ്പസാരം എന്ന കൂദാശ സ്വീകരിച്ചുകൊണ്ട് പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് തിരുസഭയുടെ പ്രത്യേക അധികാരത്തിൻ കീഴിൽ പൂർണദണ്ഡ വിമോചനം ലഭിക്കുന്നതാണെന്ന് സ്നേഹപൂർവം ഓർമ്മിപ്പി ക്കുന്നു. മാത്രമല്ല കേരളത്തിലെ മറ്റെല്ലാ രൂപതകളും അന്നേദിവസം അവർ അർപ്പിക്കുന്ന ദിവ്യബലിയിലും മറ്റു പ്രാർത്ഥനകളിലും നിശ്ചയിക്കപ്പെട്ട രൂപതയ്ക്കുവേണ്ടി പേരെടുത്തു പറഞ്ഞ് പ്രാർത്ഥി ക്കുന്നു. അപ്രകാരം ഒരു രൂപതയ്ക്കുവേണ്ടി മറ്റെല്ലാ രൂപതകളും പ്രാർത്ഥിക്കുന്ന അനുഭവം ക്രിസ്തുവിന്റെ ഏക ശരീരമായ സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും പ്രാർത്ഥനയുടെ ഈ ഐക്യത്തിൽ ഒന്നുചേരുന്ന നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവ് കോർത്തിണക്കി ആദിമസഭാ ചൈതന്യം നമ്മളിൽ ജ്വലിപ്പിക്കുകയും ചെയ്യും.

കേരളത്തിലെ 32 രൂപതകളെയും ഈ പ്രാർത്ഥനാദിനങ്ങളിൽ പ്രത്യേകം ഓർത്തു പ്രാർഥിച്ചതിനുശേഷമുള്ള 8 ദിനങ്ങളിൽ പ്രത്യേക പൊതുനിയോഗ ങ്ങൾക്കുവേണ്ടിയും നാം പ്രാർഥിക്കുന്നു. അനുബന്ധമായി ചേർത്തിട്ടുള്ള പട്ടി കയിൽ പൊതുനിയോഗങ്ങളും ഉൾപ്പെടുത്തിട്ടുണ്ട്.

### ഒക്ടോബർ മാസാചരണം

പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കത്തിനും ജപമാല ആചരണത്തിനുമായി പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒക്ടോബർ മാസാചരണത്തിലൂടെ പരിശുദ്ധ അമ്മയ്ക്ക് നമ്മുടെ കുടുംബങ്ങളെയും കേരള സഭ മുഴുവനെയും നമുക്ക് ഭരമേല്പിക്കാം. ഒക്ടോബർ മാസാചരണത്തിന്റെ ആവശ്യകതയും പ്രാധാന്യവും പഠിപ്പിച്ചുകൊണ്ട് 1891 സെപ്തംബർ 22ന് ലെയോ പതിമൂന്നാമൻ മാർപ്പാപ്പ 'ഒക്ത്തോബ്രി മെൻസേ' എന്ന പേരിൽ പുറപ്പെടുവിച്ച

ചാക്രികലേഖനത്തിൽ ഇങ്ങനെ പറയുന്നു: "പുത്രനിലൂടെയല്ലാതെ ഒരുവനും പിതാവിലേക്കു പോകുന്നില്ല. അതുപോലെ, ക്രിസ്തുവിലേക്ക് ഒരുവനും അവിടുത്തെ അമ്മയിലൂടെയല്ലാതെ പോകുന്നില്ല" (n.4). പീഡിതരെയും തകർന്നവരെയും ദൈവ കാരുണ്യത്തിലുള്ള പ്രത്യാശയിലേക്ക് പിടിച്ചുയർത്താൻ വേണ്ടത്ര കാരുണ്യമുള്ള അമ്മയും മദ്ധ്യസ്ഥ യുമാണ് പരിശുദ്ധമറിയം. ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവായ മറിയത്തിനു മുൻപിൽ ക്രൈസ്തവലോകം നിരന്തരം പ്രാർത്ഥനകൾ ചൊരിയണമെന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (LG 69).

2022 ഒക്ടോബർ ഒന്നാം തിയതി മുതൽ 31-ാം തിയതി വരെ കേരള കത്തോലിക്കാ സഭാംഗങ്ങൾ മുഴുവൻ ഏകഹൃദയത്തോടും തീവ്രമായ ഭക്തിയോടുംകൂടെ ജപമാല പ്രാർത്ഥനചൊല്ലി പ്രാർത്ഥിക്കുന്നു. അപ്രകാരം ഈ ജപമാല പ്രാർത്ഥനയിലൂടെ സന്തോഷത്തിന്റെയും സന്താപത്തിന്റെയും മഹത്വത്തിന്റെയും ദൈവിക വെളിപാടുകളുടെയും മഹാരഹസ്യങ്ങളിൽ യേശുവി നോടുചേർന്നു പങ്കുവഹിച്ച പരിശുദ്ധ മറിയത്തോടൊപ്പം നമ്മളും ധ്യാനപൂർവ്വം പങ്കു ചേരുന്നു.

## വിമലഹൃദയ പ്രതിഷ്ഠ

2022 ഒക്ടോബർ 31-ാം തിയതി തിങ്കളാഴ്ച ജപമാല യജ്ഞത്തിന്റെ സമാപന ദിനത്തിൽ ഓരോ രൂപതയെയും അതത് രൂപതകളുടെ അദ്ധ്യക്ഷന്മാർ പരിശുദ്ധ ദൈവമാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കുന്നു. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അർപ്പിക്കുന്ന ദിവ്യബലി മദ്ധ്യേ യാണ് ഈ പ്രതിഷ്ഠ നടത്തേണ്ടത്. പാലാരിവട്ടം പി.ഒ.സി. ചാപ്പ ലിൽ അന്നേദിനം വൈകുന്നേരം 5 മണിക്ക് അർപ്പിക്കുന്ന ദിവ്യ ബലിമധ്യേ കേരള കത്തോലിക്കാസഭയെ മുഴുവനായും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കും. കേരള സഭാനവീകരണ യജ്ഞത്തിൽ പരിശുദ്ധ മറിയം നമ്മോ ടൊത്തു യാത്ര ചെയ്യുകയും നമുക്കുവേണ്ടി നിരന്തരം തന്റെ പുത്രന്റെ സന്നിധിയിൽ മദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യട്ടെ. സഭയെയും സമൂഹത്തെയും നമ്മുടെ കുടുംബങ്ങളെയും നമ്മെ ഓരോരുത്തരെയും പരിശുദ്ധ അമ്മയ്ക്ക് ഭരമേല്പിച്ചു പ്രാർത്ഥി ക്കാം.

## യൗസേപ്പിതാവിന്റെ മാതൃക

ഈശോയുടെ വളർത്തുപിതാവും തിരുസഭയുടെ സംരക്ഷകനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണത്തിനും മധ്യസ്ഥത്തിനുമായി കേരളസഭയെ മുഴു വനായും നമ്മെ ഓരോരുത്തരെ വ്യക്തിപരമായും സമർപ്പിക്കാം. ദൈവവചന ത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും ദൈവികനിയമങ്ങളോട് കണി

ശതയോടെ വിശ്വസ്തത പുലർത്തുകയും ചെയ്ത വിശുദ്ധ യൗസേപ്പിതാവിന്റെ നീതിബോധം നമ്മുടെ വിശ്വാസജീവിതത്തിന് മാതൃകയും പ്രചോദനവുമായി ഭവിക്കട്ടെ. ദൈവം തന്നെ ഭരമേല്പിച്ച മറിയത്തെ അപമാനിതയാകാൻ വിട്ടുകൊടുക്കാതെ അവളുടെ സ്ത്രീത്വത്തെ ആദരിച്ച യൗസപ്പിതാവ് സഭയുടെയും നമ്മുടെ കുടുംബങ്ങളുടെയും സംരക്ഷകനാണ്. വിശുദ്ധ യൗസേപ്പിതാവിന്റെ വിശ്വസ്തതയുടെയും നീതിബോധത്തിന്റെയും മാതൃക ഈ നവീകരണ കാലത്ത് നമ്മുക്ക് സഹായകമാകട്ടെ.

## വൈദികർക്കും സന്ന്യസ്തർക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനം

കേരളസഭയിലെ മുഴുവൻ വൈദികരെയും സന്ന്യസ്തരെയും ദൈവതിരുമുൻപിൽ സമർപ്പിച്ചു പ്രാർത്ഥിക്കാൻ ഈ നവീകരണ കാലത്ത് നമ്മൾ പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നാല്പതുദിവസത്തെ പ്രത്യേക പ്രാർത്ഥനാചരണ ദിവസങ്ങളിൽ ഒരു ദിവസം വൈദികർക്കും സന്ന്യസ്തർക്കുമായി സമർപ്പിക്കാം. ഓരോ രൂപതയുടെയും അധ്യക്ഷന്മാർ അതിനായി ഒരു പ്രത്യേക ദിനം കണ്ടെത്തി രൂപതാംഗങ്ങളെ അറിയിക്കുന്നതാണ്.

## ഉപസംഹാരം

ആത്മീയമായ ഒരുക്കത്തോടെ പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപിതാവിനോടും ചേർന്ന് കേരളസഭാ നവീകരണ യജ്ഞത്തിൽ നമുക്ക് മുന്നേറാം. ഇവരുടെ മാതൃകയും മദ്ധ്യസ്ഥ തയും നമുക്ക് തുണയായിരിക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി** - കെസിബിസി പ്രസിഡന്റ്
**ബിഷപ്പ് വർഗീസ് ചക്കാലക്കൽ** - കെസിബിസി വൈസ് പ്രസിഡന്റ്
**ബിഷപ്പ് ജോസഫ് മാർ തോമസ്** - കെസിബിസി സെക്രട്ടറി ജനറൽ

NB: ഈ സർക്കുലർ 2022 സെപ്തംബർ 4 ഞായറാഴ്ച കേരള ത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭക ളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സഭാനവീകരണം 2022–2025
## നാല്പതുദിന പ്രാർഥനായജ്ഞം

| തിയതി | | രൂപത | തിയതി | | രൂപത |
|---|---|---|---|---|---|
| September | 09 | Alleppey | October | 01 | Quilon |
| September | 10 | Bathery | October | 02 | Sultanpet |
| September | 11 | Calicut | October | 03 | Thalassery |
| September | 12 | Changanassery | October | 04 | Thamarassery |
| September | 13 | Cochin | October | 05 | Pathanamthitta |
| September | 14 | Ernakulam | October | 06 | Trichur |
| September | 15 | Idukki | October | 07 | Trivandrum (M) |
| September | 16 | Irinjalakuda | October | 08 | Trivandrum (L) |
| September | 17 | Kanjirapally | October | 09 | Vijayapuram |
| September | 18 | Kannur | October | 10 | Verapoly |
| September | 19 | Kothamangalam | October | 11 | Holy Father - Pope Francis |
| September | 20 | Kottapuram | October | 12 | Indian Church |
| September | 21 | Kottayam | October | 13 | Asian Church |
| September | 22 | Mananthavady | October | 14 | European Church |
| September | 23 | Mavelikkara | October | 15 | African Church |
| September | 24 | Muvattupuzha | October | 16 | American Church |
| September | 25 | Neyyattinkara | October | 17 | Australian Church |
| September | 26 | Pala | October | 18 | Departed souls |
| September | 27 | Palakkad | | | |
| September | 28 | Thiruvalla | | | |
| September | 29 | Parassala | | | |
| September | 30 | Punalur | | | |

### നിയോഗം

- രൂപതക്കു മുഴുവനും വേണ്ടി
- ഇടവകകൾക്കുവേണ്ടി
- സ്ഥാപനങ്ങൾക്കുവേണ്ടി
- സന്ന്യാസിനീ, സന്ന്യാസികൾക്കുവേണ്ടി
- രൂപതാധ്യക്ഷന്മാർ, വൈദികർ എന്നിവർക്കുവേണ്ടി
- സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയ്ക്കുവേണ്ടി
- രാജ്യത്തിനും ഭരണകർത്താക്കൾക്കും വേണ്ടി

*Prot. No. 0828/2022*

# സിനഡാനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനം ആഗസ്റ്റ് 16 മുതൽ 25 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണ് സിനഡ് പിതാക്കന്മാർ ശ്രമിച്ചത്.

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സമുചിതമായ രീതിയിൽ വിവിധ രൂപതകളിൽ ആചരിക്കുന്നതിൽ സിനഡ് സംതൃപ്തി രഖപ്പെടുത്തി. ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നത് രക്തസാക്ഷിത്വത്തിനു കാരണമാണെന്ന് മാർതോമാശ്ലീഹായുടെ ജീവിതമാതൃക നമ്മെ പഠിപ്പിക്കുന്നുണ്ട്. വിശ്വാസത്തിന്റെ പേരിൽ ഭാരതത്തിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളെയും വിവേചനങ്ങളെയും ഈ രക്തസാക്ഷിത്വത്തിന്റെ പശ്ചാത്തലത്തിലാണു നാം മനസ്സിലാക്കേണ്ടത്. വിശ്വാസവഴികളിലെ പ്രതിസന്ധികളിൽ നഷ്ടധൈര്യരാകാതിരിക്കാനും പ്രേഷിതപ്രവർത്തനങ്ങൾക്കായി പുനരർപ്പണം ചെയ്യാനും മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസ്മരണ നമ്മെ ശക്തിപ്പെടുത്തും.

### കർഷകരും തീരദേശവാസികളും

കുടിയേറ്റ കർഷകരും തീരദേശവാസികളും സമാനതകളില്ലാത്ത സങ്കടങ്ങളിലൂടെയും ആശങ്കകളിലൂടെയുമാണു കടന്നുപോകുന്നത് എന്ന് സിനഡ് വിലയിരുത്തി. ബഫർസോൺ സംബന്ധിച്ച സുപ്രീം കോടതിയുടെ വിധിയിൽ കർഷകരുടെ ഗുരുതരമായ ആശങ്കകൾ പരിഹരിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചകൾ ദുഃഖകരമാണ്. 1977-ന് മുൻപു പട്ടയം ലഭിച്ച കുടിയേറ്റ കർഷകരെ വനം കയ്യേറിയവരായി ചിത്രീകരിച്ചു പരമോന്നത നീതിപീഠത്തിനുമുന്നിൽ കേരളസർക്കാർ നൽകിയ സത്യവാങ്മൂലം കുടിയേറ്റ കർഷകരോടുള്ള വെല്ലുവിളിയായിട്ടാണ് അവർ മനസ്സിലാക്കുന്നത്. കർഷകരുടെ ആവശ്യങ്ങളോട് എന്നും വൈമുഖ്യം പുലർത്തിയിട്ടുള്ള വനംവകുപ്പിനെമാത്രം

ഈ കേസിന്റെ നടത്തിപ്പിനായി നിയോഗിച്ചതുതന്നെ അടിസ്ഥാനപരമായ വീഴ്ചയാണ്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൃഷി, റവന്യൂ വകുപ്പുകൾക്കൂടി ഉൾപ്പെടുന്ന സമിതിയെ കേസിന്റെ നടത്തിപ്പിനായി നിയോഗിക്കണമെന്നു സീറോമലബാർ സഭാസിനഡ് കേരളസർക്കാറിനോട് അഭ്യർത്ഥിക്കുന്നു. നിഷ്പക്ഷമായി നീതി നടപ്പിലാക്കാൻ നിർദിഷ്ട ബഫർസോൺ പ്രദേശങ്ങളിലെ ജനപ്രതിനിധികളെക്കൂടി സമിതിയിൽ ഉൾപ്പെടുത്തണം. കർഷകരുടെ കൃഷിയിടങ്ങളൊന്നും ബഫർസോൺ ആയി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ സർക്കാരിനു കഴിയണം.

വൻകിട കമ്പനികൾക്കുവേണ്ടി കുടിയിറക്കപ്പെടുന്ന വിഴിഞ്ഞത്തെ തീരദേശവാസികളുടെ സമരത്തിനു സീറോമലബാർസഭ പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വികസനത്തിന്റെ പേരിൽ തീരദേശവാസികളുടെ വാസസ്ഥലവും ഉപജീവനമാർഗവും നഷ്ടമായിട്ടു വർഷങ്ങളായി. വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനും മത്സ്യബന്ധനമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനും സർക്കാർ ആത്മാർത്ഥതയോടെ ഇടപെടണം. അതിജീവനത്തിനായി പൊരുതുന്ന തീരദേശവാസികളുടെ സമരത്തിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള പ്രസ്താവനകൾ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് അപലപനീയമാണ്.

പ്രളയക്കെടുതിയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകരുടെയും പ്രകൃതിക്ഷോഭങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ നേരിട്ട മലയോര കർഷകരുടെയും ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിലെ മനുഷ്യരുടെയും സങ്കടങ്ങൾക്കു പരിഹാരം ആവശ്യമാണ്.

### ഞായറാഴ്ചകൾ പ്രവൃത്തിദിനങ്ങളാക്കുന്നതിൽ പ്രതിഷേധം

ഫയലുകൾ തീർപ്പാക്കുന്നതിന്റെ മറവിൽ ഞായറാഴ്ചകളെ പ്രവൃത്തിദിവസങ്ങളാക്കുന്ന ഉത്തരവുകൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് ആവർത്തിച്ചുണ്ടാകുന്നത് പുനഃപരിശോധിക്കണമെന്നു സർക്കാരിനോട് ആവശ്യപ്പെടുന്നു. ക്രൈസ്തവരുടെ ഞായറാഴ്ച ആചരണത്തെ പരിഗണിച്ചുകൊണ്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നു പ്രത്യാശിക്കുന്നു. വിവിധ മത്സര, പ്രവേശന പരീക്ഷകൾ ഞായറാഴ്ചകളിൽ ക്രമീകരിക്കുന്നത് ക്രൈസ്തവരായ അപേക്ഷകർക്ക് അവസരം നിഷേധിക്കുന്നതിനു സമാനമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പതിവുകളെ മതേതരത്വത്തിന് വിരുദ്ധമായ ചിന്തകളോടെ മാറ്റിമറിക്കാനുള്ള ചില നിക്ഷിപ്ത താത്പര്യക്കാരുടെ നീക്കങ്ങളെ തിരിച്ചറിയാനും തിരുത്താനുമുള്ള ആർജ്ജവത്വം സർക്കാർ പ്രകടമാക്കണം.

## യാമപ്രാർത്ഥനകളുടെ നവീകരണം

നമ്മുടെ കർത്താവിന്റെ രക്ഷാകരസംഭവങ്ങളിൽ തിരുസഭയോടൊത്ത് ഓരോ യാമത്തിലും പങ്കുചേർന്നു പ്രാർത്ഥിക്കാനുള്ള അവസരമാണ് യാമപ്രാർത്ഥനകൾ പ്രദാനം ചെയ്യുന്നത്. സീറോമലബാർസഭയുടെ യാമപ്രാർത്ഥനകൾ മൂലരൂപത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു നവീകരിക്കാനുള്ള പരിശ്രമങ്ങൾ ഒരു വ്യാഴവട്ടക്കാലമായി തുടരുകയായിരുന്നു. ശ്രമകരമായ ഈ ദൗത്യം പൂർത്തിയാക്കി നവീകരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന് സിനഡ് അംഗീകാരം നൽകി. യാത്രകളിലും മറ്റ് അവശ്യസന്ദർഭങ്ങളിലും ഉപയോഗിക്കാനുതകുന്ന ഹ്രസ്വരൂപത്തിലുള്ള യാമപ്രാർത്ഥനാഗ്രന്ഥവും ലഭ്യമാകും. സഭയോടു ചേർന്നു പ്രാർത്ഥിക്കാനും രക്ഷാകരഫലങ്ങൾ അനുദിനം അനുഭവിക്കാനും സഹായകമായ യാമപ്രാർത്ഥനകൾ വൈദികർക്കും സന്യസ്തർക്കും മാത്രമല്ല എല്ലാ വിശ്വാസികൾക്കും ആത്മീയവളർച്ചക്കു സഹായകമാണ്. യാമപ്രാർത്ഥനകൾ ദൈവജനത്തെ പരിശീലിപ്പിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## എറണാകുളം-അങ്കമാലി അതിരൂപത

എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതലയുള്ള അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ (sede plena) ആയി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിച്ചിരിക്കുകയാണല്ലോ. തന്റെ നിയമനപത്രത്തിൽ വ്യക്തമാക്കിയ നിർദ്ദേശങ്ങൾക്കനുസൃതമായി അതിരൂപതയുടെ ഭരണം നിർവ്വഹിക്കാൻ താൻ കടപ്പെട്ടവനാണെന്ന് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സിനഡിനെ അറിയിച്ചു. അതിരൂപതയുടെ കൂട്ടായ്മയും നന്മയും ലക്ഷ്യമാക്കി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എടുക്കുന്ന എല്ലാ നിലപാടുകൾക്കും സിനഡ് പൂർണ്ണ പിന്തുണ അറിയിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി എടുത്ത ഈ തീരുമാനങ്ങളോട് അഭിപ്രായാന്തരങ്ങൾ മറന്ന് ഒരുമനസ്സോടെ സഹകരിക്കണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ വൈദികരോടും സന്യസ്തരോടും അല്മായസഹോദരങ്ങളോടും സിനഡ് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പൈതൃക സ്നേഹത്തോടെയുള്ള മാർപാപ്പയുടെ തീരുമാനത്തിനു മുമ്പിൽ വിയോജിപ്പിന്റെയും എതിർപ്പിന്റെയും ശബ്ദങ്ങൾ അവസാനിപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

## ആദരങ്ങളും ബഹുമതികളും

സീറോമലബാർസഭയുടെ ആരാധനാക്രമരംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകുന്നവരെ ആദരിക്കാനായി 'പൗരസ്ത്യരത്നം' അവാർഡ് ഏർപ്പെടുത്താൻ സിനഡ് തീരുമാനിച്ചു. നമ്മുടെ സഭയുടെ ആരാധനാക്രമപൈതൃകങ്ങളെ

സംരക്ഷിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവാണ് പൗരസ്ത്യരത്നം അവാർഡിന് ആദ്യമായി അർഹനായിരിക്കുന്നത്. നവതിയുടെ നിറവിലായിരിക്കുന്ന അവാർഡുജേതാവിനു സഭയുടെ മുഴുവൻ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു!

സാമൂഹികസേവനരംഗത്തെ നിസ്വാർത്ഥസേവനങ്ങളെ ആദരിക്കാനായി ഏർപ്പെടുത്തിയ അവാർഡിന് ഈ വർഷം അർഹരായിരിക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാംഗമായ നവജീവൻ ട്രസ്റ്റിലെ ശ്രീ. പി.യു. തോമസും മാനന്തവാടി രൂപതയിലെ ഫാ. ജോസഫ് ചിറ്റൂരും ജഗ്ദൽപൂർ രൂപതയിലെ ദീൻബന്ധു സമാജ് സന്യാസസമൂഹാംഗമായ സിസ്റ്റർ ലിസ്സെറ്റുമാണ്. അവാർഡ് ജേതാക്കളുടെ സമാനതകളില്ലാത്ത സാമൂഹിക പ്രതിബദ്ധതയെ സിനഡ് ആദരപൂർവ്വം അനുസ്മരിക്കുന്നു.

### പുതിയ ഇടയന്മാർ

ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഷംഷാബാദ് രൂപതയുടെ അതിർത്തികൾ ഇതര സീറോമലബാർ രൂപതകളുടെ അതിർത്തികളുമായി പുനഃക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് സിനഡ് വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെ അനുമതിയോടെ ഇക്കാര്യം നടപ്പിൽ വരുത്തുന്നതാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള കർമപദ്ധതികൾ സിനഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിവിശാലമായ ഷംഷാബാദ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങളും പ്രവാസികളുടെ അജപാലനവും സുഗമമാക്കുന്നതിനായി പ്രസ്തുത രൂപതയ്ക്കായി രണ്ട് സഹായമെത്രാന്മാരെ സിനഡ് തെരഞ്ഞെടുത്തു. പാലാ രൂപതയിലെ വൈദികനായ ഫാ. ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികനായ ഫാ. തോമസ് പാടിയത്ത് എന്നിവരാണ് ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായി നിയമിതരായി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനും പുതിയ സഹായമെത്രാന്മാർക്കും ഷംഷാബാദ് രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ ആശംസിക്കുന്നു. ഷംഷാബാദ് രൂപതയുടെ സ്ഥാപനത്തിലൂടെ ഭാരതം മുഴുവനിലും പ്രവർത്തനം വ്യാപിപ്പിക്കാൻ പുതിയ ക്രമീകരണങ്ങളിലൂടെ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

1973-ൽ ആരംഭിച്ച മാനന്തവാടി രൂപത കേരളത്തിലെ മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും വ്യാപിച്ചതാണ്. വിശാലമായ ഈ രൂപതയുടെ അജപാലന നിർവഹണത്തിന് ഒരു സഹായമെത്രാനെ ആവശ്യമാണെന്ന രൂപതാദ്ധ്യക്ഷന്റെ അഭ്യർത്ഥന അംഗീകരിച്ച സിനഡ് തലശ്ശേരി അതിരൂപതാംഗമായ ഫാ. അലക്സ് താരാമംഗലത്തിനെ മാനന്തവാടി രൂപതയുടെ സഹായമെത്രാനായി തെരഞ്ഞെടുത്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ

ജോസ് പൊരുന്നേടം പിതാവിനും പുതിയ സഹായമെത്രാനും മാനന്തവാടി രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ നേരുന്നു. ചിക്കാഗോ രൂപതയുടെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിനെ പ്രസ്തുത രൂപതയുടെ മെത്രാനായി ഫ്രാൻസീസ് മാർപ്പാപ്പ നിയോഗിച്ചു. പുതിയ ഇടയനും ചിക്കാഗോ രൂപതയ്ക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. തന്റെ സഭയിലെ ശുശ്രൂഷയ്ക്കായി അനുയോജ്യരായ ഇടയന്മാരെ നൽകുന്ന നല്ല ദൈവത്തിനു നമുക്ക് നന്ദി പറയാം.

### വിരമിക്കൽ

ചിക്കാഗോ രൂപതയുടെ മെത്രാനായി രണ്ടുപതിറ്റാണ്ടിലേറെ ശുശ്രൂഷചെയ്ത അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ് 75 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് സഭാനിയമപ്രകാരം നൽകിയ രാജി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ സ്വീകരിച്ചു. ഇല്ലായ്മകളുടെ നടുവിൽനിന്നു ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയെ വളർത്തിയെടുത്തത് അഭിവന്ദ്യ പിതാവിന്റെ ക്രാന്തദർശനവും ദൈവാശ്രയ ബോധത്തിലൂന്നിയുള്ള കഠിനാദ്ധ്വാനവുമാണ്. അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ നിസ്തുലമായ സേവനത്തെ സിനഡ് ആദരപൂർവ്വം ഓർമിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി സ്ഥാനത്തുനിന്നു വിരമിച്ച അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്റെ സേവനങ്ങളെയും സിനഡ് കൃതജ്ഞതയോടെ സ്മരിക്കുന്നു. സീറോമലബാർ സഭയുടെ മെത്രാൻ സിനഡിന്റെ സെക്രട്ടറി എന്ന നിലയിൽ അഭിവന്ദ്യ പിതാവു കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചെയ്ത സേവനം ശ്ലാഘനീയമാണ്.

പാലാ രൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തിരുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സന്യാസജീവിതത്തോടുള്ള താത്പര്യത്താൽ ശുശ്രൂഷയിൽനിന്നു വിരമിക്കാ നുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് രാജി സമർപ്പിച്ചു. വിശദമായ ചർച്ചകൾക്കും പ്രാർത്ഥനകൾക്കുംശേഷം അഭിവന്ദ്യ മാർ മുരിക്കൻ പിതാവിന്റെ രാജി പെർമനന്റ് സിനഡിന്റെ അനുവാദ ത്തോടെ മേജർ ആർച്ചുബിഷപ്പു സ്വീകരിച്ചു. കഴിഞ്ഞ പത്തുവർഷങ്ങളായി പാലാ രൂപതയുടെ സഹായമെത്രാനെന്നനിലയിലും സിനഡിന്റെ വിവിധ കമ്മീഷനുകളിലെ അംഗമെന്നനിലയിലും അഭിവന്ദ്യപിതാവു നൽകിയ നിസ്തുലങ്ങളായ സേവനങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നുള്ള താപസ ജീവിത വഴികളിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു!

### യുവജനപ്രേഷിതത്വം

സഭയുടെ ശക്തിയായ യുവജനങ്ങളുടെ അജപാലനം ഈ സിനഡിന്റെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായിരുന്നു. യുവജന ങ്ങളോടൊത്തു

സഞ്ചരിക്കുന്ന സഭയായി നാം മാറേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഇന്ത്യയ്ക്കു പുറത്തുള്ള നാലു സീറോ മലബാർ രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസി റ്റേഷനിലേയും യുവജനങ്ങൾ സംയുക്തമായി റോമിൽ നടത്തിയ സമ്മേളനം (Arise 2022) ഏറെ പ്രതീക്ഷ പകരുന്നതാണ്.

പ്രതിസന്ധികൾക്കുനടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയി ക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്ക് നന്ദി പറയാം . ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യ കാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹ വും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാ ത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മോടുകൂടെ എന്നുമുണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയ ത്തിൽ നിന്നു 2022-ാം ആണ്ട് ആഗസ്റ്റ് മാസം 25-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

ഈ സർക്കുലർ 2022 സെപ്റ്റംബർ 11-ാം തീയതി ഞായറാഴ്ച സീറോമലബാ ർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശു ദ്ധ കുർബാന മധ്യേവായിക്കേണ്ടതാണ്.



*സർക്കുലർ 16/2022*

# ബഫർസോൺ ആശങ്കകൾ

മിശിഹായിൽ സ്നേഹമുള്ളവരേ,

'ബഫർസോൺ' എന്ന വാക്ക് ഇന്ന് ചിരപരിചിതമായി കഴിഞ്ഞിരിക്കുന്നു. ഗ്രീക്ക് കൊട്ടാരസദസ്സിൽ നേർത്ത ഒരു മുടിയിൽ തൂക്കിയിട്ട വാളിന്റെ ചുവട്ടിലിരുന്ന ഡെമോക്ലീസിന്റെ അവസ്ഥയാണ് ഇന്ന് ബഫർസോണിലൂടെ മലയോര കർഷക ജനത അനുഭവിക്കുന്നത്. പരിസ്ഥിതി സംവേദക മേഖല അല്ലെങ്കിൽ സംരക്ഷണ കവചമെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ബഫർസോണിനെക്കുറിച്ച് കേൾക്കുമ്പോൾ ഇവിടെയുള്ള ജനസമൂഹത്തിന്റെ സംരക്ഷണമാണ് ബന്ധപ്പെട്ടവർ ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും വനത്തിനും, വന്യമൃഗങ്ങൾക്കും സർക്കാർ വക ഉദ്യാനങ്ങൾക്കും സംരക്ഷണം നല്കി, അനേകം ദശകങ്ങൾക്കു മുമ്പ് തന്നെ സ്വന്തമായി ഉണ്ടായിരുന്ന കിടപ്പാടം വിറ്റ്, മതിയായ രേഖകളോടെ നമ്മുടെ പിതാമഹന്മാർ വിലകൊടുത്ത് സമ്പാദിച്ച മണ്ണിൽ നിന്നും നമ്മെ കുടിയിറക്കുവാനുള്ള കുടിലബുദ്ധിയാണ് അതിന്റെ പിന്നിലെന്ന് സാമാന്യ ബോധമുള്ള എല്ലാവർക്കും മനസ്സിലാവും.

ജനത്തിന്റെ ജീവനും സ്വത്തിനും സംരക്ഷണം നല്കേണ്ട സർക്കാരും, സർക്കാർ സംവിധാനങ്ങളും നല്ലൊരു ശതമാനം ജനപ്രതിനിധികളും മലയോര കർഷകരുടെ രക്ഷയ്ക്ക് എത്തുന്നില്ലായെന്നത് ഖേദകരമാണ്. പ്രകൃതിദുരന്തങ്ങളും, വന്യമൃഗ ശല്യങ്ങളും പരിസ്ഥിതിയുടെ പേരിലുള്ള കരിനിയമങ്ങളുംകൊണ്ട് ജീവിതം ദുസ്സഹമായിത്തീർന്നിരിക്കുന്ന മലയോര ജനതയുടെ വേദന ഇന്നാട്ടിലെ മനുഷ്യസ്നേഹികളുടെ വേദനയാണ് എന്ന് തിരിച്ചറി യേണ്ടിയിരിക്കുന്നു.

ബഫർസോൺ സംബന്ധിച്ച 2022 ജൂൺ 3-ലെ സുപ്രീം കോടതി വിധി, സംസ്ഥാന സർക്കാരിനോട് ബഫർസോൺ മേഖലയിലെ ഉപജീവന നിർമ്മിതികൾ അടക്കമുള്ള എല്ലാ സ്ഥിതി വിവരക്കണക്കുകളുടെയും വിശദാംശങ്ങൾ ആവശ്യമായ സർക്കാർ ഏജൻസികളുടെ സഹായത്തോടെ തയ്യാറാക്കി ലിസ്റ്റ് ചെയ്ത് മൂന്നു മാസത്തിനുള്ളിൽ സുപ്രീം കോടതിക്കു മുമ്പാകെ സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അതോടൊപ്പം ബഫർസോണിന്റെ ദൂരപരിധി കുറയ്ക്കാൻ മതിയായ പൊതുജനതാത്പര്യം മുൻനിർത്തി രേഖകൾ സഹിതം സെൻട്രൽ എംപവേർഡ് കമ്മറ്റിയെയും കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തേയും സമീപിച്ച് അവരുടെ ശുപാർശകളോടെ സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാർ ഹർജി നൽകിയാൽ കോടതി അത് പരിഗണിക്കു ന്നതാണെന്നും വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ നാം ഒരുമിച്ചു നടത്തിയ സമരപരമ്പരകളുടെ ഫലമായി സർക്കാർ കേവലം ഒരു റിവ്യൂഹർജി നല്കുവാൻ തയ്യാറായി എങ്കിലും, എന്നും കർഷകരെ ശത്രു പക്ഷത്ത് നിർത്തുന്ന വനം വകുപ്പിനെ മാത്രമാണ് ആ ദൗത്യം ഏല്പിച്ചത്. സർക്കാരിനുവേണ്ടി വനംവകുപ്പ് തയ്യാറാക്കിയ റിവ്യൂഹർജി വായിക്കുമ്പോഴാണ് സുപ്രീം

കോടതിയുടെ നിർദ്ദേശങ്ങൾ തമസ്കരിക്ക പ്പെട്ടതായി മനസ്സിലാകുന്നത്. അതായത്, സ്ഥിതിവിവര കണക്കുകൾ ഇല്ലെന്നു മാത്രമല്ല, കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ വായു ദൂരം വരെ ബഫർസോൺ പ്രഖ്യാപിച്ചതിൽപ്പെട്ടിരിക്കുന്നത്, 1977 ന് മുമ്പ് വനം കയ്യേറിയവരുടെയും 2006-ലെ ആദിവാസികൾക്കു വേണ്ടിയുള്ള നിയമപ്രകാരം (Scheduled Tribes and other Traditional Forest Dwellers Act 2006) ഭൂമി പതിച്ചു കിട്ടിയവരുടെയും ഭൂമി ആണെന്നാണ്. (It is respectably submitted that a landmark legislation viz. Scheduled Tribes and other Traditional Forest Dwellers Act 2006, has been enacted by the Central Goverment to recoganize and vest the forest rights and occupation of forest land in forest dwelling Scheduled Tribes and other traditional forest dwellers who have been residing in such forests for genarations, but whose rights could not be recorded - *Paragraph 10*). (The Goverment of Kerala had taken a policy decision to regularise the illegal/unauthorised occupation and encroachments of forest land made prior to 01.01.1977 and also to remove all unauthorised occupation/encroachments made on and after 01.01.1977 - *Paragraph 15)* പുനഃപരിശോധനാ ഹർജിയിലെ 10-ാമത്തെയും 15-ാമത്തെയും ഖണ്ഡികയിലാണ് ഇപ്രകാരമുള്ള ഭൂമിയാണ് ബഫർസോണിൽപ്പെട്ടി രിക്കുന്നത് എന്ന് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വന്യജീവി സങ്കേത ങ്ങൾക്കു ചുറ്റുമുള്ള ഒരു കിലോമീറ്റർ വായൂദൂരത്തുള്ള ബഫർ സോൺ പ്രദേശത്ത് കയ്യേറ്റക്കാരും, ആദിവാസികളും, വനഭൂമി കയ്യേറി സ്വന്തമാക്കിയെന്ന മട്ടിൽ പുനഃപരിശോധനാ ഹർജി സംസ്ഥാന സർക്കാർ നല്കിയത് വലിയ അപകടം ക്ഷണിച്ചു വരുത്തുന്നതാണ്. സാധാരണക്കാരുടെ കൃഷിഭൂമിയെപ്പറ്റിയും ഉപജീവന മാർഗ്ഗത്തെ പ്പറ്റിയും റിവ്യൂ പെറ്റീഷൻ മൗനം അവലംബിക്കുന്നുവെന്നു മാത്രമല്ല, ഈ പ്രദേശത്തുള്ള യാതൊരുവിധ സ്ഥിതിവിവരക്കണക്കുകളും റിവ്യൂപെറ്റീഷനിൽ കാണുന്നില്ലായെന്നുള്ളത് ആശങ്ക ജനിപ്പിക്കുന്നതാണ്.

ഇപ്രകാരം ബഫർസോണുകളിൽ വരുന്ന ഭൂമി, കയ്യേറ്റക്കാരുടെയും ആദിവാസികളുടെയും മാത്രമാണ് എന്ന് സുപ്രീം കോടതി ജഡ്ജിമാരുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നവർ ജനങ്ങളുടെ പക്ഷത്തുനിന്നല്ല, മറിച്ച് കപട പരിസ്ഥിതി വാദികളുടെ ഭാഗത്തുനിന്നാണ് ചിന്തിക്കുന്നത് എന്ന് സംശയിച്ചാൽ കുറ്റപ്പെടുത്താ നാവില്ല.

കേരളത്തിലെ വനംവകുപ്പിന്റെ കർഷക വിരുദ്ധ നിലപാടുക ളുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്. സുപ്രീം കോടതി അവശ്യപ്പെട്ടിരിക്കുന്ന വിശദമായ റിപ്പോർട്ട് സർക്കാർ സമർപ്പിച്ചേ മതിയാകൂ. അതില്ലാത്ത ഒരു റിവ്യൂഹർജിയും പരമോന്നത കോടതി യിൽ നിലനില്ക്കുകയില്ല എന്ന വസ്തുത ഇവിടുത്തെ കർഷക ജനത മനസ്സിലാക്കിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി, കട്ടിപ്പാറ, കൂരാച്ചുണ്ട്, കാന്തലോട്, ചക്കിട്ടപാറ, ചെമ്പനോട, പേരാമ്പ്ര, ചങ്ങരോത്ത് എന്നീ വില്ലേജുകൾ ESZ (ബഫർസോൺ) ലും, കാവിലുംപാറ, ചക്കിട്ടപാറ, തിനൂർ, ചെമ്പനോട, കെടവൂർ, പുതുപ്പാടി, നെല്ലിപ്പൊയിൽ, കോടഞ്ചേരി, തിരുവമ്പാടി എന്നീ വില്ലേജുകൾ ESA (പരിസ്ഥിതി സംവേദക ഏരിയ) പരിധിയിൽ വരുന്നുണ്ട്. മലപ്പുറം ജില്ലയിലെ ചുങ്കത്തറ, അകമ്പാടം, കരുളായി, ചോക്കാട്, കാളികാവ്, കരുവാരകുണ്ട്, കുറുമ്പളങ്ങോട്, വാളിക്കടവ്, അമരമ്പലം, കേരള എസ്റ്റേറ്റ് എന്നീ

വില്ലേജുകളും ESA (പരിസ്ഥിതി സംവേദക ഏരിയ) പ്രശ്നം നിലനില്ക്കുന്ന വില്ലേജുകളാണ്.

ഈ സ്ഥലങ്ങളിലെ മലയോര ജനതയെ ഭീഷണിപ്പെടുത്തിയും വെല്ലുവിളിച്ചും ഒരു ഭരണത്തിനും ഇവിടെ നിലനില്പില്ലായെന്ന് ഉത്തരവാദിത്വപ്പെട്ടവർ മനസ്സിലാകും വരെ സംഘടിതമായി ഇതിനെ തിരെ നിലയുറപ്പിക്കുവാൻ കർഷകജനത മുന്നോട്ടുവരും.

ജീവിതത്തിൽ വലിയ ആഗ്രഹങ്ങൾ ഒന്നുമില്ലാതെ പൊതുസമൂഹത്തിന് മുഴുവൻ അന്നം നല്കാൻ കഠിനാധ്വാനം ചെയ്യുന്ന പാവപ്പെട്ട മനുഷ്യർക്കുവേണ്ടി സംസാരിക്കുവാനും പ്രവർത്തിക്കു വാനും നിലകൊള്ളുവാനും നാം ഒറ്റക്കെട്ടായി നിന്നേ മതിയാവൂ. കർഷകന്റെ ജീവിതത്തെ എരിതീയിൽ നിന്ന് വറചട്ടിയിലേക്ക് എന്ന രീതിയിൽ കബളിപ്പിക്കുന്ന സംവിധാനങ്ങൾക്കെതിരെ നാം സംഘടിച്ചേ മതിയാകൂ.


2022 ജൂലൈ 31 ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ഇക്കാര്യത്തിലുള്ള സഭയുടെ ആശങ്ക പ്രകടമാക്കുകയും കേരള ത്തിലെ 61 ലധികം വരുന്ന കർഷക സംഘടനകളുടെ ഒരു പൊതു കൂട്ടായ്മ (കേരള കർഷക അതിജീവന സംയുക്ത സമതി - KKASS) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ജാതി, മത, രാഷ്ട്രീയ വേർതിരിവില്ലാതെ രൂപീകരിച്ച ഈ സംഘടനാ സംവിധാനം നമ്മുടെ എല്ലാ ഇടവകകളിലും രൂപീകരിക്കുവാൻ വികാരിയച്ചന്മാരോടൊപ്പം നിങ്ങളും മുൻകൈയെടുക്കണം.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി വീടുകളുടെയും സ്ഥലങ്ങളുടെയും കൃഷിയിടങ്ങളുടെയും സ്ഥാപനങ്ങളുടെയും സ്ഥിതിവിവര കണക്കുകൾ പഞ്ചായത്തിൽ നിന്നുള്ള ഔദ്യോഗിക രേഖകളുടെ പിൻബലത്തോടെ ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ ശേഖരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഈ കണക്കുകൾ അടിസ്ഥാനമാക്കി ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തു കളിലും ജില്ലാ പഞ്ചായത്തുകളിലും പ്രമേയങ്ങൾ പാസാക്കി കേന്ദ്ര- വനം പരിസ്ഥിതി മന്ത്രാലയത്തിനും, സെൻട്രൽ എംപവേർഡ് കമ്മിറ്റിയ്ക്കും, സുപ്രീം കോടതിയ്ക്കും അയച്ചുകൊടുക്കണം. അതോടൊപ്പം ഞായറാഴ്ച ഇടവകകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ ക്രമീകരിച്ച് പരാതികൾ അയയ്ക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം.

നമ്മുടെ അവകാശങ്ങൾ നേടിയെടുക്കും വരെയും നിതാന്ത ജാഗ്രതയോടെ നമുക്ക് വ്യാപരിക്കാം. നിയമത്തിന്റെ വഴിയിലൂടെയും, സംഘടിച്ചും ജീവിക്കുവാനുള്ള നമ്മുടെയും വരുംതലമുറയുടെയും അവകാശത്തിനുവേണ്ടി ധീരതയോടെ നമുക്ക് നിലകൊള്ളാം. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പ്രതീകമായ മഹാനായ ഡോ. അംബേദ്ക്കറുടെ ആപ്തവാക്യം നമുക്കോർക്കാം; "സംഘടിക്കുക, പ്രബുദ്ധരാകുക, പോരാടുക"

പൊതുസമൂഹത്തിന്റെ, വിശിഷ്യ കർഷകരുടെയും അവഗണി ക്കപ്പെട്ടവരുടെയും ഒപ്പം നിന്നുകൊണ്ട് നമുക്ക് മുന്നേറാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

## 1. New appointments

Rev. Fathers:

| | | |
|---|---|---|
| Kiliyamparambil Joseph | : | Asst. Vicar, Mariyapuram |
| Mattappallil Sebastian | : | Asst. Vicar, Koodaranji |
| Thaliyan Varghese MSJ | : | Asst. Vicar, Kodanchery |

## 2. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ - ഒക്ടോബർ 1

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ഒക്ടോബർ ഒന്നാം തീയതിയാണല്ലോ. തന്നെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ തീക്ഷ്ണതയോടുകൂടി നിർവഹിക്കുവാനുള്ള ദൈവാനുഗ്രഹം സ്വർഗീയ മദ്ധ്യസ്ഥനിലൂടെ പിതാവിന് ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. അഭിവന്ദ്യ പിതാവിന് തിരുനാൾ മംഗളങ്ങൾ നേരുന്നതിനായി രൂപതയിലെ വൈദികരുടെ കൂട്ടായ്മയും മാസധ്യാനവും 2022 സെപ്റ്റംബർ 27ന് രാവിലെ 10.30ന് രൂപതാഭവനിൽ വെച്ച് നടത്തുന്നതാണ്.

## 3. എട്ട് നോമ്പാചരണം

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് എട്ട് നോമ്പാചരണം നമ്മുടെ സഭയിലുണ്ട്. ഇക്കാര്യം വിശ്വാസികളെ അറിയിക്കുകയും നോമ്പാചരണം തീക്ഷ്ണമായി ആചരിക്കുകയും ചെയ്യാം. പരിശുദ്ധ അമ്മയുടെ കരങ്ങളിൽ നമ്മെയും ലോകം മുഴുവനെയും സമർപ്പിച്ച് പ്രാർത്ഥിക്കുകയും നമ്മുടെ സംരക്ഷണത്തിനായി പരി. അമ്മയിൽ ആശ്രയിക്കുകയും ചെയ്യാം.

## 4. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ രണ്ടാം ചരമവാർഷികം- സെപ്റ്റംബർ 6

അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് നിത്യസമ്മാനത്തി നായി വിളിക്കപ്പെട്ടിട്ട് സെപ്റ്റംബർ 6-ാം തീയതി രണ്ടു വർഷം പൂർത്തിയാകുന്നു. 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനി യിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും ശ്രാദ്ധശുശ്രൂഷയും നടക്കുന്നതാണ്.

## 5. ദൈവാലയശുശ്രൂഷികളുടെ വാർഷിക സമ്മേളനം

നമ്മുടെ ഇടവകകളിൽ സേവനം ചെയ്യുന്ന ദൈവാലയ ശുശ്രൂഷികളുടെ രൂപതാതല സമ്മേളനം 2022 സെപ്റ്റംബർ 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ വെച്ച് ചേരുന്നു. ദൈവാലയ ശുശ്രൂഷികളുടെ സേവനം കൂടുതൽ ഫലപ്രദമാക്കുന്നതിനും, സഭാപരമാക്കുന്നതിനും, ദൈവാലയ ശുശ്രൂഷികളെ സംബന്ധിക്കുന്ന രൂപതാനിയമങ്ങൾ ശ്രദ്ധയിൽപെടുത്തുന്നതിനും ഉപ

കരിക്കുന്ന ഈ സമ്മേളനത്തിൽ എല്ലാ ദൈവാലയ ശുശ്രൂഷികളെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 6. കൈക്കാരന്മാരുടെ സമ്മേളനം

ഈ വർഷം ഇടവകകളിൽ തെരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാ രുടെ സമ്മേളനം 2022 സെപ്റ്റംബർ 21 ബുധനാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ വെച്ച് നടത്തുന്നു. രൂപതയുടെ അജപാലനശുശ്രൂഷയിൽ പ്രത്യേകമായ വിധത്തിൽ സഹകരിക്കുന്നവരെന്ന നിലയിൽ എല്ലാ കൈക്കാരന്മാരും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ കൈക്കാരന്മാരെ പറഞ്ഞുവിടാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 7. അക്കൗണ്ടന്റ്മാരുടെ സമ്മേളനം

നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്ന അക്കൗണ്ടന്റ്മാരുടെ മീറ്റിംഗ് 2022 സെപ്റ്റംബർ 22-ാം തീയതി വ്യാഴാഴ്ച താമരശ്ശേരി രൂപതാഭവനിൽ വച്ച് ചേരുന്നു. മാറിവരുന്ന നിയമങ്ങൾക്ക് അനുസൃതമായി ഇടവകയുടെയും സ്ഥാപനങ്ങളുടെയും കണക്കുകൾ കൃത്യമായി എഴുതുവാനും സൂക്ഷിക്കുവാനും അക്കൗണ്ടന്റ്മാരെ ഒരുക്കേണ്ടതുണ്ട്. സമ്മേളനം രാവിലെ 10.30 ന് ആരംഭിക്കുന്നു. അക്കൗണ്ടന്റ്മാരെ യോഗത്തിലേക്ക് പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 8. പാസ്റ്ററൽ കൗൺസിൽ രൂപീകരണം

പതിനൊന്നാം പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തിയാകുന്നതിനാൽ 12-ാം പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കേണ്ടതാണ്. അതിന്റെ മുന്നോടിയായി ഫൊറോന വൈദിക പ്രതിനിധികളുടെ പേരുകൾ 2022 സെപ്റ്റംബർ 15 ന് മുമ്പ് ചാൻസലറെ അറിയിക്കേണ്ട താണ്. ഇതു സംബന്ധിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ സർക്കുലർ കഴിഞ്ഞ ലക്കം താമരമൊട്ടുകളിൽ നല്കിയിരുന്നത് ബഹു. അച്ചന്മാർ ശ്രദ്ധിച്ചിരിക്കുമല്ലോ.

### 9. PPF ഇടവകവിഹിതം, വൈദികദിന സംഭാവന, വ്യക്തിവിഹിതം

വൈദിക ക്ഷേമനിധിയുടെ ഇടവകവിഹിതം, വൈദികദിന സംഭാവന, വ്യക്തിവിഹിതം എന്നിവ Secretary, PPF 0428053000000012 - SIBL0000428 (South Indian Bank Thamarassery) account-ലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

### 10. CFIC സന്യാസസമൂഹത്തിന്റെ പുതിയ സുപ്പീരിയർ ജനറലിന് ആശംസകളും പ്രാർത്ഥനകളും

CFIC സന്യാസസമൂഹത്തിന്റെ പുതിയ സുപ്പീരിയർ ജനറലായി നമ്മുടെ രൂപതയിലെ വേനപ്പാറ ഇടവകാംഗമായ വെരി. റവ. ഫാ. ബെന്നി മേക്കാട്ട്

തിരഞ്ഞെടുക്കപ്പെട്ടു. പെരിന്തൽമണ്ണ ഫൊറോനയിലെ പുത്തനങ്ങാടി കേന്ദ്രീകരിച്ച് നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന CFIC സന്യാസ സമൂഹത്തിന്റെ പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പുതിയ ജനറാളായി തിരഞ്ഞെടുക്കപ്പെട്ട വെരി. റവ. ഫാ. ബെന്നിക്ക് രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

### 11. ആദരാഞ്ജലികൾ

ബഹു. ജെയിംസ് കുഴിമറ്റത്തിലച്ചന്റെ പ്രിയ മാതാവ് **ത്രേസ്യാമ്മ കുഴിമറ്റത്തിൽ (91)** 2022 ജൂലൈ 28 ന് നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു. 29-ാം തീയതി തേക്കുംകുറ്റി ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജെയിംസച്ചനോടും രൂപ താകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തി ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവും, എ.കെ.സി.സി. ഗ്ലോബൽ സെക്രട്ടറിയും, ഇൻഫാം സ്ഥാപക നേതാക്കന്മാരിൽ ഒരാളുമായ തിരുവമ്പാടി ഇടവകാംഗം **ശ്രീ. ബേബി പെരുമാലിൽ** 2022 ആഗസ്റ്റ് 1 ന് കോഴിക്കോട്, മുക്കത്തിനടുത്ത് മാമ്പറ്റയിൽ വച്ച് വാഹനാപകടത്തിൽ നിര്യാതനായി. പിറ്റേന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ആരംഭിച്ച വിലാപയാത്രയ്ക്ക് താമരശ്ശേരി രൂപത കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നല്കി. 03.08.2022 ബുധ നാഴ്ച നടന്ന മൃതസംസ്കാര ശുശ്രൂഷയ്ക്ക് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നേതൃത്വം നല്കി. രൂപതയിലെ വൈദികരും, സന്യസ്തരും, അത്മായരും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ശ്രീ. ബേബി പെരുമാലിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

മലബാറിലെ സി.എം.സി. സന്യാസസമൂഹത്തിന്റെ മുൻ പ്രൊവിൻഷ്യലും താമരശ്ശേരി സെന്റ് മേരീസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യലുമായിരുന്ന **സി. തെരേസ് മേരി സി.എം.സി (82)** 2022 ആഗസ്റ്റ് 5-ാം തീയതി നിത്യസമ്മാനത്തി നായി വിളിക്കപ്പെട്ടു. 6-ാം തീയതി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന മൃതസം സ്ക്കാര ശുശ്രൂഷകൾക്ക് രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയച്ചൻ നേതൃത്വം നല്കി. തിരുവമ്പാടി സേക്രട്ട് ഹാർട്ട് ദൈവാലയ ത്തിൽ നടന്ന വി. കുർബാനയ്ക്ക് അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം മെത്രാ പ്പോലീത്തയും നാലാം ഭാഗത്തിന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനി യിലും നേതൃത്വം നൽകി. മലബാറിലെ കർമ്മലീത്ത സന്യാസസമൂഹത്തിന് ഉജ്ജ്വലമായ നേതൃത്വം നൽകിയ സി. തെരേസ് മേരിക്ക് ആദരാഞ്ജലികളും പ്രാർത്ഥനകളും. രൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ.

ആരാധന സന്യാസസമൂഹത്തിന്റെ താമരശ്ശേരി വിമല മാതാ പ്രൊവിൻസിലെ അംഗം **സി. ജോൺസീന എസ്.എ.ബി.എസ്. (74)** 2022 ആഗസ്റ്റ് 24-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 25-ാം തീയതി വിമലമാതാ പ്രൊവിൻസിലും തുടർന്ന് മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിലും നടന്ന മൃതസംസ്കാര ശുശ്രൂഷ കൾക്ക് രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയച്ചൻ നേതൃത്വം നല്കി. ആരാധന സന്യാസസമൂഹത്തോടും പ്രത്യേകിച്ച് പൊവിൻഷ്യൽ സുപ്പീരിറോടും രൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**12. സ്മരണാഞ്ജലി**

02-09-85 - റവ. ഫാ. ജോസഫ് മഴുവഞ്ചേരി
**05-09-07 - റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം**
**06-09-20 - മാർ പോൾ ചിറ്റിലപ്പിള്ളി**
18-09-96 - റവ. ഫാ. സോസിമൂസ് സി.എം.ഐ.
18-09-07 - റവ. ഫാ. ജോൺ കച്ചിറമറ്റം
19-09-79 - റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Sr.)
20-09-88 - റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Jr.)
20-09-79 - റവ. ഫാ. സബീനുസ് സി.എം.ഐ.
22-09-82 - റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ്

**പ്രോട്ടോസിഞ്ചെല്ലൂസ്**



# കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറിയും സമുദായ നേതാവുമായ ശ്രീ. ബേബി പെരുമാലിൽ

# അനുസ്മരണം



2022 ആഗസ്റ്റ് 1 ന് ഒരു വാഹനാപകടത്തെ തുടർന്ന് ആകസ്മികമായി നമ്മോടു വിടപറഞ്ഞ ശ്രീ. ബേബി പെരുമാലിയ്ക്ക് ആദരാഞ്ജലികൾ. താമരശ്ശേരി രൂപതയിലെ തിരുവമ്പാടിയെന്ന കാർഷിക കുടിയേറ്റ ഗ്രാമത്തിൽ നിന്നും വളർന്നുവന്ന തിളങ്ങുന്ന വ്യക്തിത്വമായിരുന്ന ശ്രീ. ബേബി. കർഷകരുടെ സംരക്ഷണത്തിനും സമുദായത്തിന്റെയും സഭയുടെയും ഉന്നമനത്തിനായി തന്റെ ജീവിതം ഉഴിഞ്ഞുവെച്ച അദ്ദേഹത്തിന്റെ അവസാനയാത്രയും കർഷ പ്രസ്ഥാനമായ ഇൻഫാമിന്റെ എറണാകുളം സമ്മേളനത്തിനുവേണ്ടിയായത് ദൈവനിയോഗം എന്നേ പറയാനാവൂ. കുടിയേറ്റ ജനതയ്ക്കും കർഷകർക്കും വേണ്ടി സിംഹഗർജ്ജനംപോലെ മുഴങ്ങിയ ആ ശബ്ദം ഇനി നമ്മോടൊത്തില്ല എന്നത് ഇപ്പോഴും അവിശ്വസനീയമാണ്.

തിരുവമ്പാടി പഞ്ചായത്തിൽ പെരുമാലിപ്പടി എന്ന സ്ഥലത്ത് കുടിയേറ്റ കർഷകനായ പെരുമാലിൽ ദേവസ്യ - റോസമ്മ എന്നീ ദമ്പതികളുടെ അഞ്ച് മക്കളിൽ മൂത്ത മകനായി 1959 ഡിസംബർ മാസം 15-ാം തീയതി ബേബി ജനിച്ചു. ത്രേസ്യ, തോമസ്, മോളി സജി എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസം തിരുവമ്പാടിയിൽ നടന്നു. സഭയുടെ എല്ലാ സംഘടനകളിലും സജീവമായിരുന്ന ശ്രീ. ബേബി മതബോധന അധ്യാപകനായും ഇടവകയിലെ കൈക്കാരൻ എന്ന നിലയിലും സജീവ സാന്നിധ്യമായിരുന്നു. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, ഇൻഫാമിന്റെ സ്ഥാപക നേതാക്കളിൽ ഒരാൾ, കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡണ്ട് എന്നീ നിലകളിൽ അദ്ദേഹം എപ്പോഴും മുൻനിരയിൽ തന്നെയുണ്ടായിരുന്നു.

മിഷൻലീഗ് സംഘടനയിലൂടെ സേവനരംഗത്തേക്കു കടന്നുവന്ന ശ്രീ. ബേബി കുടിയേറ്റക്കാരുടെ ദുരിതങ്ങളും നൊമ്പരങ്ങളും നേരിട്ടനുഭവിച്ച് അറിഞ്ഞവനാണ്. നല്ല ഒരു സംഘാടകനായിരുന്ന ശ്രീ. ബേബി കർഷക മുന്നേറ്റ സമരങ്ങളിലും സമുദായം നേരിടുന്ന പ്രതിസന്ധികളിലും നേതൃത്വം നല്കി. ദീപിക പത്രത്തിന്റെ പ്രാദേശിക ലേഖകൻ എന്ന നിലയിൽ, സമുദായാംഗങ്ങൾക്കിടയിൽ പത്രത്തിന്റെ പ്രചരണത്തിന് നേതൃത്വം നൽകിയതോടൊപ്പം, ജാതിമതഭേദമന്യേ, പ്രാദേശികമായ എല്ലാ പ്രശ്നങ്ങളും പരാതികളും അധികൃ

തരുടെയടുത്ത് എത്തിക്കാനുള്ള വേദികൂടി ഒരുക്കിക്കൊടുത്തു. നാടകാഭിനയത്തിലും മറ്റ് കലാരംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ശ്രീ. ബേബിക്ക് കഴിഞ്ഞിട്ടുണ്ട്.

2001 നു ശേഷം കരുത്താർജ്ജിച്ച കർഷ പ്രസ്ഥാനമായ ഇൻഫാമിന്റെ വേദികളിൽ ബേബിയുടെ ഗാംഭീര്യമുള്ള സ്വരം ജനശ്രദ്ധയാകർഷിച്ചു. കുടിയേറ്റജനതയുടെ സ്വപ്നങ്ങൾ തല്ലിത്തകർത്ത് നടപ്പാക്കാൻ ശ്രമിച്ച കസ്തൂരിരംഗൻ – ഗാഡ്ഗിൽ റിപ്പോർട്ടുകളുടെ കാണാക്കുരുക്കുകൾ തിരിച്ചറിഞ്ഞ്, അതിനെതിരേ കുടിയേറ്റ ജനതയെ ബോധവൽക്കരിക്കാനും രാഷ്ട്രീയത്തിനും മതത്തിനും അതീതമായ അവരെ ഒന്നിച്ചണിനിരത്താനും കേരളത്തിലങ്ങളോളമിങ്ങോളം അദ്ദേഹം യാത്രചെയ്തു. ഇൻഫാം സംസ്ഥാന ജനറൽ സെക്രട്ടറിയെന്ന നിലയിൽ തിരുവനന്തപുരത്തും ഡൽഹിയിലും മന്ത്രിമാരെ കാണാനും കുടിയേറ്റക്കാരുടെ ആവശ്യങ്ങളും നിലപാടുകളും വളരെ കൃത്യതയോടെ അവതരിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഈയടുത്ത കാലത്ത് ഉയർന്നുവന്ന ബഫർസോൺ വിഷയത്തിലും കുടിയേറ്റ ജനതയുടെ സ്വരം ഭരണകൂടത്തിലെത്തിക്കാൻ കർഷക ജനതയുടെ മുന്നണിപ്പോരാളിയായി ബേബി ഉണ്ടായിരുന്നു. ജാതിമത വ്യത്യാസങ്ങളില്ലാതെ പ്രവർത്തിക്കുന്ന പശ്ചിമഘട്ട ജനസംരക്ഷണ സമിതിയുടെ നേതൃത്വത്തിലും ബേബി നാടിന്റെ സംരക്ഷകനായി പ്രവർത്തിച്ചു.

ക്രൈസ്തവ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്ര സിന്റെ പ്രവർത്തകൻ എന്ന നിലയിലും ഗ്ലോബൽ സെക്രട്ടറി എന്ന നിലയിലും സമുദായ ശാക്തീകരണത്തിനായി അദ്ദേഹം നൽകിയ സേവനം വിലമതിക്കാനാകാത്തതാണ്. രൂപതയിലെ വിവിധ ഇടവകകളിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾ ആരംഭിക്കാനും പരിപോഷിപ്പിക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ബേബി നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. ക്രൈസ്തവ സമുദായത്തിന് അർഹമായ ആനുകൂല്യങ്ങളും അംഗീകാരങ്ങളും നേടിയെടുക്കാനും സമുദായാംഗങ്ങളെ ബോധവൽക്കിരിക്കാനും അദ്ദേഹം നൽകിയ സേവനം നിസ്തുലവും സ്തുത്യർഹവുമാണ്. കത്തോലിക്കാ കോൺഗ്രസിന്റെ മലബാറിന്റെ ശബ്ദമായിരുന്നു ശ്രീ. ബേബി പെരുമാലി. ഒരു സാധാരണ കർഷകകുടുംബത്തിൽ ജനിച്ചു വളർന്ന ശ്രീ. ബേബി പെരുമാലിയുടെ കറതീർന്ന ആത്മാർത്ഥതയും കഠിനാധ്വാനവുമാണ് അദ്ദേഹത്തെ മലബാറിലെ സഭയുടെ അൽമായ ശബ്ദമാക്കി മാറ്റിയത്.

അദ്ദേഹത്തിന്റെ നിസ്തുലമായ സേവനങ്ങളെ താമരശ്ശേരി രൂപത കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. ശ്രീ. ബേബി പെരുമാലിയുടെ ആകസ്മികമായ വേർപാടിൽ ദുഃഖാർത്ഥരായിരിക്കുന്ന ഭാര്യ സാലിക്കും മക്കളായ സോണിയ, ഡാനിയ, ജൂലിയ എന്നിവർക്കും കുടുംബാംഗങ്ങൾക്കും അനുശോചനം രേഖപ്പെടുത്തുന്നു. സഭയ്ക്കും സമുദായത്തിനുംവേണ്ടി അദ്ദേഹം ചെയ്ത നന്മപ്രവർത്തികൾക്ക് കാരുണ്യവാനായ ദൈവം പ്രതിഫലം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# വിശ്വാസപരിശീലനം

"എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലിപ്പി 4:13)

## ലൂമിന 2022

2022-23 വിശ്വാസപരിശീലന വർഷത്തിലെ ലൂമിന ആഗസ്റ്റ് 07, 21, 28 തിയതികളിൽ താമരശ്ശേരി, പെരിന്തൽമണ്ണ, വിലങ്ങാട് മേഖലകളിൽ നടത്തി. മി. ടോമി പെരുവിലങ്ങാട്ട് (മരുതോങ്കര) പ്രോഗ്രാമിന് ക്ലാസെടുത്തു. മി. നുബിൻ ചൂരപ്പൊയ്കയിൽ (വിലങ്ങാട്), ചിന്തുരാജ് (തിരുവമ്പാടി) ഗാനശുശ്രൂഷ നടത്തി. നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചന്മാർക്കും മേഖലാ ഭാരവാഹികൾക്കും ക്യാമറമാൻ ടോം കല്ലൂകുളങ്ങരയ്ക്കും (തിരുവമ്പാടി) പ്രത്യേകം നന്ദി.

## ലൂമിന 2022 - സെപ്റ്റംബർ മാസത്തിൽ

സെപ്റ്റംബർ 04 (ഞായർ) - മരുതോങ്കര മേഖല
സെപ്റ്റംബർ 18 (ഞായർ) - കോടഞ്ചേരി മേഖല
സെപ്റ്റംബർ 25 (ഞായർ) - കരുവാരകുണ്ട് മേഖല

## ACC ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള മൂന്നാമത്തെ ക്ലാസ് ഓഗസ്റ്റ് 07-നും നാലാമത്തെ ക്ലാസ് ഓഗസ്റ്റ് 21 നും കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. 'കേരള നവോത്ഥാനവും ക്രൈസ്തവസംഭാവനകളും' എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. ബിനു കുളത്തിങ്കൽ (ഡയറക്ടർ, കുടുംബക്കൂട്ടായ്മ, പോപ്പ് ബനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്), 'മരിയൻ വിശ്വാസസത്യങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ജോസഫ് അന്തീനാട്ട് (വികാരി, കൂരോട്ടുപാറ) എന്നിവർ ക്ലാസെടുത്തു.

## ACC ഓൺലൈൻ ക്ലാസുകൾ സെപ്റ്റംബർ മാസത്തിൽ

സെപ്റ്റംബർ 04 - ഞായർ
സെപ്റ്റംബർ 18 - ഞായർ

## വിശ്വാസപരിശീലകരുടെ തുടർപരിശീലനം

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി റവ. ഡോ. ജെയിംസ് കിളിയനാനിക്കൽ യേശുമഹോന്നതൻ എന്ന പുസ്തകത്തെ ആസ്പദമാക്കി, യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും മാഹാത്മ്യത്തെയും പ്രതിപാദിക്കുന്ന രണ്ട് ക്ലാസുകൾ എടുത്തു. ക്ലാസുകൾ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### സഭാവാർത്തകൾ

ഓഗസ്റ്റ് 21-ന് സഭാവാർത്തകൾ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. ലെന ആന്റോ ആരനോലിക്കൽ (മുക്കം) വാർത്തകൾ വായിച്ചു. വാർത്തകൾ തയ്യാറാക്കിയ രൂപതാ മതബോധന പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിൽ സാറിന് പ്രത്യേകം നന്ദി.

### വിശുദ്ധ കുർബാനയും വിശുദ്ധരും

കൗദാശിക വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കാറ്റക്കിസം യുട്യൂബ് ചാനലിൽ 'വിശുദ്ധ കുർബാനയും വിശുദ്ധരും' എന്ന പ്രോഗ്രാമിന്റെ രണ്ട് എപ്പിസോഡുകൾ സംപ്രേക്ഷണം ചെയ്തു. വിമല റോസ് കണ്ണനായ്ക്കൽ (മഞ്ചേരി), ജോസിയ സനോജ് തറയിൽ (കൂടത്തായ്) എന്നിവർ പ്രോഗ്രാം അവതരിപ്പിച്ചു.

### ഡയറക്ടറച്ചന്റെ സന്ദർശനം

കോട്ടക്കൽ, മരിയാപുരം ഇടവകകളിൽ വിശ്വാസപരിശീലന ഡയറക്ടർ സന്ദർശനം നടത്തി, പ്രവർത്തനങ്ങൾ വിലയിരുത്തി.

### ഒക്ടോബർ മാസത്തിലെ പ്രോഗ്രാമുകൾ

ഒക്ടോബർ 02 (ഞായർ) - ACC ഓൺലൈൻ ക്ലാസ്സ്
ഒക്ടോബർ 08 (ശനി) - മേഖലാതല പ്രതിഭാസംഗമം (STD 12)
ഒക്ടോബർ 20 (ഞായർ) - ACC ഓൺലൈൻ ക്ലാസ്സ്
ഒക്ടോബർ 23 (ഞായർ) - മിഷൻ ഞായർ
ഒക്ടോബർ 30 (ഞായർ) - മതബോധന അർദ്ധവാർഷിക പരീക്ഷ

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ചെറുപുഷ്പ മിഷൻലീഗ്

സെപ്റ്റംബർ മാസത്തിന്റെ ആരംഭ ദിവസങ്ങൾ, പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനോടനുബന്ധിച്ച് ഏറ്റവും ഭക്തിപൂർവ്വകമായി കൊണ്ടാടപ്പെടുന്ന ദിവസങ്ങളാണ്. സംഘടനയുടെ സ്ഥാപകനായ ബഹുമാനപ്പെട്ട മാലിപ്പറമ്പിൽ അച്ചന്റെ സ്മരണദിനവും കലാസാഹിത്യ മത്സരങ്ങളും, റീജിയണൽ സമ്മേളനങ്ങളും ഈ മാസത്തിൽ നടത്തപ്പെടുന്നുണ്ട്. സംഘടനയുടെ ചൈതന്യത്തിനനുസരിച്ച് ഓരോ അംഗവും പ്രേഷിത പ്രവർത്തനം എന്ന മഹാലക്ഷ്യത്തെ മുൻനിർത്തിയാണ് ഇതിലൊക്കെ പങ്കെടുക്കേണ്ടത് എന്ന് നമുക്ക് അറിയാം. തുടർന്ന് വരുന്ന ഒക്ടോബർ മാസത്തിലും മിഷൻലീഗ് സംഘടനയുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കേണ്ട ദിവസങ്ങളാണ്. സംഘടനയെ കൂടുതൽ തിരിച്ചറിഞ്ഞ് കൂട്ടായ പ്രവർത്തനത്തിലൂടെ ഓരോ ശാഖയും നല്ല പ്രവർത്തന പദ്ധതികൾ മുൻപോട്ടു വെച്ച് ഊർജ്ജസ്വലതയോടെ മുന്നോട്ട് പോകണമെന്ന് അഭ്യർത്ഥിക്കുന്നു.

### വൈദികദിനാശംസകൾ - അജപാലകർക്കായ്

ഓഗസ്റ്റ് 4 ന് വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് നമ്മുടെ രൂപതയിലെ ഓരോ വൈദികർക്കും വേണ്ടി ശാഖകളിലെ അംഗങ്ങൾ പ്രാർത്ഥിക്കുകയും ഭാരവാഹികൾ ഫോൺ വിളിച്ചും സന്ദേശങ്ങളയച്ചും ആശംസകൾ അറിയിക്കുകയും ചെയ്തു.

### ഓഗസ്റ്റ് 11 - കുഞ്ഞേട്ടൻ അനുസ്മരണം

ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപക നേതാവായ കുഞ്ഞേട്ടന്റെ സ്മരണ ദിനത്തിൽ രൂപത സമിതി പ്രത്യേക യോഗം ചേരുകയും അദ്ദേഹത്തെ ക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെക്കുകയും ചെയ്തു. ഓഗസ്റ്റ് 13 ന് സംസ് ഥാന തലത്തിൽ ചെമ്മലമറ്റം ഇടവകയിൽ നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിൽ രൂപത പ്രതിനിധികൾ മൂന്നുപേർ പങ്കെടുത്തു. തദവസരത്തിൽ കുഞ്ഞേട്ടന്റെ പേരിലുള്ള സ്റ്റാമ്പ് പ്രകാശനം നടന്നു. കുഞ്ഞേട്ടൻ സ്കോളർഷിപ്പ് നൽകപ്പെട്ടു.

### ഛായാ ചിത്ര പ്രയാണം - തോട്ടുമുക്കം

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി വാർഷികാ ഘോഷങ്ങളോടനുബന്ധിച്ച് കേരള സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലൂടെയും കടന്നുപോകുന്ന ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി ഛായാ ചിത്ര പ്രയാണത്തിന് തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന ദേവാലയത്തിൽ ആവേശകരമായി സ്വീകരണം നല്കി.

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപത പ്രസിഡണ്ട് ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ രൂപത ഡയറക്ടർ റവ. ഫാ. പ്രിയേഷ് തേവടിയിൽ എന്നിവർ

ഛായാ ചിത്രം ഏറ്റുവാങ്ങി. തോട്ടുമുക്കം ഫൊറോന വികാരി വെരി. റവ. ഫാ. ജോൺ മൂലയിൽ, മേഖല ഡയറക്ടർ റവ. ഫാ. ഡാന്റീസ് കിഴുക്കരക്കാട്ട്, സംസ്ഥാന സെക്രട്ടറി ശ്രീ. ജിന്റോ തകിടിയേൽ, മലബാർ റീജണൽ ഓർഗനൈസർ ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു. ശ്രീ. ജോയ് പുതിയാപറമ്പിൽ, ശ്രീ. ജിനോ തറപ്പുതൊട്ടിയിൽ, അസി വികാരി ഫാ. ബ്രിജിൻ പൂതർമണ്ണിൽ, സി. സെറിൻ എന്നിവർ നേതൃത്വം നല്കി.

## ഛായാ ചിത്ര പ്രയാണം മറ്റ് മേഖലകളിൽ

| | |
|---|---|
| ഓഗസ്റ്റ് 7 ന് | 11.00 am തിരുവമ്പാടി |
| ഓഗസ്റ്റ് 9 ന് | 07.30 am കോടഞ്ചേരി |
| | 10.00 am പുതുപ്പാടി |
| | 12.30 കൂരാച്ചുണ്ട് |
| | 04.00 pm മരുതോങ്കര |
| ഓഗസ്റ്റ് 11 ന് | 04.30 pm വിലങ്ങാട് |
| ഓഗസ്റ്റ് 12 ന് | 06.00 pm പാറോപ്പടി |
| ഓഗസ്റ്റ് 13 ന് | 04.30 മഞ്ചേരി |
| ഓഗസ്റ്റ് 14 ന് | 10.15 പെരിന്തൽമണ്ണ |
| | 11.45 am മരിയാപുരം |
| ഓഗസ്റ്റ് 15 | പാലൂർക്കോട്ട മാലാപറമ്പ്, നെൻമേനി |
| ഓഗസ്റ്റ് 19 | മങ്കട, വലമ്പൂർ |
| ഓഗസ്റ്റ് 20 | 04.30 കരുവാരക്കുണ്ട് |

## നന്ദിയുടെ ഒരു വാക്ക്

അതിമനോഹരമായി ഛായാ ചിത്ര പ്രയാണം നടത്തുവാൻ പ്രയത്നിച്ച എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും പ്രവർത്തകർക്കും ഏറ്റവും സ്നേഹത്തോടെ നന്ദി പറയുന്നു. സംഘടനയോട് കാണിച്ച വലിയ സ്നേഹവും സഹകരണവും പ്രോത്സാഹനവും എന്നും ഓർമ്മിക്കുന്നു.

## ഏയ്ഞ്ചൽസ് മീറ്റ് - താമരശ്ശേരി മേഖല

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി മേഖലയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 9 ന് എയ്ഞ്ചൽസ് മീറ്റ് നടത്തി. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ആദ്യകുർബാന സ്വീകരിച്ച അംഗങ്ങളാണ് മീറ്റിൽ പങ്കെടുത്തത്. പുതുപ്പാടി വെച്ച് നടന്ന ഏഞ്ചൽസ് മീറ്റ് താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

മേഖലാ പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിൽ, അധ്യക്ഷത വഹിച്ചു രൂപതാ ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, മേഖലാ ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, മേഖല ജൂനിയർ പ്രസിഡന്റ് വിൻസെന്റ് കല്ലറക്കൽ, മേഖലാ സെക്രട്ടറി പ്രകാശ് മാത്യു പുളിക്കേക്കര, വൈസ് പ്രസിഡന്റ് ടെസ്സി ഷാജു നരിപ്പാറ എ

ന്നിവർ പ്രസംഗിച്ചു. രൂപത വൈസ് ഡയറക്ടർ സിസ്റ്റർ ആൻമരിയ എഫ്സിസി യുടെ നേതൃത്വത്തിൽ FCC സിസ്റ്റേഴ്സ് ക്ലാസ് നയിച്ചു. മേഖല ജോയിന്റ് സെക്രട്ടറി അലീന മാത്യു ചെട്ടിപ്പറമ്പിൽ, ഓർഗനൈസർ ഷേർളി തെക്കയിൽ ശാഖ വൈസ് ഡയറക്ടർ സിസ്റ്റർ എൽസ SFN എന്നിവർ നേതൃത്വം നൽകി. മേഖലയിലെ 15 ഇടവകകളിൽ നിന്നും ആയി 232 അംഗങ്ങൾ പങ്കെടുത്തു.

## എയ്ഞ്ചൽസ് മീറ്റ് – കുരാച്ചുണ്ട് മേഖല

ചെറുപുഷ്പ മിഷൻ ലിഗ് കൂരാച്ചുണ്ട് മേഖലാ എയ്ഞ്ചൽസ് മീറ്റ് കൂരാച്ചുണ്ട് സെന്റ് തോമസ് ഫെറോന ദേവാലയത്തിൽ വികാരി റവ. ഫാ. വിൻസന്റ് കണ്ടത്തിൽ തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. കുരാച്ചുണ്ട് മേഖലയിലെ 13 ഇടവകയിൽ നിന്നായി ഈ വർഷം ആദ്യകുർബാന സ്വീകരിച്ച 165 കുഞ്ഞു മാലാഖമാർ പങ്കെടുത്ത നവ പ്രേഷിത സംഗമത്തിന് മേഖലാ ഡയറക്ടർ ഫാ. നിർമ്മൽ പുലയംപറമ്പിൽ പതാക ഉയർത്തി സന്ദേശം നൽകി. രൂപതാ ഓർഗനൈസർ ജോയി ജോർജ് പുതിയാപറമ്പിൽ ക്ലാസ് നയിച്ചു. വി. കുർബ്ബാനക്ക് ശേഷം മേഖലയിൽ എത്തിച്ചേർന്ന ഛായാ ചിത്ര പ്രയാണത്തിന് സ്വീകരണം നൽകുകയും അതിമനോഹരമായ പ്രേഷിത റാലിയോടെ ദേവാലയത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനം നൽകി. മേഖലാ സെക്രട്രി സിനോ തോമസ് സ്വാഗതവും, പ്രസിഡന്റ് ജിയോ കൊക്കോപ്പുഴ നന്ദിയും അർപ്പിച്ചു. മേഖലാ വൈസ് ഡയറക്ടർ സി. ജെസ്‌ലിൻ FCC, ജോയ്സി ഇടമന, ലിനി തൈപറമ്പിൽ, അനുഷ വെങ്കിട്ടക്കൽ, അബിൻ പാലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

## എയ്ഞ്ചൽസ് മീറ്റ് – കോടഞ്ചേരി മേഖല

കോടഞ്ചേരി മേഖലയിൽ ജൂലൈ 23 ന് 10 മണിക്ക് പ്രോഗ്രാം ആരംഭിച്ചു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളാണ് ഈ മീറ്റിൽ പങ്കെടുത്തത്. 10 മണിക്ക് മേഖല ഡയറക്ടർ ഫാ. ജെസ്‌വിൻ തുറവയ്ക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. മേഖല പ്രസിഡന്റ് ശ്രീ. അരുൺ കണ്ടത്തിൽ അധ്യക്ഷ പ്രസംഗം നടത്തി. ബഹു.മേഖലാ രക്ഷാധികാരി റവ. ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അതേത്തുടർന്ന് വൈസ് ഡയറക്ടേഴ്സ് ദിന ത്തോടനുബന്ധിച്ച് എല്ലാ ശാഖ വൈസ് ഡയറക്ടേഴ്സിനെയും വൈദിക ദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട പ്രിയേഷ് അച്ഛനെയും കുര്യാക്കോസ് ഐക്കൊളമ്പിൽ അച്ചനേയും ജസ്‌വിനച്ചനെയും ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. തുടർന്ന്കോഴിക്കോട് ഗത്സമനിയിലെ MSMI സിസ്റ്റേഴ്സ് ക്ലാസ്സുകൾക്ക്നേതൃത്വം നൽകുകയും ചെയ്തു. 3 മണിക്ക് ആരാധനയോടുകൂടെ ക്ലാസ്സുകൾ അവസാനിച്ചു തുടർന്ന് മിഷൻ ലീഗ് രൂപത ഡയറക്ടർ പ്രിയേഷച്ചൻ കുട്ടികളോട് സംസാരിക്കുകയും കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. രൂപത വൈസ് ഡയറക്ടർ സി. ആൻ മരിയയും മീറ്റിംഗിൽ സന്നിഹിതയായിരുന്നു. കുട്ടികളുടെ ഗ്രൂപ്പ് ഫോട്ടോയും എടുത്തു. തുടർന്ന് മേഖല വൈസ് ഡയറക്ടർ സി. അർച്ചന എല്ലാവർക്കും നന്ദി അറിയിച്ചു.

## എയ്ഞ്ചൽസ് മീറ്റ് - തോട്ടുമുക്കം

ചെറുപുഷ്പ മിഷൻ ലീഗ് തോട്ടുമുക്കം മേഖലയുടെ ആഭിമുഖ്യത്തിൽ തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന ദേവാലയത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ആദ്യ കുർബാന സ്വീകരണം നടത്തിയ കുട്ടികൾക്കായി ഏയ്ഞ്ചൽസ് മീറ്റ് സംഘടിപ്പിച്ചു. മേഖലയിലെ മുന്നൂറോളം കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.തോട്ടുമുക്കം ഫൊറോന വികാരി ഫാ. ആന്റോ മൂലയിൽ സംഗമം ഉദ്ഘാടനം ചെയ്തു ചെറുപുഷ്പ മിഷൻ ലീഗ് മേഖല ഡയറക്ടർ ഫാ. ഡാന്റീസ് കിഴക്കരക്കാട്ട്, വൈസ് ഡയറക്ടർ സി. സെറിൻ സി.എം.സി, രൂപത ജനറൽ ഓർഗനൈസർ ജോയ് ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു കുട്ടികൾക്കായി രൂപത വൈസ് ഡയറക്ടർ സി. ആൻ മരിയയുടെ നേതൃത്വത്തിൽ സെമിനാറും സംഘടിപ്പിച്ചു.

## രൂപത-സംസ്ഥാന സാഹിത്യമത്സരം

ഓഗസ്റ്റ് മാസത്തിൽ മേഖലകളിൽ വച്ച് നടത്തിയ മേഖല സാഹിത്യമത്സരത്തിന് ശേഷം ഓഗസ്റ്റ് പതിനെട്ടാം തീയതി വിവിധ മേഖല കേന്ദ്രങ്ങളിൽ വച്ച് രൂപത മത്സരം നടത്തുകയും ചെയ്തു. അതിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരാണ് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കേണ്ടത്. സംസ്ഥാന മത്സരം സെപ്റ്റംബർ 21 ന് താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വെച്ച് കൃത്യം 10 മണിക്ക് നടത്തപ്പെടുന്നതാണ്. അന്നേദിവസം 9.30 am ന് പങ്കെടുക്കുന്നവർ എല്ലാവരും എത്തിച്ചേരേണ്ടതാണ്.

## മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സര വിജയികൾ

*ജൂനിയർ*

ഒന്നാം സമ്മാനം : ആൻതെരേസ ഫെലിക്സ് വള്ളിയാംതടത്തിൽ, കല്ലാനോട്
രണ്ടാം സമ്മാനം : റിയോണ മരിയ ജെയ്സൺ ഇളയിടത്ത്, കോടഞ്ചേരി
മൂന്നാം സമ്മാനം : ആൻ മരിയ ജസ്റ്റിൻ നെടുമ്പുറത്ത്, വേനപ്പാറ
അന്നമ്മ കൊങ്ങമല, കരുവാരക്കുണ്ട്

*സീനിയർ*

ഒന്നാം സമ്മാനം : ഡോൾന ഫിയൻസ് പിണക്കാട്ട്, വലിയ കൊല്ലി
രണ്ടാം സമ്മാനം : ക്രിസ് എലൈൻ ബിജോ ചെരുവിൽ, കുളത്തുവയൽ.
മൂന്നാം സമ്മാനം : ഏയ്ഞ്ചൽ ജോഷി കുന്നത്തേട്ട്, മഞ്ഞക്കുന്ന്

## കലാമത്സരങ്ങൾ - സംസ്ഥാന, രൂപത സമിതികളുടെ പൊതു നിബന്ധനകൾ

- ഈ വർഷത്തെ മത്സരങ്ങളിൽ ജൂബിലി പ്രബന്ധ രചന മത്സരം ഒഴിച്ച് ബാക്കി എല്ലാ മത്സരങ്ങളും ആൺ, പെൺ വിഭാഗം തിരിച്ചായിരിക്കും നടത്തുന്നത്. പ്രസംഗം, സംഗീതം, ബൈബിൾ വായന, മിഷൻ ക്വിസ് എന്നീ മത്സരങ്ങളിലും ഇതു തന്നെയായിരിക്കും നിയമം. ബൈബിൾ വായന സബ് ജൂനിയറിന് മാത്രമായിരിക്കും.

- കലാ മത്സരത്തിൽ മത്സരാർത്ഥികൾ പ്രായ വിഭാഗം കൃത്യമായി പാലിക്കേണ്ടതാണ്. പ്രായവിഭാഗത്തെ ക്കുറിച്ച് പരാതികളോ, തെറ്റുകളോ സംഭവിച്ചാൽ ജൂറിയുടെ തീരുമാനത്തിന് വിടുന്നതാണ്.
- മത്സര വിജയികളെ തീരുമാനിക്കുന്നതിൽ വിധികർത്താക്കളുടെ തീരുമാനം അന്തിമമാണ്. എന്നാൽ മത്സര നടത്തിപ്പ് സംബന്ധിച്ചുള്ള പരാതികൾ ടീം മാനേജർ രേഖാമൂലം 100 രൂപ ഫീസ് സഹിതം പ്രസ്തുത മത്സരം കഴിഞ്ഞ് 30 മിനിറ്റിനകം ഡയറക്ടർക്ക് നൽകുക. ഡയറക്ടർ, ജൂറി ഓഫ് അപ്പീലുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുത്ത് ടീം മാനേജറെ അറിയിക്കുന്നതാണ്. പരാതി ന്യായമായാൽ ഫീസ് തിരികെ ലഭിക്കും. മേൽപ്പറഞ്ഞ രീതിയിൽ പരാതി നല്കിയാൽ മാത്രമേ പരാതി സ്വീകരിക്കാൻ സമിതികൾക്ക് ബാധ്യതയുള്ളു.
- എ ഗ്രേഡ് ന് 5 ഉം , ബി ഗ്രേഡ് ന് 3 ഉം , സി ഗ്രേഡ് ന് 1 ഉം ഇതിനു പുറമേ വ്യക്തിഗത ഇനങ്ങളിലെ സ്ഥാനങ്ങൾക്ക് 5, 3, 1 വീതവും പോയിന്റ് ലഭിക്കും (ഉദാ: ഒന്നാം സ്ഥാനവും എ ഗ്രേഡും ലഭിച്ചാൽ 5 + 5 = 10)
- എല്ലാ മത്സരങ്ങളും ക്രൈസ്തവ സന്ദേശം നല്കുന്നവയായിരിക്കണം. മത്സര സംബന്ധമായ എല്ലാ കാര്യങ്ങൾക്കും പി.ഒ.സി ബൈബിൾ ആണ് ഉപയോഗിക്കുക.
- കലാ മത്സരത്തിന് വരുമ്പോൾ ആദ്യം തന്നെ ടീം മാനേജർമാർ ഓഫീസുമായി ബന്ധപ്പെട്ട് അവരുടെ മത്സരാർത്ഥികളുടെ രജിസ്ട്രേഷൻ നമ്പർ അടങ്ങിയ ലിസ്റ്റ് വാങ്ങേണ്ടതാണ്; മത്സരാർത്ഥികളും അവരരുടെ രജിസ്ട്രേഷൻ നമ്പർ അറിഞ്ഞിരിക്കേണ്ടതാണ്. തുടർന്ന് മത്സരാർത്ഥികൾ അതത് സ്റ്റേജ് മാനേജർമാരോട് ചാൻസ് നമ്പർ/ചെസ്റ്റ് നമ്പർ വാങ്ങിക്കേണ്ടതാണ്. മറ്റ് ഇനങ്ങളിൽ അതേ സമയത്ത് പങ്കെടുക്കുന്ന മത്സരാർത്ഥികൾ അത് കൃത്യമായി സ്റ്റേജ് മാനേജരെ അറിയിക്കേണ്ടതാണ്. ഇക്കാര്യങ്ങളിൽ ടീം മാനേജർമാർ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.
- സംഗീത മത്സരം (സിങ്കിൾ സോങ്) ക്ലാസിക്കൽ ഗാനങ്ങൾ ആലപിക്കാൻ പാടില്ല, ക്രിസ്തീയ ഭക്തിഗാനങ്ങളേ ആലപിക്കാവൂ, ബൈബിൾ പ്രമേയങ്ങളിൽ നിന്ന് വ്യത്യസ്തമായ വരികൾ ഉള്ള ചില പാട്ടുകൾ മുമ്പു നടന്ന സംസ്ഥാന മത്സരങ്ങളിൽ അയോഗ്യത കല്പിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളതിനാൽ പാട്ട് സെലക്ട് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. സെമിക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമാണ്. സ്വരങ്ങൾ ഉപയോഗിക്കാൻ പാടില്ല; ഹമ്മിങ് ആകാം. മൈക്ക് ഉപയോഗിക്കാൻ അനുവാദമില്ല. ഒരു പാട്ടിനുള്ള സമയം അനുവദനീയമാണ്.
- ബൈബിൾ വായനയ്ക്ക് പി.ഒ.സി പുതിയനിയമം ആയിരിക്കും ഉപയോഗിക്കുക. വായനയിൽ ആരംഭം, അവസാനം, വിശുദ്ധ ഗ്രന്ഥം കൈകാര്യം ചെയ്യുന്ന വിധം, വായന, ഒഴുക്ക്, ഭാവം എന്നിവ പ്രത്യേകം പരിഗണിക്കുന്ന

താണ്. വായനക്ക് മുമ്പുള്ള വാചിക പ്രാർത്ഥനയ്ക്ക് പ്രത്യേകം മാർക്ക് ഉണ്ടായിരിക്കുകയില്ല. വായിക്കേണ്ട ബൈബിൾ ഭാഗം ഒരു സ്ലിപ്പിൽ എഴുതി വെക്കുന്നതാണ്; മത്സരാർത്ഥി പ്രസ്തുത ബൈബിൾ ഭാഗം കണ്ടെത്തി വായിക്കുകയുമാണ് ചെയ്യേണ്ടത്. ബൈബിൾ വായന സമയം 3 മിനിറ്റ്.

- പ്രസംഗ മത്സരത്തിന് സബ് ജൂനിയർ, ജൂനിയർ വിഭാഗങ്ങൾക്ക് വിഷയം നേരത്തേതന്നെ മാർഗ്ഗരേഖയിൽ കൊടുത്തിട്ടുണ്ട്. സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങൾക്ക് പതിവുപോലെ മത്സരത്തിന് 5 മിനുട്ടിനു മുൻപ് നൽകുന്നതാണ്. പ്രസംഗസമയം 5 മിനിറ്റ്.
- ഒരു ഇനത്തിൽ പങ്കെടുക്കാനുള്ളവരുടെ എണ്ണം മൂന്നിൽ കുറവായാൽ ആ ഇനം അവതരിപ്പിക്കുക മാത്രം ചെയ്യും. മത്സരം ഉണ്ടായിരിക്കുകയില്ല; ഫലപ്രഖ്യാപനവും ഇല്ല. എന്നാൽ ഗ്രേഡ് ചെയ്ത് പോയിന്റ് നല്കും.
- മത്സര ഫയലുകൾ വച്ചിരിക്കുന്ന മുറി/ ഡസ്ക് തുടങ്ങിയവയുടെയടുത്ത് മത്സര നടത്തിപ്പുകാരല്ലാതെ മറ്റാരും നിൽക്കാൻ പാടില്ല.
- കലാമത്സരത്തിൽ വിജയിക്കുന്ന ശാഖ / മേഖല ടീമുകൾ മാന്യമായ രീതിയിൽ ആഹ്ളാദപ്രകടനങ്ങൾ നടത്തണമെന്നുള്ളത് പ്രത്യേകം ഓർമ്മിക്കുക. പരാതികളിൽ അതത് തലങ്ങളിലെ ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. അനുചിതമല്ലാത്ത പെരുമാറ്റങ്ങൾ ഉണ്ടായാൽ ഫലപ്രഖ്യാപനം നീട്ടി വെക്കാൻ മേഖലാ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.
- മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന ചിത്രരചന മത്സരം ഈ വർഷം ഉണ്ടായിരിക്കില്ല.
- മിഷൻ ക്വിസ് മത്സരം മാർഗ്ഗരേഖയിലെ പഠന ഭാഗങ്ങളിൽ സഭ 10% എന്നതിൽ വിജ്ഞാനമുത്ത് പുസ്തകത്തിലെ ഒന്നാമത്തെ അധ്യായം ഒഴിച്ചുള്ള ചോദ്യങ്ങളും, ആനുകാലിക സഭാ വാർത്തകളുമാണ് ഉദ്ദേശിക്കുന്നത്. കൃത്യമായ ഉത്തരങ്ങൾക്ക് മാത്രമേ മാർക്ക് ഉണ്ടായിരിക്കുകയുള്ളൂ. സമയം 45 മിനിട്ട്. അതിനുള്ളിൽ വിജയികളെ കൃത്യമായി നിശ്ചയിക്കാൻ സാധിക്കുല്ലെങ്കിൽ ക്വിസ് മാസ്റ്റർക്ക് സമയം നിശ്ചയിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.
- മേഖല, രൂപത, സംസ്ഥാന തലത്തിലെ മത്സരങ്ങൾക്ക് വരുമ്പോൾ നിർബ്ബന്ധമായും ബാഡ്ജ് ധരിക്കുകയും, പ്രായം തെളിയിക്കുന്ന സാക്ഷ്യപത്രം കരുതുകയും ചെയ്യേണ്ടതാണ്.
- മത്സരങ്ങൾ നടത്തുമ്പോൾ മിഷൻ ലീഗ് ചൈതന്യത്തിനനുസൃതമായി പെരുമാറാൻ പ്രത്യേകം എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.
- മത്സരത്തിനു ശേഷം വ്യക്തിഗത വിഭാഗങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ മേഖല ഭാരവാഹികളുടെ പക്കലാണ് നൽകപ്പെടുക. ഓരോ മേഖലയിലും അത് എത്രയും പെട്ടെന്ന് വിതരണം ചെയ്യേണ്ടതാണ്.

- ഈ വർഷത്തെ **താമരശ്ശേരി രൂപത കലോൽസവം ഒക്ടോബർ 8 ശനിയാഴ്ച 9.30 ന് തിരുവമ്പാടി സെന്റ് അൽഫോൻസ കോളേജിൽ വെച്ച് നടക്കുന്നതാണ്.** ഒക്ടോബർ 2 ന് മുമ്പ് മേഖല കലോത്സവങ്ങൾ നടത്തിയ ശേഷം ഒക്ടോബർ 3 ന് മത്സരാർത്ഥികളുടെ ലിസ്റ്റ് ഓഫീസിൽ എത്തി

**സെപ്തംബർ 2022 - മാസപ്രോഗ്രാം**

01 വ്യാഴം - എട്ടുനോമ്പാരംഭം

05 തിങ്കൾ - കൊൽക്കത്തയിലെ വി. തെരേസ, അധ്യാപക ദിനം, മലപ്പുറം റീജിയണൽ സമ്മേളനം (മാലാപറമ്പ് ശാഖയിൽ)

06 ചൊവ്വ - മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം

08 വ്യാഴം - പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ, തിരുവോണം

09 വെള്ളി - ഫാ. മാലിപറമ്പിൽ 24-ാം ചരമവാർഷികം, അസാധാരണസമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, ഡയറക്ടേഴ്സ് ദിനം, റീജിയണൽ സമ്മേളനം തിരുവമ്പാടി (തിരുവമ്പാടി ശാഖയിൽ)

10 ശനി - ഫാ. മാലിപറമ്പിൽ മിഷൻ അവാർഡ് (സംസ്ഥാനം), മേഖലാ കലോത്സവങ്ങൾ

14 ബുധൻ - വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

21 ബുധൻ - സംസ്ഥാന സാഹിത്യ മത്സരം - MMPC, വി. മത്തായി ശ്ലീഹാ

22 വ്യാഴം - ഫാ. അബ്രാഹം ഈറ്റയ്ക്കക്കുന്നേൽ 50-ാം ചരമവാർഷികം

23 വെള്ളി - രൂപതാതല ജൂബിലി സമാപനം ഒരുക്ക ആരാധന

24 ശനി - മേഖലാ കലോത്സവങ്ങൾ നടത്തേണ്ട അവസാന ദിവസം, രൂപത എക്സിക്യുട്ടീവ്

25 ഞായർ - ലോഗോസ് ക്വിസ്സ് പരീക്ഷ

27 ചൊവ്വ - വി. വിൻസന്റ് ഡി പോൾ, രൂപത കലോത്സവത്തിന്റെ ലിസ്റ്റ് നൽകേണ്ട അവസാന തീയതി

29 വ്യാഴം - മാലാഖമാരായ വി.മിഖായേൽ, ഗബ്രിയേൽ, റഫായേൽ

***പ്രവർത്തനങ്ങൾ***

* മാതാപിതാക്കളുടെ വിശുദ്ധീകരണത്തിനായി നോമ്പെടുത്ത് പ്രാർത്ഥിക്കുന്നു

* മാലിപറമ്പിൽ ദിനം CML ഡയറക്ടേഴ്സ് ദിനമായി ആചരിക്കുന്നു, എല്ലാ തലത്തലങ്ങളിലും ഡയറക്ടർമാരെ ആദരിക്കുന്നു, മേഖലാ മത്സരങ്ങൾ നടത്തുന്നു.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

### സെപ്റ്റംബർ മാസ പ്രോഗ്രാം

| | |
|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | വി. വിൻസെന്റ് ഡി പോൾ |
| പ്രാർത്ഥനാ നിയോഗം | എല്ലാ അധ്യാപകർക്കും വേണ്ടി |
| സുകൃതജപം | എന്റെ കാവൽ മാലാഖയെ എനിക്ക് കൂട്ടായിരിക്കണമെ. |
| വചനം | ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു (ലൂക്കാ1:49) |

| | | |
|---|---|---|
| 01 വ്യാഴം | - | എട്ടുനോമ്പാരംഭം |
| 05 തിങ്കൾ | - | വി. മദർ തെരേസയുടെ തിരുനാൾ, അധ്യാപകദിനം |
| 06 ചൊവ്വ | - | മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം |
| 08 വ്യാഴം | - | പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ, തിരുവോണം |
| 14 ബുധൻ | - | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 27 ചൊവ്വ | - | വി. വിൻസന്റ് ഡി പോൾ |
| 29 വ്യാഴം | - | മാലാഖമാരായ വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| പ്രവൃത്തി | - | നമ്മെ പഠിപ്പിക്കുന്ന ഓരോ അധ്യാപകരെയും കുറിച്ച് അവരിലൂടെ ലഭിച്ച അറിവുകളും നന്മകളും ചേർത്ത് ഒരു കത്ത് എഴുതുക. അധ്യാപക ദിനത്തിൽ നൽകുന്നത് കൂടുതൽ അഭിലഷണീയം. |
| ഗീതം | - | പരിശുദ്ധ മാതാവിന്റെ ഒരു ഗീതം പഠിപ്പിക്കുക |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം



# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെനേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ആഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾ 13, 27 തീയതികളിൽ നടന്നു. സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി അധ്യാപകനുമായ ബഹു. ഡോ. ജോസഫ് ചാലാശ്ശേരി അച്ചൻ 'വിശ്വാസജീവിതത്തിന്റെ ശക്തി കേന്ദ്രമായ വിശുദ്ധ കുർബാന' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസുകൾ നയിച്ചു. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ആഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസിന്റെ പുതിയ ബാച്ചിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഗൂഗിൾ മീറ്റിലൂടെ നടത്തുന്നു. അമ്പതോളം പേർ ക്ലാസിൽ സംബന്ധിക്കുന്നുണ്ട്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. ഈ ക്ലാസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 8281346179 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്തകൾ

### അൽഫോൻസാദിനം

അഭിവന്ദ്യ മാർ റമീജിയോസ് പിതാവിന്റെ ജന്മദിനത്തോടും, സെമിനാരിയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടും അനുബന്ധിച്ച് ജൂലൈ 27-ാം തീയതി, അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പിക്കപ്പെട്ടു. അന്നേദിവസം വൈകുന്നേരം സെമിനാരി വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ കലാവിരുന്ന് 'ജോയിയ 2022' ആ ദിനത്തെ കൂടുതൽ വർണ്ണാഭമാക്കി.

### ജൂലൈ 28 അൽഫോൻസാമ്മയുടെ തിരുനാൾ ദിനം

മേരിമാതാ കത്തീഡ്രലിൽ വച്ച് നടന്ന ദിവ്യബലിയിലും നൊവേനയിലും പ്രദക്ഷിണത്തിലും സ്നേഹവിരുന്നിലും സെമിനാരി വിദ്യാർത്ഥികൾ പങ്കുചേർന്നു.

### ആഗസ്റ്റ് 4 വൈദിക ദിനം

ആഗസ്റ്റ് 4-ാം തീയതി ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ സെമിനാരി കുടുംബം സാഘോഷം കൊണ്ടാടി. അന്നേദിവസം നടത്തപ്പെട്ട മീറ്റിംഗിൽ മുഖ്യാതിഥിയായി എത്തിയത് താമരശ്ശേരി കത്തീഡ്രൽ വികാരി പെരിയ ബഹു മാത്യു പുളിമൂട്ടിലച്ചനായിരുന്നു. അന്നേദിനത്തിന്റെ സന്ദേശവും അച്ചന്റെ പൗരോഹിത്യ ജീവിതാനുഭവങ്ങളുമെല്ലാം അച്ചൻ വൈദികവിദ്യാർത്ഥികളുമായി പങ്കുവച്ചു. വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വൈദികർ തമ്മിൽ ബാസ്കറ്റ്ബോൾ മാച്ചു നടത്തി.

### ആഗസ്റ്റ് 7 ഉപകാരിദിനം

ആഗസ്റ്റ് 7-ാം തീയതി ഞായറാഴ്ച സെമിനാരി കുടുംബം ഉപകാരികളുടെ സംഗമം നടത്തി. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയോടുകൂടി പരിപാടികൾ ആരംഭിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ സെമിനാരി വിദ്യാർത്ഥികളുടെയും ഉപകാരികളുടെയും പരിപാടികൾ നടത്തപ്പെട്ടു. 70 ഓളം പേര് ഉപകാരി സംഗമത്തിൽ പങ്കെടുത്തു.

### സ്വാതന്ത്ര്യദിനവും, മാതാവിന്റെ സ്വർഗാരോപണ തിരുനാളും

മാതാവിന്റെ സ്വർഗാരോപണ തിരുനാളും ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനവും സെമിനാരി കുടുംബം ആഘോഷിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അന്നേദിവസം റാസാ കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് വി. ബലിക്ക്ശേഷം ദേശീയപതാക ഉയർത്തി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സെമിനാരി വിദ്യാർത്ഥികൾക്ക് പ്രസംഗമത്സരവും നടത്തപ്പെട്ടു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# ആദരാഞ്ജലികൾ



## സി. തെരേസ് മേരി CMC

ദൈവം കനിഞ്ഞു നല്കിയ തന്റെ ജീവിതവും കർമ്മവും കൊണ്ട് മലബാർ സി എം സി യുടെ വളർച്ചക്ക് നിർണായകമായ പങ്കുവഹിച്ച സി. തെരേസ് മേരി 1941 ഫെബ്രുവരി 26 ന് പുതുപ്പറമ്പിൽ ജോസഫ് മറിയം ദമ്പതികളുടെ ഏഴു മക്കളിൽ അഞ്ചാമത്തെ മകളായി പാല രൂപതയിലെ മലയിഞ്ചിപ്പാറ എന്ന സ്ഥലത്ത് ജനിച്ചു. 1961 ഏപ്രിൽ 24 -ാം തിയ്യതി പാലാ രുപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് സഭാവസ്ത്രം സ്വീകരിക്കുകയും പ്രഥമ വ്രതവാഗ്ദാനം നടത്തി സി. തെരേസ് മേരി എന്ന നാമം സ്വീകരിക്കുകയും ചെയ്തു.

1968 മുതൽ 1998 ൽ അധ്യാപന ജോലിയിൽനിന്ന് വിരമിക്കുന്നതുവരെ 30 വർഷക്കാലം തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ അധ്യാപികയായിരുന്നു. സഹപ്രവർത്തകർക്കും ശിഷ്യഗണത്തിനും കണ്ടുമുട്ടിയ എല്ലാവർക്കും ദൈവസാന്നിധ്യത്തിന്റെ അടയാളമായി മാറിയ അനുഗ്രഹീത ജന്മമായിരുന്നു സിസ്റ്ററിന്റേത്. അവിഭക്ത തലശ്ശേരി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ, താമരശ്ശേരി സെന്റ് മേരീസ് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ, ജൂനിയർ മിസ്ട്രസ്സ്, പ്രൊവിൻഷ്യൽ സെക്രട്ടറി, അസി. പ്രൊവിൻഷ്യൽ, ഓർഫനേജ് ഡയറക്ടർ, ലോക്കൽ സുപ്പീരിയർ എന്നീ മേഖലകളിൽ നിസ്തുലമായ ശുശ്രൂഷ ചെയ്ത് സന്യാസിനീസമൂഹത്തിന് കരുത്തും ബലവും പകർന്നു. ഔദ്യോഗിക പദവികളിൽനിന്ന് വിരമിച്ചശേഷം പുഷ്പഗിരി ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്ന കാലഘട്ടങ്ങളിലും പ്രാർത്ഥനയിലൂടെ അനേകർക്ക് കരുത്തുപകരാൻ അമ്മയ്ക്ക് കഴിഞ്ഞു.

മാരകമായ കാൻസർ രോഗമാണെന്ന അറിഞ്ഞ നാൾമുതൽ നല്ല മരണത്തിനായി പ്രാർത്ഥിച്ച് സിസ്റ്റർ 2022 ആഗസ്റ്റ് 05 ന് ആ ലോകത്തോട് വിടപറഞ്ഞു. മൃതസംസ്കാരകർമ്മങ്ങൾ 2022 ആഗസ്റ്റ് 06 ന് തിരുവമ്പാടി പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിച്ച്, തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു

വിശുദ്ധിയോടെ സമർപ്പണം ജീവിച്ച് അനേകർക്ക് അനുഗ്രഹമായി മാറിയ സി. തെരേസ് മേരിയുടെ ധന്യമായ ജീവിതം മലബാറിലെ സഭയ്ക്ക് എന്നും മാതൃകയും പ്രചോദനവുമായിരുന്നു. ആത്മാവിന് നിത്യശാന്തി നേരുന്നു.

# ആദരാഞ്ജലികൾ

## സി. ജോൺസീന മറ്റത്തിൽ SABS



"നിന്റെ വഴികളെല്ലാം നീ ഒരുക്കിയിട്ടുള്ളവയാണ്. നിന്റെ വിധി മുൻകൂട്ടിയുള്ള അറിവോടു കൂടിയതുമത്രേ". (യൂദിത്ത്.9/6)

പാലാ രൂപതയിൽ വെള്ളാനിക്കാട് ഇടവകയിൽ മറ്റത്തിൽ പരേതയായ ആഗസ്തി-മറിയം ദമ്പതികളുടെ മൂത്ത മകളായി 1944 ഏപ്രിൽ 12-ന് സി. ജോൺസീന ജനിച്ചു. സന്യാസ പരിശീലനത്തിന് ശേഷം 1966 ഏപ്രിൽ 28-ന് ആദ്യവ്രതം നടത്തി .1972 ഏപ്രിൽ 5-ന് നിത്യവ്രതവാഗ്ദാനത്തിലൂടെ ദിവ്യകാരുണ്യ ഈശോയ്ക്ക് തന്നെ ത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചു. നഴ്സറി ട്രെയിനിംഗ് പൂർത്തിയാക്കിയ അമ്മ കുഞ്ഞുങ്ങൾക്ക് അറിവിന്റെ ബാലപാഠങ്ങൾ പകർന്നുകൊടുക്കുന്നതിൽ ആനന്ദവും സന്തോഷവും കണ്ടെത്തി. സുപ്പീരിയർ, ഫൈനാൻസ് ഓഫീസർ എന്നീ ജോലികൾ വളരെ നിഷ്ഠയോടും കൃത്യതയോടും കൂടെ സിസ്റ്റർ നിർവ്വഹിച്ചു. ജീവിതലാളിത്യം, കഠിനാധ്വാനം, അനുസരണം, അധികാര വിധേയത്വം തുടങ്ങിയ സുകൃതങ്ങൾ ജോൺസീനാമ്മയിൽ പ്രശോഭിച്ചിരുന്നു. വൈദിക ജീവിതത്തേയും സന്യാസജീവിതത്തേയും വളരെ ആദരവോടുകൂടി കണ്ടിരുന്ന സി. ജോൺസീന മാനന്തവാടി, കോഴിച്ചാൽ, പാലാവയൽ, പനത്തടി, മാലോം, മണിക്കടവ്, ആനക്കാംപൊയിൽ, പുല്ലൂരാംപാറ, വിലങ്ങാട്, മരുതോങ്കര, പടത്തുകടവ്, വിളക്കാംതോട്, മഞ്ഞുവയൽ എന്നീ ഇടവകകളിൽ സേവനം ചെയ്തിട്ടുണ്ട്.

2016-ൽ സമർപ്പണ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച സിസ്റ്റർ തന്റെ രോഗപീഡകളെല്ലാം ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിച്ചിരുന്നു. പലവിധ രോഗാവസ്ഥകളാൽ വിഷമിച്ചിരുന്ന സി. ജോൺസീന 2022 ഓഗസ്റ്റ് 20-ന് MST സാന്തോം മൈനർ സെമിനാരി റെക്ടർ ബഹു. ജോർജ്ജ് മാമ്പിള്ളിൽ അച്ചനിൽനിന്ന് രോഗീലേപനം സ്വീകരിച്ച് ഓഗസ്റ്റ് 24-ന് രാവിലെ 8.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ആഗസ്റ്റ് 25 -ാം തീയതി രാവിലെ 10.45 ന് വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയുടെ കാർമികത്വത്തിൽ താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മൃതസംസ്ക്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു. സി. ജോൺസീനായുടെ പാവനാത്മാവിനു നിത്യശാന്തി നേരുന്നു.

# സ്റ്റാർട്ട്

## പുതിയ അധ്യയന വർഷത്തിന് തുടക്കമായി

സ്വഭാവ വൈശിഷ്ട്യവും, സാമൂഹിക പ്രതിബദ്ധതയും, ഉയർന്ന ധാർമ്മിക ബോധവുമുള്ള മുൻനിര നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന മുഖ്യലക്ഷ്യത്തോടെ സ്റ്റാർട്ടിന്റെ 2022-23 വർഷത്തെ Master Training Course (MTC) ന്റെ ഉദ്ഘടനം 2022 ആഗസ്റ്റ് 10 നു താമരശ്ശേരി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. സ്റ്റാർട്ടിന്റെ പുതിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം തദവസരത്തിൽ പിതാവ് നടത്തി. 2022-23 വർഷത്തെ ഹാൻഡ് ബുക്ക് അഭിവന്ദ്യ പിതാവ് വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരക്ക് കൈമാറികൊണ്ട് പ്രകാശനം ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ ഫിനാൻസ് ഓഫീസർ ബഹു. ഫാ. കുര്യാക്കോസ് മുകാലയിൽ സന്നിഹിതനായിരുന്നു.

പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ MA Integrated Sociology യിൽ First Rank with ഗോൾഡ് മെഡൽ കരസ്ഥമാക്കിയ പൂർവ്വവിദ്യാർഥിനി ടിൻറു സെബാസ്റ്റ്യനെ ഈയവസരത്തിൽ ആദരിച്ചു. തുടർന്ന് സ്റ്റാർട്ടിന്റെ ലക്ഷ്യത്തെയും, സവിശേഷതകളെയുംകുറിച്ച് വിദ്യാർത്ഥികൾ സംസാരിച്ചു. മാതാപിതാക്കളുടെ സാന്നിധ്യം ചടങ്ങിനെ ധന്യമാക്കി. ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടുവാനും മികവുറ്റ പഠനം പൂർത്തിയാക്കാനും, നേതൃത്വപദവികളിൽ എത്താനും START വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്നു.

## Visit from Holland

ഹോളണ്ടിൽനിന്ന് സെന്റ് തോമസ് ഫൗണ്ടേഷന്റെ പ്രസിഡന്റ് റവ. ഡോ. ജെറാർഡ്, ജനറൽ സെക്രട്ടറി റവ. ഡോ ജോർജ് പയ്യമ്പിള്ളി എന്നിവർ 2022 ആഗസ്റ്റ് 18-ാം തീയതി START വിദ്യാർത്ഥികളെ സന്ദർശിക്കുകയും, സ്റ്റാർട്ടിനെകുറിച്ചുള്ള പ്രതീക്ഷകൾ പങ്കുവെക്കുകയും ചെയ്തു. ആധുനിക കാലഘട്ടത്തിൽ സ്റ്റാർട്ട് പോലെയുള്ള സ്ഥാപനങ്ങളുടെ പ്രാധാന്യം ഏറെ വലുതെന്നു അവർ അഭിപ്രായപ്പെട്ടു.

## ബ്രില്യന്റിനു താമസ സൗകര്യം ഒരുക്കി സ്റ്റാർട്ട്

പാലാ ബ്രില്യന്റിന്റെ നൂറ് വിദ്യാർത്ഥികൾ സ്റ്റാർട്ടിൽ താമസിച്ച് മെഡിക്കൽ, എഞ്ചിനിയറിങ്ങ് കോച്ചിങ് നടത്തുന്നു. അച്ചടക്കത്തിലും ആത്മീയതയിലും വളരാൻ സ്റ്റാർട്ട് ക്യാമ്പസ് ഇവർ ഉപയോഗപ്പെടുത്തുന്നു.

## Comprehensive Basic and Advanced English Course

ഇംഗ്ലീഷ് ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇഗ്ലീഷ് പഠനം, യുക്തിവിചാരം (Logical Reasoning) എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയ E-learning course പുതിയ ബാച്ചുകൾ എല്ലാ മാസവും 15 നു ആരംഭിക്കും. ഇതിനകം ധാരാളം വിദ്യാർത്ഥികളും സമർപ്പിതരും ഈ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. സ്റ്റാർട്ട് വെബ് സൈറ്റ് വഴി നൽകപ്പെടുന്ന ക്ലാസ്സുകൾ ഏത് സമയത്തും പങ്കെടുക്കാൻ പറ്റുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. പുതിയ ബാച്ചുകളിൽ ചേരുന്നതിനായി താത്പര്യപ്പെടുന്നവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക.

## അവധിക്കാലം വിജ്ഞാനപ്രദമാക്കാൻ START EUREKA MOMENT CAMP

വർഷങ്ങളായി START നടത്തിവരുന്ന 6, 7, 8, 9,10, 11 ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 4-6 വരെയുള്ള ദിവസങ്ങളിൽ START EUREKA MOMENT CAMP നടത്തപ്പെടുന്നു. വിശ്വാസവും മൂല്യബോധവും ധാർമികതയും വളർത്തി സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്യുന്നതിനും സിവിൽ സർവ്വീസ് വരെയുള്ള ഏത് പരീക്ഷയ്ക്കും ചിട്ടയായി പരിശീലിപ്പിക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകുന്നതാണ് ഈ ക്ലാസ്സുകൾ. അച്ചടക്കവും ലക്ഷ്യബോധവും കൈമുതലാക്കാൻ ഇത്തരം ക്ലാസ്സുകൾ വിദ്യാർത്ഥികളെ സഹായിക്കുന്നു. ഗ്രൂപ്പ്ചർച്ചുകളും പൊതുവിജ്ഞാനവും ക്യാമ്പിൽ ഉൾപെടുന്നു. ഒരോ വിദ്യാർത്ഥിയുടെയും വ്യക്തിത്വവികസനത്തിന് നാഴികക്കല്ലാണ് ഇത്തരം ക്യാമ്പുകൾ.

ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഇടവകകളിൽ നിന്നും കുട്ടികളെ തിരഞ്ഞെടുത്ത് പറഞ്ഞുവിടുമല്ലോ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികളായിരിക്കും മുൻഗണന താത്പര്യമുള്ളവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക. ഓഫീസ്: 0495 2357843, 9037107843 (WhatsApp); E-mail: startindia@gmail.com.

Administrative Director: 9744458111; E-mail: startofficial22@gmail.com.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിങ്ങ് ആന്റ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ കൗൺസിലിങ്ങും ക്ലാസ്സുകളും ഓഫ് ലൈനായുംഓൺലൈനായും നടത്തുന്നു.

കൗൺസിലിംങ്ങ് രംഗത്ത് പുതുതലമുറയെ വാർത്തെടുക്കുന്നതിനായി, രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് കൗൺസിലിങ്ങ് സൈക്കോളജിയിൽ എം.എസ്.സി യും കോഴിക്കോട് സർവ്വകലാശാലയുമായി സഹകരിച്ച് ഡിപ്ളോമ കോഴ്സുകളും നടക്കുന്നു.

കപ്പൂച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM Cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) JPI യിലെ ഫാക്കൽറ്റിയായി സേവനം ചെയ്യുന്നു. തിങ്കൾ, ചൊവ്വ, ബുധൻ ജിവസങ്ങളിൽ ജോജി അച്ചന്റെ സേവനം കൗൺസിലിങ്ങിലും സംലഭ്യമാണ്.

- 2022-24 എം.എസ്.സി കൗൺസിലിങ്ങ് സൈക്കോളജി നാലാമത്തെ ബാച്ച്, താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഈ ബാച്ചിന്റെ ക്ലാസ്സുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

**ആശംസകൾ**

- ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഏർപ്പെടുത്തിയ "ദീൻ ദയാൽ ഇപാധ്യായ അന്ത്യോദയ കൃഷി" ദേശീയ പുരസ്കാരം നേടിയ രണ്ടുപ്ലാക്കൽ ബിന്ദു ജോസഫ് (MSc in Counseling Psychology JPI Student 2021-2023 Batch)
- LLB ബിരുദം കരസ്ഥമാക്കി വക്കീൽ ആയി സേവനം ആരംഭിച്ച ശ്രീ. ഉമ്മർ പുതിയാട്ടിൽ (MSc in Counseling psychology JPI student, (2020-2022 Batch)
- സ്കൂൾ കുട്ടികളുടെ സൈക്കോ സോഷ്യൽ വേരിയബിൾ എന്ന വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ശ്രീ. ഉമ്മർ എൻ (MSC in Counseling Psychology JPI student 2021-23 Batch)

സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച മൂന്നു പേർക്കും പ്രസ്തുത ചടങ്ങിൽ അഭിവന്ദ്യ പിതാവ് മെമന്റോ നല്കി ആദരിച്ചു.

**മറ്റ് കോഴ്സുകൾ**

- ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിങ്ങ് (Only for priests and nuns) - (English) കോഴ്സിന്റെ ക്ലാസ്സുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.
- എം.എസ്.സി കൗൺസിലിംങ്ങ് സൈക്കോളജി (Ist year)
- എം.എസ്.സി കൗൺസിലിങ്ങ് സൈക്കോളജി (IInd year)

- ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിങ്ങ് സൈക്കോളജി
- ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിങ്ങ് (English)
- ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിങ്ങ് (Malayalam)

എന്നീ കോഴ്സുകളുടെ യൂണിവേഴ്സിറ്റി പരീക്ഷകൾ കഴിഞ്ഞു. കൗൺസിലിങ്ങ് ആവശ്യമുള്ളവരും കോഴ്സ് പഠിക്കാൻ താല്പര്യമുള്ളവരും JPI ഓഫീസുമായി ബന്ധപ്പെടുക, ഫോൺ: 9496575018, 9037379180

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## ആസാദി ക അമൃത് മഹോത്സവ്

ഭാരത സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ച് 12/08/2022 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവമ്പാടി അൽഫോൻസ കോളേജിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാനപ്പെട്ട മുഹൂർത്തങ്ങളെ ആസ്പദമാക്കി സംഗീതനൃത്തനാടക ദൃശ്യാവിഷ്ക്കാരം അരങ്ങേറി. ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ ശിപായി ലഹളയിൽ ആരംഭിച്ച്, ജാലിയൻ വാലാ ബാഗ്, ഭഗത്സിംഗ്, കിറ്റ്ഇന്ത്യാ സമരം, ദണ്ഡി മാർച്ച് മുതലായ വിവിധ സ്വാതന്ത്ര്യസമര സന്ദർഭങ്ങളിലൂടെ കടന്നുപോകുന്ന ദൃശ്യാവിഷ്കാരത്തിൽ കോളേജിലെ അമ്പത് വിദ്യാർത്ഥികളാണ് വേഷമിട്ടത്. അൽഫോൻസ കോളേജിലെ അധ്യാപകനും, നാടക പ്രവർത്തകനും, ജനചേതന കലാ സാംസ്കാരിക പഠനകേന്ദ്രം ഡയറക്ടറുമായ ഡോ. ജെയിംസ് പോളാണ് 'സ്വാതന്ത്ര്യത്തിന്റെ സ്മൃതിചിത്രങ്ങൾ' എന്ന ഈ സംഗീതനൃത്തനാടകത്തിന്റെ രചനയും സംവിധാനവും നിർവ്വഹിച്ചത്. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന പരിപാടിയിൽ രക്ഷിതാക്കളും സമീപവാസികളും പങ്കെടുത്തു. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ആസാദി ക അമൃത് മഹോത്സവത്തിന്റെ ഭാഗമായി സമീപ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും ക്ഷണിക്കപ്പെട്ട സദസ്സിലും ഈ പരിപാടി അവതരിപ്പിച്ചു. ഇതോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനത്തിൽ ഫൊറോനാ വികാരി. ബഹു. ഫാ. തോമസ് നാഗപറമ്പിൽ സ്വാതന്ത്ര്യദിന സന്ദേശം നല്കി. കോളേജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ അധ്യക്ഷനായിരുന്ന യോഗത്തിൽ പ്രിൻസിപ്പൽ ചാക്കോ കെ. വി. വൈസ്

പ്രിൻസിപ്പൽ ഫാ. ഷെനീഷ് സ്റ്റാഫ് സെക്രട്ടറി മി. സെബാസ്റ്റ്യൻ ചെറിയാൻ, വിദ്യാർത്ഥി അതുൽ എന്നിവർ സംസാരിച്ചു.

കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട് ബീച്ചിൽ ആഗസ്റ്റ് 14-ാം തിയതി 'ഫ്രീഡം ഈവ്' എന്ന പേരിൽ നടന്ന പരിപാടിയിൽ കാമ്പസ് ഓഫ് കോഴിക്കോടിന്റെ പ്രവർത്തനമായി 'സ്വാതന്ത്ര്യത്തിന്റെ സ്മൃതി ചിത്രങ്ങൾ' അവതരിപ്പിച്ചു. പ്രസ്തുത പരിപാടി ജില്ലാ കലക്ടറുടെയും നൂറുകണക്കിന് ആളുകളുടെയും പ്രശംസ പിടിച്ചുപറ്റി

### അൽഫോൻസ ദിനാചരണം:

ജൂലൈ 28 അൽഫോൻസ ഡേ യോടനുബന്ധിച്ച് വി. അൽഫോൻസയെക്കുറിച്ചു കൂടുതൽ അറിയുന്നതിനും മനസിലാക്കുന്നതിനുമായി വിവിധ മത്സരങ്ങളും പരിപാടികളും സംഘടിപ്പിച്ചു. ജൂലൈ 25, തിങ്കളാഴ്ച ഡോക്യുമെന്ററി പ്രദർശനം, പ്രസംഗ മത്സരം എന്നിവ നടന്നു. ജൂലൈ 26, ചൊവ്വ ക്വിസ് മത്സരവും അൽഫോൻസ ഗീത മത്സരവും നടത്തി.

ക്വിസ്മത്സരം രണ്ടു ഘട്ടങ്ങളിലായാണ് നടന്നത്. ആദ്യഘട്ടം ക്ലാസ് അടിസ്ഥാനത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും ആയി നടന്നു. ഓരോ ക്ലാസിൽ നിന്നും ഏറ്റവും കൂടുതൽ സ്കോർ ചെയ്ത രണ്ടു വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ടീം രൂപീകരിച്ച് ഫൈനൽ റൗണ്ട് നടത്തി. 27-ാം തിയതി നടന്ന സമ്മേളനത്തിൽ കല്ലുരുട്ടി ഇടവക വികാരി ബഹു. ഫാ. മാത്യു മാവേലിൽ സന്ദേശം നല്കി. മാനേജർ സ്കറിയ മങ്ങരയിൽ അധ്യക്ഷത വഹിച്ചു. ഡോ. ചാക്കോ കെ .വി, ഫാ. ഷെനീഷ് അഗസ്റ്റിൻ, ദീപ ഡൊമിനിക് വിദ്യാർത്ഥിനി അനൈന മാർട്ടിൻ എന്നിവർ പ്രസംഗിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നത വിജയം നേടിയ 16 കുട്ടികൾക്ക് തെക്കേമുഴയനാനിയിൽ പത്രോസ് ഏലിയാമ്മ സ്കോളർഷിപ്പും കരിമ്പനയ്ക്കൽ കുര്യൻ റോസമ്മ മെമ്മോറിയൽ സ്കോളർഷിപ്പും നല്കി ആദരിച്ചു. പൂർവ്വ വിദ്യാർത്ഥി അനന്തുവും ടീമും അവതരിപ്പിച്ച മ്യൂസിക് ബാന്റ് വേറിട്ട അനുഭവം പങ്കുവെച്ചു.

### ലോക മസ്തിഷ്ക ദിനം

2022 ലെ ലോക മസ്തിഷ്ക ദിനത്തോടനുബന്ധിച്ച് ജൂലൈ 21, 22 തിയ്യതികളിൽ സൈക്കോളജി വിഭാഗം വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഈ വർഷത്തെ വിഷയം 'എല്ലാവർക്കും മസ്തിഷ്ക ആ രോഗ്യം' അടിസ്ഥാനമാക്കി തലച്ചോറിന്റെ ആരോഗ്യത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിച്ചു. മനുഷ്യന്റെ സമഗ്രമായ ആരോഗ്യത്തിന് തലച്ചോറിന്റെ ആരോഗ്യം വളരെ പ്രധാനപ്പെട്ടതാണ് എന്ന ബോധ്യം നല്കുന്ന ബ്രെയിൻ ഗെയിമുകൾ,

ബ്രെയിൻ ജിമ്മിനെക്കുറിച്ചുള്ള വർക്ക്ഷോപ്പ്, മസ്തിഷ്ക ആരോഗ്യത്തെക്കുറിച്ചുള്ള അറിവ് പങ്കിടൽ എന്നിങ്ങനെയുള്ള പരിപാടികൾ നടത്തി. സൈക്കോളജി ഡിപ്പാർട്ട്മെന്റ് മേധാവി ശ്രീമതി സ്നേഹ മാത്യു, അധ്യാപകരായ അനിൽ കുമാർ, നിവേദിത എന്നിവരും സ്വാൻലൂയി സെബാസ്റ്റ്യൻ, നവനീത്, ലിയ മരിയ, ആഗ്നസ് ജോഷി, ഗൗതമി, മേഘ്ന, സ്നേഹ, അജന്ത, അമൽ, ഷിഹാൻ, ഷാഹില എന്നി  വിദ്യാർത്ഥികളും നേതൃത്വം വഹിച്ചു.

### അൽഫോൻസ ഗീതം

കോളേജിന്റെ ഔദ്യോഗിക ഗീതവും ആന്തവും റിലീസ് ചെയ്തു. അൽഫോൻസ ഡേ യോടനുബന്ധിച്ച് നടന്ന ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന റവ. ഫാ. മാത്യു മാവേലിയാണ് റിലീസ് ചെയ്തത്. അൽഫോൻസ കോളേജിന്റെ മധ്യസ്ഥയായ വി. അൽഫോൻസാമ്മയോടുള്ള മധ്യസ്ഥ പ്രാർത്ഥനയും ക്രിസ്തീയ സനാതന മൂല്യങ്ങളും ഉൾപ്പെടുന്നതാണ് ഒന്നര മിനിറ്റ് ആലാപന ദൈർഘ്യമുള്ള അൽഫോൻസ ഗീതം. കോളേജിന്റെ ആപ്ത വാക്യമായ 'സത്യത്തിന്റെ സാക്ഷികളാകുക' എന്ന സന്ദേശം ഉൾപ്പെടുത്തി പ്രശസ്ത ക്രിസ്തീയ ഭക്തി ഗാന രചയിതാവും സംഗീത സംവിധായകനുമായ റവ. ഡോ. ഫാ. ചെറിയാൻ കുനിയന്തോടത്താണ് ഗീതത്തിന്റെ വരികൾ രചിച്ച് ചിട്ടപ്പെടുത്തിയത്.

### കൊമേഴ്സ് ഡേ ആചരിച്ചു

ഓഗസ്റ്റ് ഒന്നാം തീയതി കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കൊമേഴ്സ് ഡേ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി ഉദ്ഘാടനം നിർവഹിച്ചു. ഫാ. ഷെനീഷ് അഗസ്റ്റിൻ, ഡിപ്പാർട്ട്മെന്റ് മേധാവി സാനമ്മ പി.വി എന്നിവർ ആശംസ അറിയിച്ചു. കൊമേഴ്സ് വിദ്യാർത്ഥികൾക്കായി ലോഗോ ഹണ്ട് മത്സരം സംഘടിപ്പിച്ചു. ഓഗസ്റ്റ് രണ്ടാം തീയതി കോമേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി സംവാദം സംഘടിപ്പിച്ചു. തൊഴിലിടങ്ങളിൽ സ്ത്രീ പുരുഷ സമത്വം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സംവാദം സംഘടിപ്പിച്ചത്. സംരംഭകരായ വിദ്യാർത്ഥികൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

ALPHA
Inspire to Illumine

# ആൽഫ മരിയ അക്കാദമി

## സ്വാതന്ത്ര്യ ദിന ക്വിസ്

75 -ാമത് സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ആൽഫ മരിയ അക്കാദമി പെരിന്തൽമണ്ണ അമല അക്കാദമിയിൽ വെച്ച് നടത്തിയ സ്വാതന്ത്ര്യദിന ക്വിസ് മത്സരത്തിൽ റിഷോൻ ഒന്നാം സ്ഥാനവും, സി എസ് അവനീത്, നന്ദന കൃഷ്ണ എന്നിവർ രണ്ടാം സ്ഥാനവും, തമൻന്ന റോസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

പെരിന്തൽമണ്ണ ഫൊറോന ചർച്ച വികാരി ഫാ. ജിൽസ് കാരികുന്നേൽ ഉദ്ഘാടനം നിർവഹിച്ച പ്രോഗ്രാമിൽ ശ്രീ. അബ്രഹാം പൈനാപ്പിള്ളി സ്വാതന്ത്ര്യദിന ക്വിസിന് നേതൃത്വം കൊടുക്കുകയും പുത്തനങ്ങാടി സെന്റ് ജോസഫ് സ്കൂൾ പ്രിൻസിപ്പാൾ ഫാ. പ്രേംകുമാർ CFIC സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു.

## ജർമ്മൻ ഭാഷാ പരിശീലനം

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ജർമൻ ഭാഷാ പരിശീലനത്തിന്റെ A1, A2 ബാച്ചുകൾ 2022 സെപ്റ്റംബർ 12 കോഴിക്കോട് ചേവരമ്പലത്തുള്ള സ്റ്റാർട്ടിൽ വച്ച് ആരംഭിക്കുന്നു. ജർമൻ ഭാഷ പരിശീലനത്തിൽ മികച്ച് നിൽക്കുന്ന സൺറൈസ് താലന്ത് ഭാഷാ സ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം നടക്കുന്നത്. ജർമ്മനിയിൽ വിവിധ ജോലി സാധ്യതകൾ അനുസരിച്ചുള്ള പ്ലേസ്മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ് ടു അടിസ്ഥാന യോഗ്യത ഉള്ളവർക്കാണ് ജർമ്മൻ ഭാഷ പഠിക്കാനുള്ള അവസരം ഉള്ളത്.

## ഇഗ്ലെസ്റ്റിയ (Englestia)

40 മണിക്കൂർ ദൈർഘ്യമുള്ള ഇംഗ്ലീഷ് ഗ്രാമർ, സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം സെപ്റ്റംബർ 3 ന് തിരുവമ്പാടി ആൽഫ മരിയ അക്കാദമിയിൽ വച്ച് ആരംഭിക്കുന്നു.

## സ്കൂൾ പഠനത്തോടൊപ്പം ഓൺലൈൻ സിവിൽ സർവ്വീസ് പരിശീലനവും

'ക്യാച്ച് ദി യങ്' പ്രോഗ്രാമിന്റെ ഭാഗമായി അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള കുട്ടികളെ ഉയർന്ന ലക്ഷത്തിൽ എത്തിക്കുന്നതിന് വേണ്ടി സിവിൽ സർവീസ് ഉൾപ്പെടെ മറ്റ് മത്സര പരീക്ഷകൾക്ക് താഴെ പറയുന്ന പഠനവിഷയങ്ങളുടെ പരിശീലനവുമായി ആൽഫ മരിയ അക്കാദമി അതിന് അവസരമൊരുക്കുന്നു.

## പഠനവിഷയങ്ങൾ

പൊതുവിജ്ഞാനം, ചരിത്രം, സാമ്പത്തികശാസ്ത്രം, ജനറൽ സയൻസ്, മെന്റൽ എബിലിറ്റി, പ്രസംഗ പരിശീലനം, ആനുകാലിക ചോദ്യങ്ങൾ, ഭൂമിശാ

സ്ത്രം, ഇന്ത്യൻ രാഷ്ട്രിയവും ഭരണഘടനയും, ലോജിക്കൽ റീസണിങ്, സോഫ്റ്റ് സ്കിൽ പരിശീലനം.

ക്ലാസുകൾ എല്ലാ ശനിയാഴ്ചകളിലും മറ്റു പൊതു അവധി ദിവസങ്ങളിലും വൈകുന്നേരം 7 മണി മുതൽ 8 മണിവരെ ആയിരിക്കും. ഓൺലൈനായി നടക്കുന്ന ടെസ്റ്റിലൂടെയും തുടർന്നുവരുന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലുമായിരിക്കും പ്രവേശനം.

### കെ-ടെറ്റ് പരിശീലനം

അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് കെ-ടെറ്റ് നിർബന്ധമാക്കിയിരിക്കുന്നതിനാൽ കെ-ടെറ്റിനുള്ള പരിശീലനം സെപ്റ്റംബർ 3 ന് തിരുവമ്പാടി ആൽഫ മരിയ അക്കാദമിയിൽ വച്ച് ആരംഭിക്കുന്നു. കാറ്റഗറി I & II എഴുതുന്നവർക്കാണ് പരിശീലനം നൽകുന്നത്.

കൂടുതൽ വിവരങ്ങൾക്ക് 0495-2962180, 8590326303, 9946865818 നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# ഇൻഫാം

### കർഷക ദിനം കരിദിനമായി ആചരിച്ചു

കേരള കർഷക അതിജീവന സംയുക്ത സമിതിയുടെ ആഭിമുഖ്യത്തിൽ ചിങ്ങം ഒന്നാം തീയതി കർഷകദിനത്തിൽ കേരളത്തിലെ കർഷകർ കരിദിനമായി ആചരിച്ചു. മാറി മാറി വരുന്ന കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കർഷകരോട് കാണിക്കുന്ന അവഗണനയ്ക്കെതിരെയും അശാസ്ത്രീയ ബഫർ സോൺ പ്രഖ്യാപനത്തിനെ തിരെയും പരിസ്ഥിതി ലോല മേഖലയിലെ അപാകതകൾ പരിഹരിക്കാതിരിക്കുന്നതിനെതിരെയും വന്യ മൃഗശല്യത്തിനെതിരെ നടപടികൾ സ്വീകരിക്കാത്തതിനെതിരെ യുമാണ് കർഷക ദിനം കരിദിനമായി ആചരിച്ചത്. താമരശ്ശേരി മേരിമാതാ കത്തീഡ്രൽ കവാടത്തിൽ നിന്ന് താമരശ്ശേരി താലൂക്ക് ഓഫീസിലേക്ക് നടത്തിയ പ്രകടനത്തിൽ നൂറുകണക്കിന് കർഷകർ പങ്കെടുത്തു. താലൂക്ക് ഓഫീസിന്റെ മുമ്പിൽ നടത്തിയ ധർണ്ണ രൂപത ചാൻസിലർ ഫാ. ബെന്നി മുണ്ടനാട്ട് ഉദ്ഘാടനം ചെയ്തു. മലയോര കർഷക സംരക്ഷണ സമിതി സംസ്ഥാന ചെയർമാൻ ഡോ. ചാക്കോ കാളംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ഇൻഫാം ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ കത്തീഡ്രൽ വികാരി ഫാ. മാത്യു പുളിമൂട്ടിൽ തിരുവമ്പാടി ഫൊറോന വികാരി ഫാ.

തോമസ് നാഗപറമ്പിൽ ഇൻഫാം താമരശ്ശേരി രൂപത പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ, രൂപത സെക്രട്ടറി ശ്രീ. ബോണി ആനത്താനത്ത്, ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ, മേഖലാ പ്രസിഡണ്ട്മാരായ തോമസ് പുത്തൻപുരയിൽ. ജോയി നെടുമ്പള്ളി കെ കെ എ എസ് എസ് പ്രതിനിധികളായ ശ്രീ. ഡെന്നിസ് ചാത്തൻകണ്ടത്തിൽ, ഷിനോയി അടയ്ക്കാപാറ, ശ്രീ. ഫൈസി കൂടത്തായി എന്നിവർ പ്രസംഗിച്ചു.

## ഇൻഫാം പ്രതിനിധികൾ മലനാട് ഡെവലപ്മെൻറ് സൊസൈറ്റി സന്ദർശിച്ചു

താമരശ്ശേരി രൂപത ഇൻഫാം ഡയറക്ടർ ജോസ് പെണ്ണാപറമ്പിൽ രൂപത പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ രുപതാ ട്രഷറർ ശ്രീ. ബ്രോണി നമ്പ്യാപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന മലനാട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ നാനാവിധമായ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയും കണ്ടു മനസ്സിലാക്കുകയും ചെയ്തു. മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഡയറി ഫാം, തേൻ പ്രോസസിംഗ് യൂണിറ്റ്, വെളിച്ചെണ്ണ നിർമ്മാണ ഫാക്ടറി, ബ്രഡ് നിർമ്മാണ ഫാക്ടറി എന്നിവ സന്ദർശിച്ച്. മലനാട് ഡെവലപ്മെൻറ് സൊസൈറ്റി ഡയറക്ടറും രൂപത സോഷ്യൽ സർവീസ് ഡയറക്ടറുമായ ഫാ. തോമസ് മറ്റമുണ്ടയിൽ ഫാ. ആൽബിൻ പുൽത്തകിടിയിൽ എന്നിവർ വിവിധങ്ങളായ പ്രവർത്തനങ്ങളെക്കുറിച്ച് വിവരണം നൽകി

## ബേബി പെരുമാലിന്റെ ആകസ്മിക വേർപാട് കർഷക ജനതയ്ക്ക് തീരാനഷ്ടം

ഇൻഫാമിന്റെ സ്ഥാപക നേതാക്കളിൽ ഒരാളും, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി സെക്രട്ടറിയും, താമരശ്ശേരി രൂപത പാസ്റ്ററൽ കൗൺസിൽ അംഗവുമായിരുന്ന ശ്രീ. ബേബി പെരുമാലിന്റെ നിര്യാണത്തിൽ ഇൻഫാം താമരശ്ശേരി രൂപത കമ്മിറ്റി അനുശോചിച്ചു. എറണാകുളത്ത് കെസിബിസിയുടെ നേതൃത്വത്തിൽ നടന്ന ഒരു മീറ്റിങ്ങിൽ പങ്കെടുത്തശേഷം കോഴിക്കോട് നിന്ന് തിരുവമ്പാടിയിലേക്കുള്ള യാത്രയിൽ തിങ്കളാഴ്ച വെളുപ്പിന് മണാശേരിയിൽ വച്ചുണ്ടായ അപകടത്തിലാണ് അദ്ദേഹത്തിന്റെ ആകസ്മിക മരണ സംഭവിച്ചത്. കർഷകരുടെ ശബ്ദമായി വളരെക്കാലം ഇൻഫാമിന്റെ മുൻ ദേശീയ ഡയറക്ടർ ആൻറണി കൊഴുവനാൽ അച്ചനോടൊപ്പം ദീർഘകാലം പ്രവർത്തിച്ച കർമനിരതനായ പ്രവർത്തകനായിരുന്നു ബേബി ചേട്ടൻ. സഭയ്ക്കും, ക്രിസ്തീയ സമുദായത്തിനും, കർഷക ജനതയ്ക്കും വേണ്ടി അക്ഷീണം പ്രയത്നിച്ച ഒരു വ്യക്തിത്വം. അദ്ദേഹത്തിന്റെ അകാലവേർപാട് ഇൻഫാമിന് കനത്ത ആഘാതമാണ് സൃഷ്ടിച്ചത് എന്ന് ഇൻഫാം രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഇൻഫാം രൂപത പ്രസിഡണ്ട് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ, രൂപതാ സെക്രട്ടറി ബോണി ആനത്താനം, ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ തുടങ്ങിയവർ അനുശോചനക്കുറുപ്പിൽ അറിയിച്ചു.

### ഇൻഫാം അംഗത്വ വിതരണം ആരംഭിച്ചു

താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ സംഘടനയിലേക്ക് പുതുതായി അംഗങ്ങളെ ചേർക്കുന്ന ചടങ്ങ് തെയ്യപ്പാറ സെൻറ് തോമസ് പള്ളി യിൽ വച്ച് ഇൻഫാം രൂപത ഡയറക്ടറും സെൻറ് തോമസ് പള്ളി വികാരിയുമായ ഫാ. ജോസ് പെണ്ണാപറമ്പിൽ നിർവഹിച്ചു. തെയ്യപ്പാറ പള്ളിയിൽ വച്ച് നടന്ന മീറ്റിംഗിൽ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മൂല്യ വർദ്ധിത ഉ ത്പന്നങ്ങളുടെ ചെറുകിട യൂണിറ്റുകളെ ക്കുറിച്ചും അവയ്ക്ക് വേണ്ടി നടത്തപ്പെടു ന്ന ട്രെയിനിംങ്ങുകളെകുറിച്ചും വിവിധ കർഷക ഉപകാര പ്രവർത്തനങ്ങളെക്കു റിച്ചും രൂപതാ പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ സംസാരിച്ചു. മീറ്റിംഗിൽ പുരുഷൻമാർക്കും വനിതകൾക്കും പ്രത്യേകമായിട്ടുള്ള യൂണിറ്റുക ളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടന്നു. തെയ്യപ്പാറ ഇൻഫാം യൂണിറ്റ് ട്രഷറർ ശ്രീ. റെജി പേഴത്തിങ്കലിന് അംഗത്വഫോം നൽകിക്കൊണ്ട് ഇൻഫാമിന്റെ രുപതാ ത ലത്തിലുള്ള അംഗത്വ വിതരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തപ്പെട്ടു. തെയ്യപ്പാറ ഇൻഫാം യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോയി നെടുമ്പള്ളി, സെക്രട്ടറി ജോസ് തേൻമല, വനിത യൂണിറ്റ് പ്രസിഡണ്ട് ശ്രീമതി റീന പനയ്ക്കൽ, ഷീന ജോജു എന്നിവരും മറ്റ് അംഗങ്ങളും സന്നിഹിതരായിരുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

## മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

വിജയികളെ അനുമോദിച്ചു ഇക്കഴിഞ്ഞ എസ്എസ്എൽസി പ്ലസ് ടു പരീ ക്ഷകളിൽ സിബിഎസ്ഇ സ്കൂളുകളിൽ നടത്തപ്പെട്ട പരീക്ഷകളിൽ ഉന്നതവിജ യം കൈവരിച്ചവിദ്യാർത്ഥികൾക്ക് പ്രോലൈഫ് മൂവ്മെന്റ് 3000 രൂപ വെച്ച് ക്യാ ഷ് അവാർഡ് നൽകി. കോടഞ്ചേരി ദേവാലയത്തിൽ നടന്ന മീറ്റിങ്ങിൽ രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ വിജയികൾക്ക് ക്യാഷ് അവാർഡ് നൽ കി. രൂപത സെക്രട്ടറി ശ്രീ. ജോൺസൺ തെങ്ങുംതോട്ടത്തിൽ കോടഞ്ചേരി മേഖലാ പ്രസിഡണ്ട് വില്യംസ് അമ്പാട്ട് രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. മാ ർട്ടിൻ തെങ്ങുംതോട്ടത്തിൽ എന്നിവർ നേതൃത്വം നൽകി

### രൂപത എക്സിക്യൂട്ടീവ് യോഗം നടത്തി

താമരശ്ശേരി രൂപത മരിയൻ മൂവ്മെന്റിന്റെ എക്സിക്യൂട്ടീവ് യോഗം കോടഞ്ചേരി ഫൊറോനാ പള്ളി പാരിഷ് ഹാളിൽ വെച്ച് നടത്തി. രൂപത ഡയ

റക്ടർ ജോസ് പെണ്ണാപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു രൂപത പ്രസിഡണ്ട് ശ്രീ. സജീവ് പുരയിടത്തിൽ അധ്യക്ഷനായിരുന്നു. രൂപത സെക്രട്ടറി ശ്രീ. ജോൺസൺ തെങ്ങുംതോട്ടത്തിൽ ഏവരെയും സ്വാഗതം ചെയ്തു. രൂപത ട്രഷറർ ഡോക്ടർ സന്തോഷ് നൂറനാനിയിൽ കെസിബിസി സംസ്ഥാന ട്രഷറർ ശ്രീ. ടോമി പ്ലാത്തോട്ടത്തിൽ രൂപത വൈസ് പ്രസിഡണ്ട് ഡോക്ടർ ബെസ്റ്റി ജോസ് മൂക്കിലക്കാട്ട് രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. ഷിബു കൊച്ചുപറമ്പിൽ, മാർട്ടിൻ തെങ്ങുംതോട്ടത്തിൽ വിനോദ് വെട്ടത്ത്, തോമസ് പുത്തൻപുരയിൽ മേഖലാ പ്രസിഡണ്ടുമാരായ ബെന്നി കറുകമാലിൽ, വില്യംസ് അമ്പാട്ട് എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. ദീർഘകാലം മരിയൻ മൂവ്മെന്റിൽ സ്വാർത്ഥമായ സേവനം ചെയ്തു വിദേശത്തേക്ക് പോകുന്ന ശ്രീ. ഷിബു ജോണിന് രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ അകൈതവമായ നന്ദി അർപ്പിക്കുകയും എല്ലാവിധ വിജയാശംസകളും നേരുകയും ചെയ്തുമീറ്റിംഗിൽ മൂവ്മെന്റ് നാളിതുവരെ ചെയ്ത പ്രവർത്തനങ്ങളെ വിലയിരുത്തുകയും നേട്ടങ്ങളെ അഭിനന്ദിക്കുകയും. ഭാവി പരിപാടികളെക്കുറിച്ച് യോഗം ചർച്ച ചെയ്യുകയും എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുകയും. യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ എത്രയും വേഗം യൂണിറ്റുകൾ രൂപീകരിച്ച യൂത്ത് വിങ്ങിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ശ്രീ. ടോമി പ്ലാത്തോട്ടത്തിന് ഉത്തരവാദിത്തപ്പെടുത്തുകയും ചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## മദ്യവിരുദ്ധ സമിതി

### ഫാ. ചാണ്ടി കുരിശുംമൂട്ടിൽ അനുസ്മരണ സമ്മേളനം നടത്തി

കെ സി ബി സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റിയുടെ പ്രഥമ ഡയറക്ടറും, മികച്ച സാമൂഹ്യ പ്രവർത്തകനുമായിരുന്ന ഫാ. ചാണ്ടി കുരിശുംമൂട്ടിൽ അനുസ്മരണ സമ്മേളനം പുന്നക്കൽ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിലെ ദിവ്യബലിയ്ക്കു ശേഷം നടത്തി. അനുസ്മരണ സമ്മേളനം റവ. ഫാ . ജോസഫ് താണ്ടാമ്പറമ്പിൽ ഉദ്ഘാടനം ചെയ്തു

കെ സി ബി സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത ഡയറക്ടർ ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി അധ്യക്ഷത വഹിച്ചു. ഫാ. ജോസ് വടക്കേടം, കുര്യൻ ചെമ്പനാനി, ജോളി ഉണ്ണിയെപ്പിള്ളിൽ, ടി.ടി. തോമസ്, റോയി മുരിക്കൊലിൽ,

ജോയിക്കുട്ടി ലൂക്കോസ്, ജോസ് കളപ്പുര, വിൽസൺ ജോസഫ്, കെ.സി മാത്യു, തോമസ് കുരിശുംമൂട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു. ദിവ്യബലിക്കുശേഷം സിമിത്തേരി സന്ദർശിക്കുകയും പ്രാർത്ഥന ശുശ്രൂഷ നടത്തുകയും ചെയ്തു.

മദ്യം വിറ്റ് കിട്ടുന്ന പണംകൊണ്ട് ആഡംബരജീവിതത്തിന് തികയാത്തതിനാൽ നാടെങ്ങും മദ്യശാലകൾ അനുവദിക്കുന്ന സർക്കാർ നടപടിയെയോഗം അപലപിച്ചു. തോട്ടുമുക്കം പോലെ നാനാജാതി മതസ്ഥർ തിങ്ങി പാർക്കുന്ന കേന്ദ്രങ്ങളിൽ മദ്യശാലകൾ അനുവദിക്കുന്നത് സാധാരണ ജനങ്ങളുടെ സൈ്വര്യ ജീവിതത്തിന് വലിയവെല്ലുവിളിയാണെന്ന് യോഗം വിലയിരുത്തി. ബാറിനെതിരെ ശക്തമായ ജനകീയ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുമെന്നും യോഗം മുന്നറിയിപ്പ് നൽകി.

## വ്യക്തിത്വ വികസന ക്ലബ്ബ് ഡയറക്ടേഴ്സ് മീറ്റ് നടത്തി.

കെ സി ബി സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപതാ കമ്മറ്റിയുടെയും രൂപതാ വിദ്യാഭ്യാസ ഏജൻസിയുടേയും സംയുക്താഭിമുഖ്യത്തിൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വ വികസന ക്ലബ്ബിന്റെ ഡയറക്ടേഴ്സ് മീറ്റ് നടത്തി.

താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ സി ബി സി മദ്യവിരുദ്ധ സമിതിക്ക് താമരശ്ശേരി രൂപത ഡയറക്ടർ റവ. ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി അധ്യക്ഷത വഹിച്ചു. കേരള മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് ഇയ്യച്ചേരി കുഞ്ഞി കൃഷ്ണൻ മാസ്റ്റർ, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.) കെ സി കരുണാകരൻ, മുൻ രൂപത പ്രസിഡന്റ് ടി ടി തോമസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. രൂപതാ പ്രസിഡന്റ് കുര്യൻ ചെമ്പനാനി, സംസ്ഥാന സെക്രട്ടറി രാജൻ ഉറുമ്പിൽ, രൂപതാ സെക്രട്ടറി ജോളി ഉണ്ണിയെപ്പിള്ളിൽ, കെ. സി ജോസഫ്, P V ജോൺ, അബ്രഹാം മണലോടി, ടി ജെ സണ്ണി തുടങ്ങിവർ പ്രസംഗിച്ചു.

**ഫാ. മാത്യു മുളങ്ങാശ്ശേരി**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

# മാതൃവേദി

## തിരുമണിക്കുർ ആരാധന

മെയ് മാസം വണക്കമാസ സമാപനത്തോട് അനുബന്ധിച്ച് തിരുമണിക്കുർ ആരാധന എല്ലാ ഇടവകകളിലും നടത്തപ്പെട്ടു.

## മാതൃതീർത്ഥം

വണക്കമാസ ആചരണ സമാപനത്തോടനുബന്ധിച്ച് നടത്തപ്പെട്ട മാതൃ തീർത്ഥം ഓൺലൈൻ മത്സര വിജയികൾ:

1) അഞ്ചുഷ ആന്റോ കുരിശുംമൂട്ടിൽ, തേക്കുംകുറ്റി
2) മിനി സന്തോഷ് മറ്റത്തിൽ, ചുണ്ടത്തുംപൊയിൽ
3) സോണിയ കൈതക്കുളത്ത്, മരുതോങ്കര

## മാഗ്നിഫിക്കാത്ത്

അന്തർദേശീയ സീറോ മലബാർ മാതൃവേദി അംഗങ്ങൾക്കായി ഒരുക്കുന്ന മാഗ്നിഫിക്കാത്ത് മറിയത്തിന്റെ സ്ത്രോത്രഗീതം ഓൺലൈൻ മത്സരം യൂണിറ്റ് മേഖല രൂപതാ തലത്തിൽ നടത്തപ്പെട്ടു. തോട്ടുമുക്കം ഇടവകകാംഗം ബിന്ദു ജോൺസൺ അന്തർദേശീയ തലത്തിൽ ആറാം സ്ഥാനവും, രൂപത തലത്തിൽ ഒന്നാം സ്ഥാനവും നേടി, രൂപത തലത്തിൽ രണ്ടാം സ്ഥാനം കുണ്ടുതോട് ഇടവകകാംഗം ഷിംല വെട്ടുകല്ലേൽ കരസ്ഥമാക്കി.

## അന്തർദേശീയ സീറോ മലബാർ മാതൃവേദി ജനറൽബോഡി

അന്തർദേശീയ സീറോ മലബാർ മാതൃവേദി ജനറൽബോഡി 2022 ജൂലൈ 18, 19 തീയതികളിൽ തൃശൂർ, ആമ്പല്ലൂരിൽ വച്ച് നടത്തപ്പെട്ടു. താമരശ്ശേരി രൂപത മാതൃവേദിയെ പ്രതിനിധീകരിച്ച് ഡയറക്ടറും ആനിമേറ്ററും മറ്റ് ഭാരവാഹികളും പങ്കെടുത്തു.

## കരുവാരകുണ്ട് മേഖല

കിടപ്പു രോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പുതിയതായി ചാർജെടുത്ത സിജോ കോട്ടക്കൽ അച്ചനും സിസ്റ്റർ സിൽവിയായ്ക്കും ആശംസകൾ നേർന്നു. 9-7-22ൽ പാതിരിക്കോട് വച്ച് നടന്ന മേഖലാ മീറ്റിങ്ങിൽ ഇടവക-മേഖലാ ഭാരവാഹികൾ പങ്കെടുത്തു. മാഗ്നിഫിക്കാത്ത് മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

## *കരുവാരകുണ്ട് യൂണിറ്റ്*

മീറ്റിങ്ങിൽ അമ്മമാർ വചനം പഠിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. പുതിയ വികാരിയച്ചനും സിസ്റ്ററിനും അമ്മമാർ ആശംസകൾ നേർന്നു.

കിടപ്പ് രോഗിയെ സന്ദർശിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്തു.

*കാളികാവ് യൂണിറ്റ്*

ഒരു കുട്ടിയുടെ പഠനത്തിന് ആവശ്യമായ പണം അമ്മമാർ സ്വരൂപിക്കുക യും കൊടുക്കുകയും ചെയ്തു. കിടപ്പു രോഗികളെ സന്ദർശിച്ചു.

*അടക്കാക്കുണ്ട് യൂണിറ്റ്*

മാതൃവേദിയുടെ സജീവ പ്രവർത്തകയായിരുന്ന കൊച്ചുത്രേസ്യ പൂണം കാവിൽ മരിച്ചപ്പോൾ മാതൃവേദി റീത്ത് വെച്ചു. വൈദിക ദിനത്തിൽ വികാരിയ ച്ചന് കേക്ക് മുറിച്ച് ആശംസകൾ നേർന്നു.

*കൽക്കുണ്ട് യൂണിറ്റ്*

മെയ് ജൂൺ മാസങ്ങളിൽ വണക്കമാസം വായിക്കുകയും പ്രാർത്ഥിക്കുക യും ചെയ്തു. പുതുതായി ചാർജെടുത്ത സിസ്റ്ററിനും അച്ചനും ആശംസകൾ നേർന്നു.

*വാണിയമ്പലം യൂണിറ്റ്*

ബൈബിൾ വായനയ്ക്കായി ഗ്രൂപ്പ് ഉണ്ടാക്കി. രോഗികളെ സന്ദർശിച്ചു.

*പാതിരിക്കോട് യൂണിറ്റ്*

ചോക്കാട് ശാന്തി സദൻ മാനസികാരോഗ്യകേന്ദ്രം സന്ദർശിച്ചു ഭക്ഷണം ന ൽകി. അന്യമതത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് വന്ന മൂന്നു കുടുംബങ്ങളെ സന്ദർശിച്ചു. കിടപ്പു രോഗികളെ സന്ദർശിച്ചു.

**വിലങ്ങാട് മേഖല**

*വിലങ്ങാട് യൂണിറ്റ്*

എല്ലാ മാസവും എക്സിക്യൂട്ടീവ് മീറ്റിംഗ്, ജനറൽബോഡി ഇവ നടത്തുന്നു. ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പും സ്നേഹോപഹാരവും നൽകി. സ്കൂൾ വെഞ്ചിരിപ്പിനോട് അനുബന്ധിച്ച് നടത്തിയ ക്ലീനിങ്ങിൽ അമ്മമാർ പങ്കെടുത്തു. സെമിത്തേരിയും, പള്ളിയും പരിസരവും രണ്ടാഴ്ചയിൽ ഒരിക്കൽ ക്ലീനിങ് നട ത്തുന്നു. വണക്കമാസം ആചരണത്തിന്റെ ഭാഗമായി തിരുമണിക്കൂർ ആരാധന ന ടത്തി. ഇടവകയിലെ നിർധനരായ രണ്ടു കുടുംബത്തിലെ കുട്ടികൾക്ക് പഠനോപ കരണങ്ങൾ നൽകി. എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്കുശേഷം പ്രായം ചെന്നവരെയും , രോഗികളെയും സന്ദർശിക്കുന്നു. അമ്മമാർ പള്ളിമുറ്റത്ത് പൂന്തോട്ടം നിർമ്മിക്കാ ൻ ആരംഭിച്ചു. മറിയത്തിന്റെ സ്തോത്രഗീത മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. ലോഗോസിന് ഒരുക്കമായി രണ്ടാഴ്ചയിൽ ഒരിക്കൽ ബൈബിൾ ക്വിസ് നടത്തു ന്നു. അൽഫോൻസാ തിരുനാളിൽ അമ്മമാർ നേർച്ച പായസം ഉണ്ടാക്കുകയും വി തരണം ചെയ്യുകയും ചെയ്തു. മാതൃവേദിയുടെ നേതൃത്വത്തിൽ 70 വയസ്സിന് മു

കളിലുള്ളവരെ ആദരിക്കുകയും സ്നേഹവിരുന്ന് നൽകുകയും കലാപരിപാടികൾ നടത്തുകയും ചെയ്തു. എല്ലാ ആദ്യ ഞായറാഴ്ചയും അമ്മമാർ വിശുദ്ധ കുർബാനയിൽ കാഴ്ച സമർപ്പണം നടത്തുന്നു. മിഷൻ ലീഗ് ഛായചിത്ര പ്രയാണം മേഖലയിലെത്തിയപ്പോൾ സ്വീകരിക്കുവാൻ അമ്മമാർ എത്തി.

*മഞ്ഞക്കുന്ന് യൂണിറ്റ്*

എല്ലാ ആഴ്ചയും മീറ്റിംഗ്, വരിസംഖ്യ അടയ്ക്കൽ എന്നിവ നടത്തുന്നു. എല്ലാ വെള്ളിയാഴ്ചയും അൾത്താര, സങ്കീർത്തി എന്നിവ വൃത്തിയാക്കുന്നു. ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പും സമ്മാനവും നൽകി. പരിസ്ഥിതി ദിനത്തിൽ അമ്മമാർ മരങ്ങൾ നട്ടു. രോഗി സന്ദർശനം നടത്തുകയും സാമ്പത്തിക സഹായം  നൽകുകയും ചെയ്തു. അമ്മമാർക്ക് വൺഡേ ടൂർ സംഘടിപ്പിച്ചു. അൽഫോൻസാ തിരുനാളിന് അമ്മമാർ സഹകരിക്കുകയും ഭക്ഷണം ഉണ്ടാക്കുകയും ചെയ്തു.

*വാളൂക്ക് യൂണിറ്റ്*

എല്ലാമാസവും മീറ്റിംഗും ദിവ്യകാരുണ്യ ആരാധനയും നടത്തുന്നു. മുൻ വികാരിയച്ചന് യാത്രയയപ്പും, സമ്മാനവും നൽകി. രോഗി സന്ദർശനം നടത്തി . ബൈബിൾ പാരായണത്തിൽ മുപ്പത്തഞ്ച് അമ്മമാർ പങ്കെടുത്തു.

*പാലൂർ യൂണിറ്റ്*

ഇടവകയിലെ മാതൃവേദി സംഘടന സജീവമാക്കാൻ തീരുമാനിക്കുകയും പ്രവർത്തനത്തിനുള്ള ഫണ്ട് ശേഖരിക്കാൻ പലഹാരങ്ങൾ ഉണ്ടാക്കി വിൽക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

**മലപ്പുറം മേഖല**

24/7/2022 ഞായർ മലപ്പുറം മേഖലയിലെ എക്സിക്യൂട്ടീവ് അംഗങ്ങളുടേയും എല്ലാ യൂണിറ്റിലെയും ആനിമേറ്റർ, പ്രസിഡൻ്റ്, സെക്രട്ടറി എന്നിവരുടേയും ഒരു യോഗം ചേർന്നു. ആഗസ്റ്റ് 18 ന് തിരൂർ ഇടവകയിൽ വച്ച് മേഖലാ സംഗമം നടത്താൻ തീരുമാനിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. ജോസ് കുഴിക്കാട്ടുമ്യാലിൽ ആധ്യക്ഷം വഹിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.

*മഞ്ചേരി യൂണിറ്റ്*

1. നോമ്പുകാലത്ത് സമാഹരിച്ച പരിഹാര ചെപ്പിൽ നിന്ന് 10,000 രൂപ പഠന സഹായമായും,10,000 അഗതിമന്ദിരത്തിനും നൽകി. ഇടവകയിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിരുന്ന ഒരു പെൺകുട്ടിയുടെ വിവാഹത്തിന് സാമ്പത്തികമായും, ഭൗതികമായും സഹായങ്ങൾ നൽകി.

2. ഫാദർ ടോമി കളത്തൂർ ജോഷ്വയുടെ പുസ്തകം വിവിധ പഠന പ്രവർത്തന ങ്ങളിലൂടെ ക്ലാസ്സെടുത്തു, മാതാവിന്റെ വണക്കമാസ ക്വിസ് നടത്തുന്നു.
3. പത്രമാസികകൾ ശേഖരിച്ച് വില്പന നടത്തി പഠനോപകരണങ്ങൾ വാങ്ങി അർഹരായവർക്ക് നൽകുന്നു.
4. മറിയത്തിന്റെ സ്തോത്രഗീത മത്സരത്തിൽ 30 അമ്മമാർ പങ്കാളികളായി.
5. ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്നേടിയ ഐറിൻ എന്ന വിദ്യാർത്ഥിയെ ആദരിച്ചു.
6. 'കുടുംബം തിരു കുടുംബമാക്കാൻ' എന്ന വിഷയത്തെപ്പറ്റി സിസ്റ്റർ അമൽ CSN ക്ലാസ് എടുത്തു.
7. ശാലോം മാത ഓർഫനേജിലെ അഗതികൾക്ക് ഒരു നേരത്തെ ഭക്ഷണം ന ൽകി (10000).
8. പഠനോപകരണ സഹായമായി 15000 രൂപ നൽകി
9. കത്തോലിക്കാ കോൺഗ്രസിന്റെ 104-ാം വാർഷികത്തിലും, ബഫർസോണിനെ തിരെയുള്ള സമരത്തിലും മാതൃവേദി അംഗങ്ങൾ പങ്കാളികളായി.

## തിരുവമ്പാടി മേഖലാ

3-5-22ന് തിരുവമ്പാടിയിൽ വച്ച് മേഖലാ ജനറൽബോഡി മീറ്റിംഗ് നടത്തി . വിവിധ ഇടവകകളിൽ നിന്ന് അമ്മമാർ പങ്കെടുത്തു. മേഖലാ ഡയറക്ടർ ഡോമി നിക് മുട്ടത്തുകുടിയിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന മീറ്റിങ്ങിൽ സിസ്റ്റർ ശാ ന്തി സിഎംസി അമ്മമാർക്ക് ക്ലാസ് എടുത്തു. മേഖലാതലത്തിൽ നടത്തിയ മ ത്സരങ്ങൾക്ക് വിജയിച്ച അമ്മമാർക്ക് സമ്മാനങ്ങൾ നൽകി. വേനപ്പാറ മാതൃവേദി അമ്മമാർ ഒരു നിശ്ചലദൃശ്യവും അവതരിപ്പിച്ചു.

### *മഞ്ഞക്കടവ് (പെരുമ്പൂള)*

ജൂൺ മാസത്തിൽ എല്ലാ അമ്മമാരും വീടുകളിൽ തിരുഹൃദയ വണക്കമാ സവും തിരുഹൃദയ കൊന്തയും ചൊല്ലി പ്രാർത്ഥിച്ചു.

അമ്മമാർ വീടുകളിൽ അൽഫോൻസാമ്മയുടെ നൊവേന ചൊല്ലി പ്രാർത്ഥി ച്ചു. രോഗീ സന്ദർശനം നടത്തി. മരുന്നു വാങ്ങാൻ സാമ്പത്തികമില്ലാത്തവരെ സഹായിച്ചു. മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളിന് ഒരുക്കമായി അമ്മമാർ വീടുകളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു, തിരുനാൾ ദിവസം പള്ളിയിൽ ജപ മാല ചൊല്ലുന്നത് മാതൃവേദി അമ്മമാരുടെ നേതൃത്വത്തിൽ ആയിരുന്നു. പുതി യ ആനിമേറ്റ റെ സ്വാഗതം ചെയ്തു.

### *തിരുവമ്പാടി യൂണിറ്റ്*

- മെയ് മാസം പതിമൂന്നാം തീയതി നടന്ന മേഖല മീറ്റിംഗിൽ തിരുവമ്പാടി മേഖലയിലെ ഏറ്റവും നല്ല മാതൃവേദി യൂണിറ്റായി തിരുവമ്പാടി യൂണി റ്റിനെ തെരഞ്ഞെടുത്തു.

- കോടഞ്ചേരിയിൽ വെച്ച് നടന്ന സാമുദായിക ശാക്തീകരണ സെമിനാറിൽ 20 മാതൃവേദി അംഗങ്ങൾ പങ്കെടുത്തു.
- വണക്കമാസ സമാപനത്തോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾക്കായി 'ഇതാ നിന്റെ മകൻ ഇതാ നിന്റെ അമ്മ' എന്ന വിഷയത്തിൽ ലേഖന മത്സരം നടത്തി വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.
- വണക്കമാസത്തോടനുബന്ധിച്ച് രൂപത നടത്തിയ 'മാതൃതീർത്ഥം' മത്സരത്തിൽ അഞ്ചു പേർ പങ്കെടുക്കുകയും മേഖലാ തലത്തിൽ രണ്ടാം സമ്മാനം ലഭിക്കുകയുണ്ടായി.
- മെയ് 31 ന് 'തിരുമണിക്കൂർ' ആരാധന നടത്തി.
- 'കെയ്റോസ്' ബാല ഭവനിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് 3500 രൂപയുടെ പഠനോപകരണങ്ങളും, വിശുദ്ധ കുർബാനയുടെ 23 പുസ്തകങ്ങളും നൽകി.
- ഇന്റർനാഷണൽ മാതൃവേദി നടത്തിയ 'മാഗ്നിഫിക്കാത്ത്' മത്സരത്തിൽ 14 പേർ പങ്കെടുക്കുകയും മേഖലയിലേക്ക് രണ്ടെണ്ണം ചെയ്തു.
- ജൂൺ 27ന് ബഫർ സോണുമായി ബന്ധപ്പെട്ട പ്രതിഷേധ റാലിയിൽ തിരുവമ്പാടിയിലെ മാതൃവേദി അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. 28 ന് കോഴിക്കോട് നടന്ന പ്രതിഷേധ റാലിയിൽ 15 പേർ പങ്കെടുത്തു.
- ജൂലൈ അഞ്ചിന് ഇടവകയിലെ എല്ലാ അമ്മമാർക്കുമായി മാനന്തവാടി രൂപതയുടെ സോഷ്യൽ സർവീസ് വിഭാഗമായ (WSS)ന്റെ നേതൃത്വത്തിൽ സോപ്പ് ഉല്പ്പന്നങ്ങളുടെ നിർമ്മാണ ട്രെയിനിങ് പ്രോഗ്രാം നടത്തി.
- ജൂലൈ മാസത്തെ ജനറൽ ബോഡി മീറ്റിംഗിൽ മാതൃവേദി അംഗങ്ങൾക്കായി 'ഇതാ നിന്റെ മകൻ ഇതാ നിന്റെ അമ്മ' എന്ന തിരുവചനത്തെക്കുറിച്ച് സിസ്റ്റർ ഗ്രേസി ആൻസിലാഭവൻ മാതൃവേദി അംഗങ്ങൾക്ക് ക്ലാസ് നൽകി.
- കർമ്മല മാതാവിന്റെ തിരുനാൾ ദിവസം ആനിമേറ്റർ സിസ്റ്റർ ജോളി എല്ലാ മാതൃവേദി അംഗങ്ങൾക്കും വെന്തിങ്ങ നൽകുകയും അന്ന് മുതൽ ഒരു ദിവസം ഒരു മാതൃവേദി അംഗത്തെ എല്ലാവരും ചേർന്ന് സമർപ്പിച്ച് പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചു. പ്രാർത്ഥിച്ച് സമർപ്പിക്കേണ്ട വ്യക്തിയെ തലേദിവസം ഗ്രൂപ്പിൽ അറിയിക്കും.
- ഓഗസ്റ്റ് 15ന് നടക്കുന്ന ജനറൽ ബോഡി മീറ്റിംഗിൽ ലോഗോ സിന്റെ പഠനവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തും.
- ഇൻഫാമിന്റെ നേതൃത്വത്തിൽ ഇൻഫാം രൂപതാ പ്രസിഡണ്ട് നമ്മുടെ വീടുകളിൽ പാഴായിപ്പോകുന്ന സാധനങ്ങൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ട്രെയിനിങ്ങിനെകുറിച്ച് മാതൃവേദി മീറ്റിങ്ങിൽ വച്ച് ഇടവകയിലെ എല്ലാ അമ്മമാർക്കും ആയി ക്ലാസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

*വേനപ്പാറ യൂണിറ്റ്*

1. മെയ് ഒന്നു മുതൽ 31-ാം തീയതി വരെ മാതാവിന്റെ ഗ്രോട്ടോയിൽ ജപമാലയും വണക്കമാസ വായനയും നടത്തി. സമാപനദിവസം തിരുമണിക്കൂർ ആരാധന നടത്തുകയും, വിശുദ്ധ കുർബാനയും ലദീഞ്ഞും നടത്തി അതിനു ശേഷം മാതൃവേദി അമ്മമാർ ഒരുക്കിയ സ്നേഹവിരുന്നും ഉണ്ടായിരുന്നു.
2. മെയ് ഇരുപത്തിനാലാം തീയതി ഡയറക്ടർ അച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ നിലമ്പൂരിലേക്ക് പിക്നിക്ക് പോയി.
3. മെയ് 28-ാം തീയതി എ കെ സി സി യുടെ നേതൃത്വത്തിൽ കോടഞ്ചേരിയിൽ വച്ച് നടന്ന സമുദായ ശാസ്ത്രീയ വിശ്വാസ സംരക്ഷണ റാലിയിലും പൊതുസമ്മേളനത്തിലും മാതൃവേദി അമ്മമാർ പങ്കെടുത്തു
4. ജൂൺ മൂന്നാം തീയതി ഇടവകയിലെ ഒരു കുടുംബത്തിന് എ കെ സി സി യുടെ നേതൃത്വത്തിൽ നടന്ന ഭവന നിർമ്മാണത്തിൽ മാതൃവേദി അമ്മമാർ പങ്കെടുത്തു.
5. എസ്എസ്എൽസിക്കും പ്ലസ് ടുവിനും ഫുൾ എ പ്ലസ് നേടിയ മാതൃവേദി അമ്മമാരുടെ മക്കൾക്ക് ഉപഹാരം നൽകി ആദരിച്ചു.
6. വണക്കമാസത്തോടനുബന്ധിച്ച് രൂപത നടത്തിയ മാതൃതീർത്ഥം പരിപാടിയിൽ ഇടവകയിൽ നിന്ന് അഞ്ചുപേർ പങ്കെടുത്തു. മേഖലയിൽ മൂന്നാം സ്ഥാനം നേടി.
7. ഇൻററർനാഷണൽ മാതൃവേദി നടത്തിയ മാഗ്നിഫിക്കാത്ത മത്സരത്തിൽ ഇടവകയിൽ നിന്ന് ഏഴ് പേർ പങ്കെടുത്തു. മേഖലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.
8. ജൂൺ 27ന് തിരുവമ്പാടി ഫൊറോനയുടെ നേതൃത്വത്തിൽ തിരുവമ്പാടിയിൽ വച്ച് നടന്ന ബഫർസോൺ പരിസ്ഥിതിലോല പ്രദേശം പ്രഖ്യാപനത്തിനെതിരെ നടന്ന പ്രതിഷേധ റാലിയിൽ മാതൃവേദി അമ്മമാർ പങ്കെടുത്തു.
9. ജൂൺ ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ രണ്ടാം ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയ്ക്കുശേഷം 101 നന്മ നിറഞ്ഞ മറിയം ചൊല്ലി കാഴ്ച്ചവെച്ചു.
10. ലോഗോസിന് ഒരുക്കുമായി യൂണിറ്റ് മീറ്റിങ്ങിൽ ക്വിസ് മത്സരം നടത്തുകയും കൂടുതൽ മാർക്ക് നേടിയ വ്യക്തിക്ക് സമ്മാനം നൽകുകയും ചെയ്തു.
11. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിവസം മാതൃവേദി അമ്മമാർ അൽഫോൻസാമ്മയുടെ ജീവിതത്തിലെ ഒരു ഏട് നൃത്ത സംഗീത നാടകം സഹനപുഷ്പം അവതരിപ്പിച്ചു.
12. ഓഗസ്റ്റ് 4 വൈദിക ദിനത്തോടനുബന്ധിച്ച് ഈരൂടുള്ള വിയാനി പ്രീസ്റ്റ് ഹോമിൽ പോയി വൈദികരെ കാണുകയും അവർക്ക് ഭക്ഷണസാധനങ്ങൾ കൈമാറുകയും അവരോടൊപ്പം കുറെ സമയം ചെലവഴിക്കുകയും ചെയ്തു.

13. എല്ലാ ഞായറാഴ്ചയും രാവിലത്തെ വിശുദ്ധ കുർബാനയിൽ പഴയ നിയമ വായന മാതൃവേദി അമ്മമാർ നടത്തിവരുന്നു.
14. ഓഗസ്റ്റ് 15ന് മാതൃവേദിയുടെ നേതൃത്വത്തിൽ മരിയൻ സന്ധ്യ സംഘടിപ്പിച്ചു. അന്നേദിവസം ഇടവക ജനത്തിന് വേണ്ടി മാതൃവേദിയുടെ നേതൃത്വത്തിൽ പായസവും ഉണ്ടാക്കി.
15. മാതാവിന്റെ സ്വർഗ്ഗാരോപണത്തിന്റെയും ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ ദിനത്തിന്റെയും ഭാഗമായി മാതൃവേദി അമ്മമാർക്കായി പ്രസംഗം മത്സരവും ദേശഭക്തിഗാന മത്സരവും നടത്തി.

### *പൂവാറംതോട് യൂണിറ്റ്*

വികാരിയച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ വിശുദ്ധ കുർബാന എഴുന്നള്ളിച്ച് വെച്ച് എല്ലാ ശനിയാഴ്ചകളിലും അമ്മമാർ ചേർന്ന് ആരാധനയും കൊന്തയും നടത്തുന്നു.

### *പുല്ലൂരാംപാറ യൂണിറ്റ്*

മാതൃവേദിയിൽ കൂടുതൽ അമ്മമാരെ അംഗങ്ങളാക്കുവാൻ വേണ്ടി വീടുകൾ കയറി മാതൃവേദിയിലേക്ക് അമ്മമാരെ ക്ഷണിച്ചു.രോഗി സന്ദർശനം നടത്തുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മരിച്ച വീടുകളിൽ പോവുകയും പ്രാർത്ഥിക്കുകയും റീത്ത് വെക്കുകയും ചെയ്തു.

### *കൂടരഞ്ഞി യൂണിറ്റ്*

ജൂൺ മാസത്തിൽ ഈശോയുടെ തിരുഹൃദയ വണക്കമാസ ആചരണത്തിൽ പങ്കെടുത്തു പ്രാർത്ഥിച്ചു. കുട്ടികൾക്ക് പഠന ഉപകരണങ്ങൾക്കു സംഭാവന നൽകി. മറിയത്തിന്റെ സോസ്ത്രഗീതം ഓൺലൈൻ മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. ബഫർസോൺ നെതിരെയുള്ള മാർച്ചിൽ ധാരാളം അംഗങ്ങൾ പങ്കെടുത്തു. സ്ഥലം മാറിപോയ അനിമേറ്റർ സി. ഡാനിക്ക് യാത്രയയപ്പ് നൽകി.

### *തേക്കുംകുറ്റി യൂണിറ്റ്*

മാതൃവേദി ഫണ്ടിനായി ജൂൺ മാസം ഒരു ലേലച്ചിട്ടി ആരംഭിച്ചു. നല്ലൊരു തുകയും ഫണ്ടിലേക്ക് കിട്ടുകയും ചെയ്തു. ഒരു കുടുംബത്തിന് 5500 രൂപ മെഡിക്കൽ സഹായമായി കൊടുത്തു വേറൊരു കുടുംബത്തിന് മക്കളുടെ പഠന സഹായം ആയി 5000 രൂപ കൊടുത്ത് സഹായിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ വളരെ ഭക്ത്യാദരപൂർവ്വം നേർച്ച ഭക്ഷണത്തോടെ ആഘോഷിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോട് അനുബന്ധിച്ച് കൂടുതൽ അമ്മമാർ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും 15 നോമ്പ് എടുത്ത് മാതൃഭക്തിയിൽ കൂടുതൽ വളരുവാനും ശ്രമിക്കുകയുണ്ടായി.

*കരിമ്പ് യൂണിറ്റ്*

പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. ജൂലൈ മൂന്നാം തീയതി ദുക്റാന തിരുനാൾ ആഘോഷിച്ചു. മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ അനുബന്ധിച്ച് അമ്മമാർ ഓഗസ്റ്റ് 1 മുതൽ 15 വരെ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

*മുക്കം യൂണിറ്റ്*

നവജാത ശിശുവിനെ പോലെ നവജാത അമ്മയ്ക്കും സമ്മാനത്തിന് അർഹതയുണ്ടെന്ന് വിശ്വസിച്ച് കൊണ്ട് മുക്കം മാതൃവേദി 'അമ്മയ്ക്കൊരു സ്നേഹ സമ്മാനം' പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ പദ്ധതിയുടെ ധനശേഖരണാർത്ഥം മെയ് മാസത്തിൽ തോർത്ത് ചലഞ്ച് നടത്തി മാതൃവേദി അംഗങ്ങൾ തന്നെ തോർത്തുകൾ വാങ്ങി വീടുകളിൽ വിതരണം ചെയ്തു പതിനാറായിരം രൂപ ലാഭം നേടി. അമ്മയ്ക്ക് ഒരു സ്നേഹ സമ്മാനം പദ്ധതിയുടെ ഉദ്ഘാടനം 5-6-2022 ന് ബഹുമാനപ്പെട്ട വികാരിയച്ചൻ ബെഞ്ചമിൻ ആന്റണിയുടെ അമ്മയായ ധന്യ അരുൺ ചേരമംഗലത്തിന് നൽകിക്കൊണ്ട് നിർവഹിച്ചു. തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി. അമ്മമാർക്കായി ചിട്ടി ആരംഭിച്ചു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ മാഗ്നിഫിക്കാത്ത മത്സരത്തിൽ ഇടവകയിൽ നിന്നും മത്സരിച്ച ജാൻസി കല്ലറക്കലിന് മൂന്നാം സമ്മാനം നേടാനായി. ഗീവർഗീസ് പുണ്യാളന്റെ പെരുന്നാളിന് മാതൃവേദിയിലെ അമ്മമാർ വർണ്ണക്കുടകൾ പിടിച്ച് പ്രദക്ഷിണം മനോഹരമാക്കി.

**തോട്ടുമുക്കം മേഖല റിപ്പോർട്ട്**

അതതു മാസങ്ങളിൽ വണക്കമാസം ചൊല്ലുകയും അതതു ദിവസങ്ങളിൽ ഗ്രൂപ്പിൽ ഷെയർ ചെയ്യുകയും ചെയ്തു. തിരുഹൃദയ രൂപം അലങ്കരിച്ച് ഷെയർ ചെയ്തു. കോടഞ്ചേരിയിൽ നടന്ന റാലിയിലും കലക്ട്രേറ്റ് മാർച്ചുകളിലും മേഖലയിലെ യൂണിറ്റുകൾ പങ്കെടുത്തു. മാഗ്നിഫിക്കാത്ത്, മാതൃതീർത്ഥം മത്സരങ്ങളിൽ മേഖലയുടെ പങ്കാളിത്തം ഉണ്ടായിരുന്നു. മേഖലയിൽ ജൂൺ മാസത്തിൽ തിരുഹൃദയ ചിന്തകൾ എന്നൊരു പ്രോഗ്രാം നടത്തി.

ക്വിസ് ബിബ്ലിളിക്ക് ഓഫ് ലൈൻ നടത്തി, ഏറ്റവും കൂടുതൽ അമ്മമാർ പങ്കെടുത്ത ഇടവകയ്ക്ക് ട്രോഫി നൽകുകയും ചെയ്തു. രോഗികളെയും, പ്രായമായവരെയും വീടുകളിൽ സന്ദർശിച്ച് അവർക്ക് വേണ്ട സഹായം നൽകുന്നു. പള്ളിയും പരിസരവും അമ്മമാർ വൃത്തിയാക്കുന്നു.

മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളിനൊരുക്കമായി അമ്മമാർ നോമ്പ് എടുക്കുകയും വി.കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു. 16.8.22 ന് തോട്ടുമുക്കത്ത് വച്ച് മേഖല സംഗമം നടന്നു.

*കോനൂർകണ്ടി യൂണിറ്റ്*

ഇടവക, മേഖല നടത്തിയ ക്വിസ് ബിബ്ലിളിക്കിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും സമ്മാനം നൽകി. രോഗി സന്ദർശനം നടത്തി.

*വാലില്ലാപുഴ യൂണിറ്റ്*

ജീവകാരുണ്യ പ്രവർത്തനത്തിനായി 5000 രൂപ ചിലവഴിച്ചു. പഠന സഹായമായി (ജൂൺ, ജൂലൈ ) 8000 രൂപ നൽകി. അൽഫോൻസ ഗാനം ആലപിച്ച് ഗ്രൂപ്പിൽ ഷെയർ ചെയ്തു. ആദ്യ വെള്ളിയാഴ്ചകളിൽ ആരാധന നടത്തപ്പെടുന്നു.

*തോട്ടുമുക്കം യൂണിറ്റ്*

പഠനോപകരണങ്ങൾ വാങ്ങാൻ 1800 രൂപ നൽകി. മരിച്ച വീടുകളിൽ പ്രാർത്ഥന നടത്തി, വൈദിക ദിനത്തിൽ വൈദികരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഇടവകയിലെ യുവജനങ്ങൾക്കായി 13 വിശ്വാസപ്രമാണം ചൊല്ലി കാഴ്ചവെച്ചു. അമ്മമാർക്കായി സോപ്പു പൊടി, ലോഷനുകൾ എന്നിവ ഉണ്ടാക്കുന്ന ക്ലാസ് നടത്തി. തോട്ടുമുക്കത്ത് മദ്യശാല വരുന്നതിന് എതിരായി പ്രതിഷേധ റാലിയിൽ അമ്മമാർ പങ്കെടുത്തു.

*പനംപ്ലാവ് യൂണിറ്റ്*

ഓഗസ്റ്റ് ഒന്നു മുതൽ ഒരു വർഷം നീണ്ടു നിൽക്കുന്ന അനുദിന വിശുദ്ധരെ അറിയാം എന്നൊരു പ്രോഗ്രാം നടത്തുന്നു. ഇടവകയിലെ രോഗിയായ ഒരമ്മയ്ക്ക് 14000 രൂപ നൽകി.

## കോടഞ്ചേരി മേഖല റിപ്പോർട്ട്

*കോടഞ്ചേരി യൂണിറ്റ്*

1. പഠനോപകരണങ്ങൾ വാങ്ങുന്നതിനായി ഒരു വിദ്യാർത്ഥിക്ക് 1000 രൂപ നൽകി.
2. പുല്ലാനിമേട് ശരണാലയത്തിലേയ്ക്ക് 5000 രൂപയുടെ ഭക്ഷണ സാധനങ്ങൾ വാങ്ങിച്ചു നൽകി.
3. 1 മണിക്കൂർ ആരാധന നടത്തി.
4. ഭവനനിർമ്മാണത്തിനായി 10000 രൂപ നൽകി.
5. സമുദായ ശാക്തീകരണ വിശ്വാസ റാലിയിൽ പങ്കെടുത്തു.
6. രോഗീ സന്ദർശനം നടത്തി.
7. ഇടവകയിലെ വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു.
8. മാതൃതീർത്ഥം മത്സരത്തിൽ പങ്കെടുത്തു.
9. മാഗ്നിഫിക്കാത്ത മത്സരത്തിൽ പങ്കെടുത്തു.

### *വലിയകൊല്ലി യൂണിറ്റ്*

1. രോഗികളെ സന്ദർശിച്ചു.
2. വി. അൽഫോൻസാമ്മയുടെ തിരുനാളിന് കുട എടുക്കുന്നതിനും ഊട്ടു നേർച്ചയ്ക്ക് ഭക്ഷണം പാകം ചെയ്യുന്നതിനും സാധിച്ചു.
3. ബഥാനിയായിലെ അഖണ്ഡ ജപമാലയിൽ കഴിയുന്നത്ര അമ്മമാർ സജീവമായി പങ്കെടുക്കുന്നു.

### *കുപ്പായക്കോട് യൂണിറ്റ്*

1. തിരുമണിക്കൂർ ആരാധന നടത്തി. മാതൃവേദി അമ്മമാർ നേതൃത്വം നൽകി.
2. മെയ് 28 ന് നടന്ന റാലിയിൽ അമ്മമാർ പങ്കെടുത്തു.
3. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന 5 കുട്ടികൾക്കു പഠനോപകരണങ്ങൾ വാങ്ങികൊടുത്തു.
4. മറിയത്തിന്റെ സ്തോത്രഗീതം മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.
5. രോഗി സന്ദർശനം നടത്തി.

### *കണ്ണോത്ത് യൂണിറ്റ്*

1. രോഗീ സന്ദർശനം നടത്തി, ചികിത്സ സഹായമായി 2500 രൂപ നൽകി.
2. ഇടവകയിലെ വൃദ്ധമാതാപിതാക്കളെ സന്ദർശിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.
3. ഇടവക പള്ളിയിൽ മാതൃവേദി അംഗങ്ങൾ ഒന്നു ചേർന്നു ആരാധന നടത്തി.
4. പുല്ലൂരാംപാറ അഖണ്ഡ ജപമാലയിൽ പങ്കുചേർന്ന് പ്രാർത്ഥിച്ചു.
5. പള്ളിയിൽ നേർച്ച ഭക്ഷണം പാകം ചെയ്യുന്നതിന് സഹായിച്ചു.
6. സമുദായിക ശാക്തീകരണ വിശ്വാസ റാലിയിൽ അമ്മമാർ പങ്കെടുത്തു.
7. ലോഗോസ് ക്വിസ്സിൽ പങ്കെടുക്കുന്നതിന് 15 അംഗങ്ങൾ പേര് രജിസ്റ്റർ ചെയ്ത് വചനം പഠിക്കുന്നു.
8. മാതൃവേദിക്ക് ഫണ്ടിനായി ചിട്ടി ആരംഭിച്ചു.
9. മാഗ്നിഫിക്കാത്ത മത്സരത്തിൽ (മറിയത്തിന്റെ സ്ത്രോത്ത ഗീതം) അംഗങ്ങൾ പങ്കെടുത്തു.
10. മരണപ്പെട്ട വ്യക്തിയുടെ വീടുകൾ സന്ദർശിച്ച് അവർക്കു വേണ്ടി പ്രാർത്ഥിച്ചു.

### **മരുതോങ്കര മേഖല**

മേഖല യോഗം ചേർന്ന് ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പ് നൽകി. രൂപത മത്സരങ്ങളിൽ പങ്കെടുത്തു. മേഖലാ തലത്തിൽ അൽഫോൻസാമ്മയുടെ ചിത്രരചനാ മത്സരം നടത്തി.

*മരുതോങ്കര യൂണിറ്റ്*

ഒരു ചെറിയ ടൂർ പ്രോഗ്രാമിലൂടെ ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പ് നൽകി. പുതിയ ആനിമേറ്റർ സിസ്റ്റർ യൂണിറ്റ് തലത്തിൽ സ്വീകരണം നൽകി. കോടഞ്ചേരിയിൽ നടന്ന സാമുദായിക ശാക്തീകരണ പരിപാടികളിൽ 18 അംഗങ്ങൾ പങ്കെടുത്തു. 30.5.22 ന് അമ്മമാർ ചേർന്ന് തിരുമണിക്കൂർ ആരാധന നടത്തി.

പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങിക്കുന്നതിനായി 2000 രൂപ നൽകി സഹായിച്ചു. തിരുഹൃദയ മാസാചരണത്തിന് ഭാഗമായി എല്ലാ വീടുകളിലും തിരുഹൃദയ അലങ്കാര മത്സരം നടത്തി സമ്മാനങ്ങൾ കൈമാറി. മറിയത്തിന് സ്തോത്രഗീതം പരിപാടിയിൽ ഒൻപത് പേർ പങ്കെടുത്തു. ആനിമേറ്റർ സ്റ്റാൻഡ് ഓഫീസിന്റെ അമ്മമാരെ പ്രാപ്തരാക്കുന്നു.

*ചാപ്പൻതോട്ടം യൂണിറ്റ്*

പുതിയ വികാരി അച്ചനെയും ആനിമേറ്റർ സിസ്റ്റർനേയും സ്വാഗതം ചെയ്തു. രൂപതാ മത്സരങ്ങൾ നടത്തി. രോഗീ സന്ദർശനം നടത്തി. അൽഫോൻസാമ്മ ചിത്രരചനാ മത്സരം നടത്തി.

*പടത്തുകടവ് യൂണിറ്റ്*

ആനിമേറ്റർ സിസ്റ്റർ ആഞ്ചലയ്ക്ക് യാത്രയയപ്പ് നൽകി. യൂണിറ്റ് യോഗത്തിൽ പുതിയ ആനിമേറ്റർ സിസ്റ്ററിനെ സ്വാഗതംചെയ്തു. രൂപത നിർദ്ദേശം അനുസരിച്ചുള്ള മത്സരങ്ങളിൽ പങ്കെടുത്തു. പാലിയേറ്റീവ് ഹോം കെയറിൽ അമ്മമാർ സജീവമായി പ്രവർത്തിക്കുന്നു. അമ്മമാരുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി.

**പെരിന്തൽമണ്ണ മേഖല**

1 കോടഞ്ചേരിയിൽ വെച്ച് നടന്ന സാമുദായിക ശാക്തീകരണ സംരക്ഷണ വിശ്വാസ റാലിയിൽ മേഖല ഭാരവാഹികളും യൂണിറ്റിലെ അമ്മമാരുടെ പങ്കാളിത്തം ഉണ്ടായി.

2 മെയ് മാസത്തെ വണക്കമാസ പ്രാർത്ഥന 1 മുതൽ 31 വരെ മുടങ്ങാതെ പെരിന്തൽമണ്ണ വാട്സ്ആപ്പ് ഗ്രൂപ്പിൽ പ്രാർത്ഥിക്കുകയും എല്ലാ യൂണിറ്റിൽ ഉള്ളവരെയും മേഖല ഭാരവാഹികളുടെയും പങ്കാളിത്തം നൽകുകയുണ്ടായി.

3 മെയ് വണക്കമാസ ആചരണത്തോടനുബന്ധിച്ച് 'മാതൃതീർത്ഥം' മികച്ച രണ്ടെണ്ണം യൂണിറ്റ് നിന്ന് മേഖലയ്ക്ക് അയച്ചുതരികയും അതിൽ നിന്ന് നല്ല മികച്ച രണ്ടു വീഡിയോ രൂപതയ്ക്കും അയച്ചു.

4 ജൂൺ 4 പെന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധാത്മാവിന്റെ നൊവേനയും, ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസ പ്രാർത്ഥന

ജൂൺ ഒന്നു മുതൽ 31 വരെ പെരിന്തൽമണ്ണ വാട്സ്ആപ്പ് ഗ്രൂപ്പിൽ പ്രാർത്ഥിക്കുകയും മേഖല ഭാരവാഹികളും, എല്ലാ യൂണിറ്റുലുള്ളവരും പങ്കാളിത്തം നൽകി.

5 ബഫർ സോൺ: സർക്കാരിന്റെ വഞ്ചനക്കെതിരെ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ മലപ്പുറം കലക്ടറേറ്റ് ഓഫീസിലേക്ക് പ്രതിഷേധ മാർച്ചിൽ മേഖലയിലെ ഭാരവാഹികളും എല്ലാ യൂണിറ്റിലും വികാരിയച്ചൻമാരും, ആനിമേറ്റർ സിസ്റ്റേഴ്സും, അമ്മമാരും അതിൽ പങ്കുചേർന്നു.

6 സീറോ മലബാർ മാതൃവേദി പെരിന്തൽമണ്ണ മേഖലയിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് പുതിയ മേഖല ഡയറക്ടർ അഗസ്റ്റിൻ പന്നിക്കോട്ട് അച്ചന് സ്വീകരണ നൽകി. യോഗത്തിൽ ഫൊറോന വികാരി ആന്റണി കാരിക്കുന്നേൽ അച്ചനും മേഖലയിലെ ഭാരവാഹികളും യൂണിറ്റ് മേഖലാ പ്രതിനിധികളും പങ്കെടുത്തു മേഖല പ്രസിഡണ്ട് ഷീബ ജോഷി പുതിയ മേഖല ഡയറക്ടർ അച്ചനെ പൂച്ചെണ്ട് നൽകി സ്വീകരിച്ചു. തുടർന്ന് ജൂലൈ മാസത്തിൽ നട ത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് യോഗം അവസാനിച്ചു.

7 പെരിന്തൽമണ്ണ മേഖലയുടെ ജനറൽ ബോഡിയും, പരിസ്ഥിതി നുബന്ധിച്ചു പുതിയ മേഖല ഡയറക്ടർ, ഫൊറോന വികാരി, മുഖ്യാതിഥി കൃഷി ഓഫീസർ ബിജുല ബാലനെയും മേഖലയുടെ നേതൃത്വത്തിൽ ചീരട്ടാമല യൂണിറ്റ് പ്രതിനിധികൾ പൂച്ചെണ്ട് നൽകി സ്വീകരിച്ചു. വീട്ടിൽ ഒരു അടുക്കളത്തോട്ടം എങ്ങനെ തുടങ്ങാം അതിനുവേണ്ട പരിപാലനം, വളങ്ങളും, ഉപയോഗരീതികളും കുറിച്ച് വളരെ വ്യക്തമായി ബഹുമാനപ്പെട്ട ശ്രീമതി ബിജുല ബാലൻ പറഞ്ഞു തരുകയുണ്ടായി.

8 'മാഗ്നിഫിക്കാത്ത' മറിയത്തിന്റെ സ്തോത്രഗീതം വീഡിയോ Online മത്സരത്തിൽ മേഖലാ തലത്തിൽ വിജയികളായ ഗ്രേസി കടുത്താനം (താഴെക്കോട്), ട്രീസ് ജോൺ (ഒറവുംപുറം) കൃഷി ഓഫീസർ ബിജുല ബാലൻ മെമന്റോ നൽകി ആദരിച്ചു.

9 കൃഷി ഓഫീസർ ശ്രീമതി ബിജുല ബാലൻ മേഖല ഭാരവാഹികൾക്ക് സൗജന്യ വിത്ത് നൽകി ഉദ്ഘാടനം ചെയ്തു.

10 എല്ലാ യൂണിറ്റിലെയും ആനിമേറ്റർ സിസ്റ്റേഴ്സും മേഖല ഭാരവാഹികളും കൂടി മേഖലാ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പുതിയ മേഖല ആനിമേറ്റർ സി. ജോബിന SH നെ തിരഞ്ഞെടുക്കുകയും, അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്തു.

11 സീറോ മലബാർ മാതൃ വേദി ഗ്ലോബൽ സെനറ്റ് മെമ്പർ ആയി തെരഞ്ഞെടുത്ത ബബിത ആൻ ജോസഫിനെ പെരിന്തൽമണ്ണ മേഖലയുടെ അഭിനന്ദനങ്ങൾ, പ്രാർത്ഥനയും നേരുന്നു.

12 അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അൽഫോൻസാ നാമധാരികളായ മേഖലയിലെ എല്ലാ യൂണിറ്റിലെയും അമ്മമാരുടെ ഫോട്ടോ വെച്ച് വീഡിയോ തയ്യാറാക്കി വാട്സ്ആപ്പ് ഗ്രൂപ്പിൽ ഇട്ടു എല്ലാവരും ആശംസകൾ നേരുകയും ചെയ്തു.

13 ജൂലൈ 31ന് മുമ്പായി ലോഗോസ് ക്വിസ് 2022 മേഖലയിലെ എല്ലാ യൂണിറ്റിൽനിന്നും അമ്മമാരും ക്വിസ്സിൽ രജിസ്റ്റർ ചെയ്തു.

14 മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ എല്ലാ മാസാദ്യ വെള്ളിയാഴ്ചയും 24 മണിക്കൂർ അഖണ്ഡ ജപമാല നടത്തപ്പെടുകയും എല്ലായൂണിറ്റിലെയും അമ്മമാരും സജീവമായി പങ്കുചേർന്നു.

15 മേഖലയിൽ എല്ലാമാസവും എക്സിക്യൂട്ടീവ് മീറ്റിംഗ്, ജനറൽ ബോഡി മീറ്റിംഗ്, online, offline വഴി നടത്തപ്പെടുകയും മേഖല ഭാരവാഹികളും എല്ലാ യൂണിറ്റുകളും പങ്കെടുക്കുകയും ചെയ്യുന്നു.

## *വലമ്പൂർ യൂണിറ്റ്*

ഇടവകയിൽ പഠന സഹായം നൽകി, തിരുമണിക്കൂർ ആരാധന നടത്തി. മാതാവിന്റെയും, തിരുഹൃദയത്തിന്റെയും വണക്കമാസ പ്രാർത്ഥന നടത്തി. രോഗി സന്ദർശനം നടത്തി. സ്ഥലം മാറിപ്പോകുന്ന വികാരിയച്ചനു യാത്രയയപ്പും, പുതിയ വികാരിയച്ചനു സ്വീകരണം നൽകി.

അൽഫോൻസാമ്മയുടെ തിരുനാൾ 9 ദിവസത്തെ കുർബാനയും നൊവേനയും സ്നേഹവിരുന്നും പങ്കുചേർന്നു. ലോഗോസ് ക്വിസിൽ അംഗങ്ങളെ ചേർക്കാൻ പ്രേരിപ്പിച്ചു, ഇടവകയ്ക്ക് വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

## *വെട്ടത്തൂർ യൂണിറ്റ്*

മെയ് 27ന് വണക്കമാസ സമാപനത്തോടനുബന്ധിച്ച് അമ്മമാരുടെ നേതൃത്വത്തിൽ തിരുമണിക്കൂർ ആരാധന നടത്തി. മെയ് മാസത്തിൽ അഭിഷേകാഗ്നി പരിപാടിയിൽ ആ മാസത്തെ എല്ലാ ഞായറാഴ്ചകളിലും അമ്മമാർ ആത്മീയമായി പങ്കെടുത്തു.

## *പെരിന്തൽമണ്ണ യൂണിറ്റ്*

മെയ് 31ന് വണക്കമാസ അതിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയും, നൊവേനയും, ആരാധനയിലും, ജപമാലയ്ക്കും അമ്മമാർ പങ്കെടുത്തു ഗാനശുശ്രൂഷയും, കാഴ്ചവെപ്പും, ബൈബിൾ വായനക്കും അമ്മമാർ നേതൃത്വം നൽകി , മാതൃവേദി അംഗങ്ങൾ നേർച്ച വിതരണം നടത്തി.

തിരുഹൃദയം മാസാചരണത്തിനോട് അനുബന്ധിച്ച് യൂണിറ്റ് വാട്സ്ആപ്പ് ഗ്രൂപ്പ് വഴി തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അൽഫോൻസാമ്മയുടെ തിരുനാളിന് അന്ന് ഉച്ചയ്ക്ക് 2 to 4.30 വരെ അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

മേഖലയിൽ നടത്തപ്പെടുന്ന മാതൃവേദിയുടെ ഏത് മീറ്റിംഗിലും അവർക്ക് വേണ്ട സഹായങ്ങളും, സ്നേഹവിരുന്നും, ശുചീകരണ പ്രവർത്തികളിലും യൂണിറ്റ് ഭാരവാഹികളുടെ സജീവപങ്കാളിത്തം നൽകുകയുണ്ടായി.

*മാലാപറമ്പ് യൂണിറ്റ്*

ജന്മദിനം വിവാഹവാർഷികം എന്നിവ ആഘോഷിക്കുന്നവർക്ക് പൂച്ചെണ്ട് നൽകി ആശംസകളർപ്പിച്ചു. മെയ് 31നു വണക്കമാസ സമാപനത്തോടനുബന്ധിച്ച് തിരുമണിക്കൂർ ആരാധന നടത്തി. തിരുഹൃദയ വണക്കമാസത്തിലും കുർബാനയിലും അമ്മമാർ പങ്കുചേർന്നു. മാതൃവേദി അംഗങ്ങൾ എല്ലാവരും ലോഗോസ് ക്വിസിൽ രജിസ്റ്റർ ചെയ്തു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് 9 ദിവസത്തെ വിശുദ്ധ കുർബാനയിലും, നൊവേനയിലും അമ്മമാരുടെ പങ്കാളിത്തം ഉണ്ടായി.

*ഒറവുംപുറം യൂണിറ്റ്*

വികാരിയച്ചന് യാത്രയയപ്പും, പുതിയ വികാരിയച്ചന് പൂച്ചെണ്ടും നൽകി സ്വീകരിച്ചു. പെന്തക്കോസ്ത തിരുനാളിനോടനുബന്ധിച്ച് മേഖലയിലെ 7 ദിവസത്തെ പരിശുദ്ധാത്മാവിന്റെ നൊവേനയും വിശുദ്ധ കുർബാനയിലും പങ്കെടുത്തു. അർഹതപ്പെട്ട കുടുംബത്തിന് പഠനോപകരണങ്ങൾക്കായി മാറ്റിവെച്ച തുക കൈമാറി.

ഇടവക അംഗത്തിന്റെ മൃതസംസ്കാരത്തിൽ എല്ലാവരും പങ്കു ചേർന്നു. മേഖലയിൽനിന്നും മാഗ്നിഫികാത്ത സമ്മാനർഹയായ വ്യക്തിയെ വികാരിയച്ചൻ മെമന്റോ നൽകി ആദരിച്ചു. ലോഗോസ് ക്വിസിന് ഒരുങ്ങുന്നതിനു വേണ്ടി കുട്ടികളെ മാത്രമല്ല അമ്മമാരെയും ക്വിസ്സിൽ പങ്കുചേർത്തു.

*മരിയാപുരം യൂണിറ്റ്*

ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾ രോഗി സന്ദർശനം നടത്തി പുതിയ വികാരിയച്ചനും, പുതിയ ആനിമേറ്റർ സിസ്റ്ററിനും സ്വീകരണം നൽകി. മാതാവിന്റെ വണക്കമാസത്തിനോടനുബന്ധിച്ച് അമ്മമാർക്കായി 'മാതൃ വണക്കം' എന്ന പരിപാടിയിൽ പാട്ട്, മരിയൻ അനുഭവം പങ്കുവയ്ക്കൽ എന്നീ മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

മെയ് 31ന് വണക്കമാസ സമാപനത്തോടനുബന്ധിച്ച് ആരാധന യിലും, ജപമാലയിലും, വിശുദ്ധ കുർബാനയിലും എല്ലാ അമ്മമാരും പങ്കുചേർന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സെമിത്തേരി വൃത്തിയാക്കി ചെടികൾ നട്ട് അലങ്കരിച്ചു. മാതൃവേദി യോഗത്തിൽ 10th, +2 Full A+ ഇടവകയിലെ കുട്ടികളെ ആദരിക്കുകയും മധുരം നൽകുകയും ചെയ്തു.

രൂപതയിലെ സെനറ്റ് മെമ്പർ ആയി തിരഞ്ഞെടുത്ത ബബിത ആൻ ജോസഫിനെ മാതൃവേദി അംഗങ്ങൾ ആദരിച്ചു. പുതിയ മേഖല ആനിമേറ്റർ

ആയി തിരഞ്ഞെടുത്ത സിസ്റർ ജോബിനയെ മാതൃവേദി അംഗങ്ങൾ ആദരിച്ചു. വികാരിയച്ചൻ ഇടവകാതലത്തിൽ മെമന്റോ നൽകി ആദരിച്ചു.

ജൂൺ അഞ്ചിന് മേഖല സെക്രട്ടറിയും യൂണിറ്റ് മേഖല എക്സിക്യൂട്ടീവ് ആയ കീർത്തി ഷിജു ഓപ്പറേഷൻ കഴിഞ്ഞ് ചികിത്സയിലിരിക്കെ യൂണിറ്റ് ആനിമേറ്റർ നേതൃത്വത്തിൽ മാതൃ സംഘടന ഭാരവാഹികളും ചേർന്ന് രോഗിസന്ദർശനം നടത്തി. ജൂൺ 18ന് പെരിന്തൽമണ്ണ ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെയും പെരിന്തൽമണ്ണ അൽഫോൻസാ ഹോമിയോ ക്ലിനികിന്റെയും DFC, മാതൃവേദി, AKCC, KCYM എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി എല്ലാ യൂണിറ്റ് ഭാരവാഹികളും, ആനിമേറ്ററും നേതൃത്വം നൽകി.

മാഗ്നിഫിക്കാത്ത online പ്രോഗ്രാമിൽ മേഖലയിൽനിന്നും ഒന്നാം സ്ഥാനം നേടിയ ഗ്രേസി കടുത്താനത്തിന് ലഭിക്കുകയും ഇടവകയിൽ വച്ച് മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു. എല്ലാ ഞായറാഴ്ചകളിലും ആദ്യത്തെ കുർബാനയ്ക്ക് ഗാനശുശ്രൂഷയും ബൈബിൾ വായനയ്ക്കും നേതൃത്വം കൊടുക്കുന്നത് അമ്മമാരാണ്. യൂണിറ്റിലെ മൃതസംസ്കാരത്തിൽ എല്ലാ ഭാരവാഹികളും പങ്കുചേരുന്നു.

അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും എല്ലാ അമ്മമാരുടെയും സജീവപങ്കാളിത്തം നൽകുകയുണ്ടായി. യൂണിറ്റ് ആനിമേറ്റർ സിസ്റ്ററിന്റെ ജന്മദിനത്തിൽ പ്രാർത്ഥിക്കുകയും, വാട്സ്ആപ്പ് ഗ്രൂപ്പിൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

*ചീരട്ടാമല യൂണിറ്റ്*

എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയിൽ ബൈബിൾ വായന ഗാനശുശ്രൂഷയും അമ്മമാർ നേതൃത്വം നൽകുന്നു. സ്ഥലം മാറിപ്പോകുന്ന വികാരിയച്ചനു യാത്രയയപ്പും സ്നേഹോപഹാരവും, പുതിയ വികാരിയച്ചനു സ്വീകരണവും നൽകി.

തിരുഹൃദയ വണക്കമാസത്തിൽ ഭക്തിയോടെ പങ്കെടുത്തു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അന്നേദിവസം വിശുദ്ധ കുർബാനയിലും, നൊവേനയിലും അമ്മമാർ സ്നേഹവിരുന്ന് പാചകം ചെയ്യാനും, വിളമ്പാനും സജീവമായി പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

*കുറ്റിപ്പുറം യൂണിറ്റ്*

മാതാവിന്റെ വണക്കമാസ പ്രാർത്ഥനയും, തിരുഹൃദയ വണക്കമാസ പ്രാർത്ഥനയും ഭക്തിയോടെ കുടുംബങ്ങളിൽ നടത്തി. കുറ്റിപ്പുറം ഇടവകയിലെ വികാരിയച്ചനും മേഖലാ ഡയറക്ടറുമായ തോമസ് മലപ്രവനാൽ അച്ചനെ യാത്രയയപ്പ് നല്കി. മാതൃവേദി ഫണ്ട് കണ്ടെത്തുന്നതിന്റെ ഭാഗമായി അംഗങ്ങൾ പലഹാരം ഉണ്ടാക്കി വിൽപന നടത്തി.

## പാറോപ്പടി മേഖല

രൂപതാതലത്തിൽ നടത്തിയ 'മാതൃതീർത്ഥം' വണക്കമാസാചാരണത്തിൽ മേഖലയിൽ നിന്നും അമ്മമാർ പങ്കെടുത്തു. അന്തർദേ ശീയ സീറോ മലബാർ മാതൃവേദി, അംഗങ്ങൾക്കായി ഒരുക്കിയ 'മാഗ്നിഫിക്കാത്ത്' മറിയത്തിന്റെ സ്തോത്രഗീതം ഓൺലൈൻ മത്സരത്തിൽ പാറോപ്പടി മേഖലയിലെ അമ്മമാരും പങ്കെടുത്തു. ജൂൺ 5 പരിസ്ഥിതി ദിനം എല്ലാ മേഖലയിലെ അമ്മമാരും സാമുചിതമായി ആചരിച്ചു.

ബഫർസോണിനെതിരെ ജൂൺ 28 നു നടത്തിയ കളക്ട്റേറ്റ് മാർച്ചിലും പ്രതിഷേധ റാലിയിലും മാതൃവേദി അംഗങ്ങളുടെ സന്നിദ്ധ്യമുണ്ടായിരുന്നു. പറോപ്പടി മേഖലയുടെ മേഖലാതല സംഗമം ജൂലൈ 28 നു ഉണർവ്വ് 22 ദേവഗിരി ഇടവകയിൽ വച്ചു നടന്നു. എല്ലാ മേഖലയിൽ നിന്നുമായി 103 അമ്മമാർ പങ്കെടുത്തു . ദേവഗിരി ഇടവകവികാരി റവ. ഫാ. ബിജു ചക്കാലക്കൽ CMI ഉണർവ്വ് 22 ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ സിസ്റ്ററും പ്രസിഡന്റും ആശംസകൾ അർപ്പിച്ചു. റവ . സിസ്റ്റർ ആൻസിൻ SH ക്ലാസ്സ് എടുത്തു. റവ. ഫാ. സിബി പുളിക്കൽ വിശുദ്ധ കുർബാനയർപ്പിച്ചു, അതിനു ശേഷം ദേവഗിരി മാതൃവേദി, മാതൃവേദിയുടെ നിയമാവലിയെ അടിസ്ഥാനമാക്കി ഒരു ക്വിസ് പ്രോഗ്രാം നടത്തി. വളരെ ഉപകാരപ്രദവും രസകരവും അറിവ് നൽകുന്നതുമായിരുന്നു ക്വിസ്. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ഉച്ചഭക്ഷണത്തോടു കൂടി സംഗമം അവസാനിച്ചു.

ആഗസ്റ്റ് 4 വിയാനിദിനത്തിൽ എല്ലാ ഇടവകയിലും വികാരിയച്ചൻ മാരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

### *ചേവായൂർ യൂണിറ്റ്*

എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച മാതൃവേദി അംഗങ്ങൾ ഒരുമിച്ചു കൂടുന്നു. ആ മാസം ജന്മദിനം ആഘോഷിക്കുന്ന അംഗങ്ങളുടെ ജന്മദിനം കേക്ക് മുറിച്ച് ആഘോഷിക്കുന്നു. ജൂൺ പതിനൊന്നാം തീയതി ഹോം ഓഫ് ലവ് സന്ദർശിക്കുകയും അവിടെയുള്ള അന്തേവാസികൾക്ക് ഉച്ചഭക്ഷണം നൽകി അവരോടൊപ്പം കുറച്ചു സമയം ചിലവഴിച്ചു. ജീവകാരുണ്യപ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം വിവിധ ഉൽപന്നങ്ങൾ തയ്യാറാക്കി വിൽപ്പന നടത്തുന്നു. ജൂൺ 28ന് കോഴിക്കോട് വെച്ച് നടന്ന കലക്ടറേറ്റ് മാർച്ചിൽ അഞ്ച് അംഗങ്ങൾ പങ്കെടുത്തു. ഒരു കുട്ടിയുടെ liver transplantation വേണ്ടി 5000/ രൂപ നൽകി. അന്തർ ദേശീയ മാതൃവേദി സംഘടിപ്പിച്ച മാഗ്നിഫിക്കാത്ത് മറിയത്തിന്റ സ്തോത്രഗീതം എന്ന പരിപാടിയിൽ ഞങ്ങളുടെ ഒരു അംഗം പങ്കെടുത്തു. ജൂലൈ 28ന് നടന്ന ഉണർവ് സെമിനാറിൽ 6 അംഗങ്ങൾ സംബന്ധിച്ചു. ഓഗസ്റ്റ് നാലിന് വൈദിക ദിനം ആഘോഷിച്ച ബഹുമാനപ്പെട്ട വികാരിയച്ചന് മാതൃവേദി അംഗങ്ങൾ ആശംസകൾ അറിയിക്കുകയും ഉപഹാരം സമ്മാനിക്കുകയും ചെയ്തു.

## താമരശ്ശേരി മേഖല റിപ്പോർട്ട്

### *താമരശ്ശേരി യൂണിറ്റ്*

ജൂൺ 25-ാം തീയതി താമരശ്ശേരി ഇടവകയിൽ വെച്ച് രൂപത വിസിറ്റ് നടത്തി. മീറ്റിംഗിൽ താമരശ്ശേരി ഇടവക വികാരി മേഖലയിലെ പഴയ ഡയറക്ടർ പുതിയ ഡയറക്ടർ അച്ചന്മാർ, ആനിമേറ്റർ സിസ്റ്റർ, രൂപത പ്രസിഡന്റ്, സെക്രട്ടറി, എല്ലാ യൂണിറ്റിൽ നിന്നും ഉള്ള പ്രസിഡന്റ് സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു.

താമരശ്ശേരി മേഖലയിൽപ്പെട്ട ചമൽ ഇടവകിയിലെ 9 മക്കൾ ഉള്ള അമ്മയെ ഈ പരിപാടിയിൽ വെച്ച് ആദരിച്ചു. എല്ലാ മാസവും ലേലം നടത്തുകയും അതിൽ നിന്നും കിട്ടുന്ന തുക ഫണ്ടിലേക്ക് നീക്കിയിരുപ്പു നടത്തുന്നു.

### *പുതുപ്പാടി യൂണിറ്റ്*

ജൂൺ മാസത്തിലെ ആദ്യത്തെ ഞായറാഴ്ച അമ്മമാർ കാഴ്ച വെപ്പ് നടത്തുകയും അതിൽ നിന്നും കിട്ടിയ തുക പാവപ്പെട്ട കുട്ടികൾക്ക് പഠനത്തിനു സഹായം ചെയ്യുകയും ചെയ്തു.

ജൂൺ 25-ാം തീയതി താമരശ്ശേരി ഇടവകയിൽ വെച്ച് നടത്തിയ മീറ്റിംഗിൽ പ്രസിഡന്റ് സെക്രട്ടറി എന്നിവർ പങ്കെടുത്തു. മാതൃതീർത്ഥം മത്സരത്തിൽ ഇടവകയിൽ നിന്നും പങ്കെടുത്തവർക്ക് സെക്കന്റ് പ്രൈസ് കിട്ടി. മേഖലയിലെ നല്ല യൂണിറ്റ് ആയി പുതുപ്പാടിയെ തെരഞ്ഞെടുത്തു.

ജൂലൈ മാസം മുതൽ എല്ലാ വെള്ളിയാഴ്ചയും പത്തു പേര് അടങ്ങുന്ന ഗ്രൂപ്പ് ജപമാലയിൽ പങ്കെടുക്കാൻ ബഥാനിയായിൽ പോകുന്നു. തിരുഹൃദയ ആരാധനയിൽ അമ്മമാർ പങ്കെടുത്തു. സ്വർഗ്ഗാരോഹനത്തിരുനാൾ അനുബന്ധിച്ചു കിടപ്പു രോഗികളെ സന്ദർശിച്ചു.

### *കൂടത്തായി യൂണിറ്റ്*

താമരശ്ശേരി മേഖലയിലെ നല്ല യൂണിറ്റ് ആയി കൂടത്തായി യൂണിറ്റിനെ തെരഞ്ഞെടുത്തു. 25-ാം തീയതി താമരശ്ശേരിയിൽ വെച്ച് നടന്ന മീറ്റിംഗിൽ പ്രസിഡന്റ് സെക്രട്ടറി പങ്കെടുത്തു. ഓഗസ്റ്റ് 15 നു ഒരുക്കമായി കർഷക റാലിയിൽ അമ്മമാർ പങ്കെടുത്തു. എരഞ്ഞിപാലത്തു വെച്ച് നടത്തിയ ബഫർസോൺ മാർച്ചിൽ യൂണിറ്റിലെ അമ്മമാർ പങ്കെടുത്തു.

### *തലയാട് യൂണിറ്റ്*

രൂപത മാതൃവേദി നടത്തിയ മാതൃതീർത്ഥം മാഗ്നിഫിക്കാത്ത മത്സരത്തിൽ യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. കാഴ്ചസമർപ്പണത്തിൽ നിന്നും കിട്ടുന്ന വസ്തുക്കൾ ഹൃദയപൂർവം പദ്ധതിയിലൂടെ അർഹരായവർക്ക് എത്തിച്ചു കൊടുക്കുന്നു. മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്ക് ഡ്രൈവിംഗ് പരിശീലനം കൊടുക്കുന്ന പരിപാടി വികാരി അച്ചൻ ഉദ്ഘാടനം ചെയ്തു.

### *കാക്കവയൽ യൂണിറ്റ്*

ജൂൺ മാസത്തിൽ പുതിയ വികാരി അച്ചന് സ്വീകരണം നൽകി. താമരശ്ശേരി

ഇടവകയിൽ വെച്ച് നടന്ന മീറ്റിംഗിൽ പ്രസിഡന്റ്, സെക്രട്ടറി പങ്കെടുത്തു. അൽഫോൻസാമ്മയുടെ തിരുനാളിന് സ്നേഹവിരുന്നു ഒരുക്കിയത് അമ്മമാർ ആണ്. അമ്മമാർ നടത്തുന്ന ചിട്ടി നന്നായി പോകുന്നു.

*ഈങ്ങാപ്പുഴ യൂണിറ്റ്*

എല്ലാ മാസവും കുറി എടുക്കുന്നു. എല്ലാ അമ്മമാരെയും മാതൃവേദിയിൽ അംഗമാക്കാൻ തീരുമാനിച്ചു. ജൂൺ മാസത്തിൽ താമരശ്ശേരിയിൽ വെച്ച് നടത്തിയ മീറ്റിംഗിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുത്തു. എല്ലാ മാസവും കിടപ്പുരോഗികളെ സന്ദർശിക്കുന്നു

*കട്ടിപ്പാറ യൂണിറ്റ്*

ഇടവകയിലെ കാൻസർ രോഗിക്ക് അമ്മമാരിൽ നിന്നും സംഭാവന ആയി കിട്ടിയ പതിനായിരം രൂപ സഹായം നൽകി. അൽഫോൻസാമ്മയുടെ തിരുനാളിന് നൊവേനയിലും കുർബാനയിലും പങ്കെടുത്തു.

*മൈലെള്ളാംപാറ യൂണിറ്റ്*

ഇടവക അംഗങ്ങൾ ആരെങ്കിലും മരിച്ചാൽ അവിടെ എത്തുകയും ആ വീട്ടുകാർക്ക് വേണ്ട സഹായം ചെയ്തു കൊടുക്കുകയും ചെയ്യുന്നു. തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച പതിമൂന്നു മണിക്കൂർ ആരാധനയിൽ അമ്മമാർ പങ്കെടുത്തു. പള്ളിയിലെ ക്ലീനിങ് അമ്മമാർ ഏറ്റെടുക്കുകയും അതിൽ നിന്നും കിട്ടുന്ന തുക ഫണ്ടിലേക്ക് നീക്കിയിരുപ്പ് നടത്തുന്നു.

*ചമൽ യൂണിറ്റ്*

ഇടവകയുടെ ജൂബിലി വർഷത്തിന്റെ ആഘോഷത്തിൽ അമ്മമാർ സജീവമായി പങ്കെടുത്തു. ഇടവകയിലെ മുഴുവൻ അമ്മമാർക്കും യൂണിഫോം സാരി വാങ്ങി നൽകി. ജൂൺ 25-ാം തീയതി നടന്ന മീറ്റിംഗിൽ പ്രസിഡന്റ്, സെക്രട്ടറി പങ്കെടുത്തു.

*ചിപ്പിലിത്തോട് യൂണിറ്റ്*

ജൂൺ 4-ാം തീയതി ഇടവകയിൽ നടന്ന പുത്തൻ കുർബാനയിൽ അമ്മമാരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. പള്ളിയുടെ അലങ്കാരത്തിലും അതിഥി സൽക്കാരത്തിലും അമ്മമാർ സജീവം ആയി പങ്കെടുത്തു. പുതിയ അച്ചന് ഉപഹാരം നൽകി ദേവാലയ പുനർ നിർമ്മാണത്തിൽ പൊതു പണികളിൽ അമ്മമാർ പങ്കെടുക്കുന്നു. അഖണ്ഡ ജപമാലയിൽ പങ്കെടുക്കാൻ അമ്മമാർ ഗ്രൂപ്പുകൾ ആയി പോകുന്നു.

*ബാലുശേരി യൂണിറ്റ്*

കിടപ്പു രോഗികളെ സന്ദർശിച്ചു. ജൂൺ മാസത്തിലെ താമരശ്ശേരിയിൽ വെച്ച് നടന്ന മീറ്റിംഗിൽ പ്രസിഡന്റ് സെക്രട്ടറി പങ്കെടുത്തു. സാമ്പത്തിക സഹായം വേണ്ട രോഗികൾക്ക് സഹായം നൽകുന്നു.

**ഫാ. ജോസഫ് അന്തീനാട്ട്**
ഡയറക്ടർ, മാതൃവേദി

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീ-കാനാ കോഴ്സുകൾ 2022**

| | | | | |
|---|---|---|---|---|
| സെപ്റ്റംബർ | - | 15 | - | 17 |
| ഒക്ടോബർ | - | 06 | - | 08 |
| നവംബർ | - | 10 | - | 12 |
| ഡിസംബർ | - | 12 | - | 14 |

**ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# കത്തോലിക്കാ കോൺഗ്രസ്

## വാർഷിക ജനറൽബോഡി യോഗവും പൊതുസമ്മേളനവും

2022 മെയ് 28 ശനിയാഴ്ച പ്രത്യേകം തയ്യാറാക്കിയ മാർ പോൾ ചിറ്റിലപ്പ ള്ളി നഗറിൽ (കോടഞ്ചേരി മരിയൻ ഓഡിറ്റോറിയം) വച്ച് നടത്തിയ വാർഷിക ജനറൽബോഡി യോഗം രാവിലെ 9:45ന് ആരംഭിച്ചു. രൂപത പ്രസിഡൻറ് ഡോക്ട ർ ചാക്കോ കാളംപറമ്പിൽ പതാക ഉയർത്തി. തുടർന്ന് ശ്രീ. സണ്ണി കൊക്ക ല പ്പള്ളിയുടെ പ്രാർത്ഥനയോടെ പ്രതിനിധി സമ്മേളനം ആരംഭിച്ചു. ജനറൽ സെക്ര ട്ടറി അനീഷ് വടക്കേ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രസിഡൻറ് ഡോക്ടർ ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. കത്തോലിക്ക കോൺഗ്രസ് മുൻ രൂപത ഡയറക്ടർ ജോർജ് വെള്ളക്കാക്കുടിയിൽ യോഗം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ ആശംസ അർപ്പിച്ചു. ഡോ. ചാക്കോ കാളംപറമ്പിൽ, ഡോ. കെ. എം ഫ്രാൻസിസ് എന്നിവർ ക്ലാസുകൾ നയിച്ചു.

## കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിക്ക് സ്വീകരണം, വിവിധ മാതൃക കൾ നൽകിയ സമുദായ അംഗങ്ങളെ ആദരിക്കൽ

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികളായ പ്രസിഡൻറ് അഡ്വക്കേറ്റ് ബിജു പറയനിലം, ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ട്ര ഷറർ ജോബി കാക്കശ്ശേരി, വൈസ് പ്രസിഡൻറ് ജോസുകുട്ടി ഒഴുകയിൽ, സെക്ര ട്ടറിമാരായ ബെന്നി ആൻറണി, ബേബി പെരുമാലിൽ, ട്രീസാ സെബാസ്റ്റ്യൻ

എന്നിവർക്ക് 2022 മെയ് 28 ശനിയാഴ്ച കോടഞ്ചേരിയിൽ രൂപത സമിതി സ്വീകരണം നൽകി. ശ്രീ. ബിജു പറയനിലം, ശ്രീ. ജോസുകുട്ടി ഒഴുകയിൽ എന്നിവർ സംഘടനാകാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് നടന്ന ജനറൽബോഡി യോഗം കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലഗേറ്റും, താമരശ്ശേരി രൂപതയുടെ അധ്യക്ഷനുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ സ്വാഗതം ആശംസിച്ചു. പ്രസിഡൻറ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അനീഷ് വടക്കേതിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രഗൽഭരെയും കത്തോലിക്കാ കോൺഗ്രസ് മുൻ രൂപത പ്രസിഡൻറ്മാരെയും മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പൊന്നാടയും ഉപഹാരവും നൽകി ആദരിച്ചു.

തുടർന്ന് ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ സമുദായ സംഘടനയുടെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. യൂത്ത് കൗൺസിൽ കോർഡിനേറ്റർ ജോമോൻ മതിലകത്തിന്റെ നന്ദിയോടെ യോഗം അവസാനിച്ചു.

### കത്തോലിക്ക കോൺഗ്രസിന്റെ ആദരവ് ഏറ്റുവാങ്ങിയവർ:

1. ഫാ. ജോർജ് വെള്ളക്കാക്കുടിയിൽ (കത്തോലിക്ക കോൺഗ്രസ് മുൻ രൂപതാ ഡയറക്ടർ)
2. ബേബി പെരുമാലിൽ, ജോർജ് കുര്യത്ത്, ആൻറണി കളത്തൂപ്പറമ്പിൽ (മുൻ രൂപതാ പ്രസിഡന്റുമാർ)
3. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, അമൽ സിറിയക് (ന്യൂനപക്ഷ അവകാശ തുല്യ നീതിക്കായി നിയമ പോരാട്ടം നടത്തിയവർ)
4. ഡോ. ഏബൽ ജയ്സൺ (ആരോഗ്യ സർവകലാശാല പിജി പരീക്ഷയിൽ ബയോകെമിസ്ട്രി മൂന്നാം റാങ്ക് നേടി)
5. തോമസ് പി മാത്യു (യുവ സംരംഭകൻ, ജോൺ ലൂതർ സിനിമയുടെ നിർമ്മാതാവ്)
6. ഡോക്ടർ ജോൺസൺ മഠത്തിനകത്ത് (ECS ഊർജ്ജ സംരക്ഷണ അവാർഡ് ജേതാവും ഭിന്നശേഷി പുരസ്കാര ജേതാവും)
7. നിയ ചാർലി (പ്രശസ്ത പിന്നണി ഗായിക)

### ബഫർ സോൺ സമരങ്ങൾ

1. ബഫർ സോൺ വിഷയത്തിലെ സുപ്രീംകോടതി വിധിക്കെതിരെ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കൂരാച്ചുണ്ട്, കോടഞ്ചേരി, തിരുവമ്പാടി, ചക്കിട്ടപ്പാറ, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ പ്രതിഷേധം നടത്തി.

2. കെസിബിസിയുടെ ആഹ്വാനം അനുസരിച്ച് ബഫർ സോൺ പ്രതിസന്ധികൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ജൂൺ 28ന് കോഴിക്കോട്, മലപ്പുറം കള

കൂറേറ്റുകളിലേക്ക് നടത്തിയ മാർച്ചിലും സമ്മേളനത്തിലും കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ നേതൃത്വം നൽകി പങ്കെടുത്തു. കോഴിക്കോട് സിവിൽ സ്റ്റേഷന് മുൻപിൽ രൂപത പ്രസിഡൻറ് ഡോ. ചാക്കോ കാളംപറമ്പിൽ വിഷയാവതരണം നടത്തി.

### ബഫർ സോൺ സെക്രട്ടറിയേറ്റ് ധർണ്ണ

ബഫർസോൺ പ്രതിസന്ധികൾ പരിഹരിക്കാൻ ഉടനടി നടപടികൾ സ്വീകരിക്കുക എന്ന് ആവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി 2022 ജൂലൈ 20ന് നടത്തിയ സെക്രട്ടറിയേറ്റ് ധർണയിൽ താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, ഗ്ലോബൽ സെക്രട്ടറിമാരായ ശ്രീ. ബേബി പെരുമാലിൽ, ശ്രീമതി. ട്രീസാ സെബാസ്റ്റ്യൻ ഞരളക്കാട്ട്, യൂത്ത് കൗൺസിൽ കോർഡിനേറ്റർ ഷാന്റോ തകിടിയിൽ എന്നിവരുടെ നേതൃത്വത്തിൽ 36 അംഗങ്ങൾ പങ്കെടുത്തു. കേരളത്തിലെ 13 രൂപതകളിൽ നിന്നായി ആയിരത്തിലധികം പ്രവർത്തകർ ധർണയിൽ പങ്കെടുത്തു.

### വിവിധ വിഷയങ്ങൾക്ക് മേലുള്ള പ്രതികരണങ്ങൾ

1. ജൂൺ 15 നൈജീരിയയിൽ നടക്കുന്ന ക്രൈസ്തവ വംശഹത്യയ്ക്കെതിരെ കോടഞ്ചേരി യൂണിറ്റിന്റെ നേതൃത്വത്തിൽ അങ്ങാടിയിൽ പന്തം കൊളുത്തി പ്രകടനം നടത്തി.
2. ജൂൺ 15 വി. ടി ബൽറാമിന്റെ ക്രൈസ്തവ വിരുദ്ധ ഫേസ്ബുക്ക് പരാമർശത്തെ കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത ശക്തമായി അപലപിച്ചു.
3. ജൂൺ 30 ജൂലൈ 3 ദുക്റാന ഞായർ പ്രവർത്തി ദിവസമായി പ്രഖ്യാപിച്ച പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് തിരുത്തണമെന്ന് ആവശ്യപ്പെട്ട് താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ പ്രസ്താവന നടത്തി.
4. ജൂലൈ 7 അഗതിമന്ദിരങ്ങൾക്ക് റേഷനും ക്ഷേമപെൻഷനും നിർത്തലാക്കിയ കേരള സർക്കാരിന്റെ കിരാത നടപടിക്കെതിരെ കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത പ്രതിഷേധിച്ചു.
5. ജൂലൈ 8 ന് സ്വകാര്യ വനഭൂമി പട്ടയം അന്യായ നിയമഭേദഗതി നടപ്പിലാക്കാനുള്ള നീക്കം സർക്കാർ അവസാനിപ്പിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത ആവശ്യപ്പെട്ടു.
6. ജൂലൈ 11 കേരള നവോത്ഥാന ചരിത്രം സംബന്ധിച്ച പാഠപുസ്തക ഭാഗത്ത് വിശുദ്ധ ചാവറ അച്ചനെ ഉൾപ്പെടുത്താത്തതിൽ കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.
7. മലയോര മേഖലയിലെ വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് തൊട്ടുമുക്കം മേഖലയുടെയും കോനൂർക്കണ്ടി യൂണിറ്റിന്റെയും സംയുക്ത യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

### യൂണിറ്റ് സന്ദർശനം 'വിസീത്ത'

യൂണിറ്റ് തല പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നതിന്റെ ഭാഗമായി രൂപത സമിതിയുടെ യൂണിറ്റ് സന്ദർശനം 'വിസീത്ത' ആരംഭിച്ചു. ഇതിന്റെ രൂപതല ഉദ്ഘാടനം, 2022 ജൂലൈ 24ന് പാറോപ്പടി മേഖലയിലെ ദേവഗിരി യൂണിറ്റിൽ നടന്നു. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, പ്രസിഡൻറ് ഡോ. ചാക്കോ കാളംപറമ്പിൽ, ജനറൽ സെക്രട്ടറി അനീഷ് വടക്കേൽ, വൈസ് പ്രസിഡൻറ് ബേബി കിഴക്കേഭാഗം, രൂപതാ സെക്രട്ടറിയും യൂണിറ്റ് പ്രസിഡണ്ടുമായ സണ്ണി കോക്കപ്പിള്ളി, ദേവഗിരി യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

### രൂപത എക്സിക്യൂട്ടീവ് യോഗങ്ങൾ

കത്തോലിക്ക കോൺഗ്രസ് രൂപത എക്സിക്യൂട്ടിവ് യോഗം 2022 ജൂൺ 11, ജൂൺ 26, ജൂലൈ 7, ജൂലൈ 13, ജൂലൈ 21 എന്നീ ദിവസങ്ങളിൽ നടത്തപ്പെട്ടു.

### കത്തോലിക്ക കോൺഗ്രസ്: നേതൃസംഗമം

കത്തോലിക്ക കോൺഗ്രസ് നേതൃസംഗമം 2022 ജൂലൈ മാസം 28 ന് താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ ഹാളിൽ വച്ച് നടത്തപ്പെട്ടു. വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ, യൂത്ത് കൗൺസിൽ അംഗങ്ങൾ, രൂപത പ്രതിനിധികൾ, ഹാർട്ട് ലിങ്ക്സ് കോർഡിനേറ്റേഴ്സ്, മേഖല പ്രസിഡന്റുമാർ, സെക്രട്ടറിമാർ, രൂപത പ്രതിനിധികൾ, യൂണിറ്റ് പ്രസിഡൻറ്മാർ, സെക്രട്ടറിമാർ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

സമുദായം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ സമുദായ സംഘടനക്ക് എന്ത് ചെയ്യാൻ സാധിക്കും എന്നത് സംബന്ധിച്ച് ഡയറക്ടർ ഫാ. മാത്യു തൂമുള്ളിലിന്റെ നേതൃത്വത്തിൽ ക്ലാസ്സും ചർച്ചയും സംഘടിപ്പിച്ചു.

പ്രസ്തുത യോഗത്തിൽ സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും അഖിലേന്ത്യ തലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ എൽസ റോസ് വിൽസൺ, ഉന്നത വിജയങ്ങൾ കരസ്ഥമാക്കിയ മേഘന ബെന്നി ആനക്കല്ലേൽ, ജൂലിയ ബിജു മുപ്പറ്റയിൽ, അലൻ സെബാസ്റ്റ്യൻ പുറഞ്ചിറയിൽ ആദരിച്ചു.

### 'പുറപ്പാട്' താമരശ്ശേരി രൂപതാ കാത്തോലിക്ക കോൺഗ്രസ് ബുള്ളറ്റിൻ പ്രകാശനം ചെയ്തു

താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസ്സിന്റെ ബുള്ളറ്റിൻ 'പുറപ്പാട്' രൂപത മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനമായ 2022 ജൂലൈ 28 ന് താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. സീറോ മലബാർ സഭയുടെ ഔദ്യോഗിക സമുദായ സം

ഘടന എന്ന നിലയിൽ കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തങ്ങൾ ജനങ്ങളിലേക്ക് എത്തി ക്കുക എന്നതാണ് 'പുറപ്പാട്' ലക്ഷ്യമാക്കുന്നത്. സമുദായ ശാക്തീകരണത്തിനും സംഘടന പ്രവർത്തനങ്ങൾ ഊർജസ്വലമാക്കുന്നതിനും ബുള്ളറ്റിന്റെ പ്രസിദ്ധീകരണം അനുഗ്രഹപ്രദമാകും. രൂപതയിലെ കാത്തോലിക്ക കോൺഗ്രസ് പ്രവർത്തകരുടെ ഭവനങ്ങളിലും, രൂപതയിലെ മുഴുവൻ പള്ളികളിലും സ്ഥാപനങ്ങളിലും ബുള്ളറ്റിൻ വിതരണം ചെയ്യുവാനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യം വയ്ക്കുന്നത്.

മാർ റെമിജിയോസ് ഇഞ്ചനാനിയിൽ രക്ഷധികാരിയായ പുറപ്പാടിന്റെ ചീഫ് എഡിറ്റർ ശ്രീ. സണ്ണി കോക്കാപ്പള്ളി ആണ്, ഷാജി കണ്ടത്തിൽ മാനേജിങ് എഡിറ്ററും, താമരശ്ശേരി രൂപത കാത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, ഫാ. നോബിൾ പാറക്കൽ, ഇ. എം പോൾ എന്നിവർ ഉപദേശകസമിതി അംഗങ്ങളും ആണ്.

## കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി ബേബി പെരുമാലിൽ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു

കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറിയും, ഇൻഫാമിന്റെ സ്ഥാപക നേതാക്കളിൽ ഒരാളുമായ ബേബി പെരുമാലിയുടെ അകാല വേർപാട് കത്തോലിക്കാ കോൺഗ്രസിനും ക്രൈസ്തവ സമുദായത്തിനും മലയോര കർഷക ജനതയ്ക്കും തീരാ നഷ്ടമായി. കർഷക പോരാട്ടത്തിന്റെയും സമുദായ ജാഗ്രതയുടെയും അമരക്കാരനെയാണ് മലയോരത്തിന് നഷ്ടമായത്.

സ്വന്തം സമുദായത്തെ സ്വന്തം കുടുംബത്തെപ്പോലെ സ്നേഹിച്ച നിസ്വാർത്ഥ നേതൃത്വത്തിന്റെ ഉത്തമ മാതൃകയായിരുന്നു ബേബി പെരുമാലിൽ. നീണ്ട വർഷക്കാലം കാത്തോലിക്ക കോൺഗ്രസ്സിൽ പ്രവർത്തിച്ച അദ്ദേഹം താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസിന്റെ പ്രസിഡന്റ് എന്ന നിലയിൽ സ്തുത്യർഹമായ സേവനമാണ് നൽകിയിട്ടുള്ളത്. അദ്ദേഹം രൂപത പ്രസിഡന്റ് ആയിരുന്ന കാലഘട്ടം, തളർന്ന് കിടന്നിരുന്ന കാത്തോലിക്ക കോൺഗ്രസ്സിന്റെ രണ്ടാമതൊരു ഉയർത്തെഴുന്നേൽപ്പിന്റെ കാലമായിരുന്നു.

ജനഹൃദയങ്ങളിൽ സ്ഥാനം നേടിയ നേതാവായിരുന്നു അദ്ദേഹം എന്നതിന്റെ തെളിവായിരുന്നു 100 വാഹനങ്ങളുടെ അകമ്പടിയോടെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് സ്വഭാവത്തിലേക്ക് അദ്ദേഹത്തിന്റെ ഭൗതിക ദേഹത്തെ അനുഗമിച്ച വാഹന വ്യൂഹം. അദ്ദേഹത്തിന് അന്തിമ ഉപചാരം അർപ്പിക്കാൻ നാടിന്റെ നാനാഭാഗങ്ങളിൽ നിന്ന് ആളുകൾ കടന്നു വന്നു. തിരുവമ്പാടി പാരിഷ് ഹാളിൽ പൊതു ദർശനത്തിന് വച്ചപ്പോഴും ആയിരങ്ങളാണ് ആദരാഞ്ജലി അർപ്പിച്ചത്.

സംസ്കാര ചടങ്ങിൽ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയുടെ അനുശോചന സന്ദേശം സീറോ മലബാർ സഭ വൈസ് ചാൻസിലർ ഫാ. ജെയ്സൻ കാവിൽപുരയിടത്തിൽ വായിച്ചു.

ക്രൈസ്തവ സഭയ്ക്കും സമുദായത്തിനും, കർഷക സമൂഹത്തിനും വേണ്ടി

ബേബി പെരുമാലിൽ ചെയ്ത സേവനങ്ങളെ താമരശ്ശേരി രൂപത ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സംസ്കാര ചടങ്ങിൽ അനുസ്മരിച്ചു. താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ തിരുവമ്പാടി ടൗണിൽ നടത്തിയ അനുസ്മരണ അനുശോചന യോഗം രൂപത വികാരി ജനറാൾ മോൺ . ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. തിരുവമ്പാടി ഫൊറോന വികാരി ഫാ .തോമസ് നാഗപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം, രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, രൂപത പ്രസിസന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, കൊടുവള്ളി ബ്ലോക്ക് പ്രസിഡന്റ് ബാബു കളത്തൂർ, പഞ്ചായത്ത് പ്രസിഡന്റ് മേഴ്സി പുളിക്കാട്ട്,  മുൻ എം എൽ എ ജോർജ് എം. തോമസ്, സി.പി. ചെറിയ മുഹമ്മദ്, ബെന്നി ലൂക്കോസ്, അഗസ്റ്റിൻ പുളിക്കക്കണ്ടം, ബാബു പൈക്കാട്ട്, മാജുഷ് മാത്യു, അഗസ്റ്റിൻ മഠത്തിപറമ്പിൽ, ജോയി തൊമരക്കാട്ടിൽ, ജോളി ഉണ്ണിയേപ്പള്ളിൽ, തോമസ് വലിയപറമ്പിൽ, ബെന്നി കിഴക്കേപറമ്പിൽ തുടങ്ങി നിരവധിപേർ പ്രസംഗിച്ചു.

### സീറോ മലബാർ സമുദായ കർമ്മ ശ്രേഷ്ഠ അവാർഡ് ബേബി പെരുമാലിക്ക്

സമുദായത്തിന് വേണ്ടി മികച്ച സേവനം കാഴ്ചവച്ചവർക്ക് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി ഏർപ്പെടുത്തിയ മരണാനന്തര ബഹുമതിയായ സീറോ മലബാർ സമുദായ കർമ്മ ശ്രേഷ്ഠ അവാർഡ് ബേബി പെരുമാലിക്ക് നൽകി ആദരിച്ചു. കത്തോലിക്ക  കോൺഗ്രസ് താമരശ്ശേരി രൂപത പ്രസിഡന്റ്, കത്തോലിക്ക കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ്,  ഗ്ലോബൽ സെക്രട്ടറി, രാഷ്ട്രീയ  കാര്യ സമിതി അംഗം തുടങ്ങി നിരവധി മേഖലകളിൽ സഭയ്ക്കും സമുദായത്തിനും വേണ്ടി നിസ്വാർത്ഥമായി ബേബി പെരുമാലി നൽകിയിട്ടുള്ള സേവനങ്ങൾ പരിഗണിച്ചാണ് അവാർഡ് നൽകിയത്.

അഞ്ച് ലക്ഷം രൂപയും ഫലകവുമാണ് മരണാനന്തര ബഹുമതിയായി ഗ്ലോബൽ സമിതി നൽകുന്നത്. സീറോ മലബാർ സഭയുടെമേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവാണ്  അവാർഡ് പ്രഖ്യാപിച്ചത്.

അവാർഡ് പ്രഖ്യാപന ചടങ്ങിൽ ബേബി പെരുമാലിയുടെ കുടുംബവും സന്നിഹിതരായിരുന്നു. പ്രസ്തുത ചടങ്ങിൽ കത്തോലിക്കകോൺഗ്രസ് ഗ്ലോബൽ ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സന്ദേശം നൽകി. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജിയോ കടവി, രൂപത ഡയറക്ടർ റവ. മാത്യു തൂമുള്ളിൽ, ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, രൂപത പ്രസിഡൻറ് ഡോ. ചാക്കോ കാളാംപറമ്പിൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ. രാജീവ് കൊച്ചുപറമ്പിൽ, ജസ്റ്റിസ് കുര്യൻ ജോസഫ്, റവ. ഫാ. ജോർജ് കുടിലിൽ, ഷെവ. ഡോ. മോഹൻ തോമസ്, ഡോ. കെ. എം ഫ്രാൻസിസ്, ശ്രീ.ബെന്നി മാത്യു, ശ്രീമതി ട്രീസ സെബാസ്റ്റ്യൻ  തുടങ്ങി നിരവധി പേർ സംസാരിച്ചു.

### കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിൽ നേതൃത്വം നൽകുന്ന 'YOUTH WALK'

അഗതികളുടെ അമ്മയായ വിശുദ്ധ മദർ തെരേസയുടെ തിരുനാളിനോട് അനുബന്ധിച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിൽ വിവിധ അനാഥ അഗതി മന്ദിരങ്ങൾ സന്ദർശിക്കുന്നു. കത്തോലിക്ക കോൺഗ്രസ് പ്രവർത്തിക്കുന്ന 44 രാജ്യങ്ങളിലെ 100 ജീവകാരുണ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് YOUTH WALK സംഘടിപ്പിക്കുന്നത്. 1000 സന്നദ്ധ പ്രവർത്തകർ ഇതിന് നേതൃത്വം നൽകും.

ആതുര ശുശ്രൂഷ മേഖലയിൽ കത്തോലിക്ക സഭ ചെയ്യുന്ന സ്തുത്യർഹ സേവനങ്ങൾ എന്തെന്ന് സമൂഹത്തിന് പരിചയപ്പെടുത്തി കൊടുക്കുക, സ്ഥാപനങ്ങൾ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാം എന്ന് വിലയിരുത്തുക, അത്തരം പ്രതിസന്ധികൾ ഗവൺമെന്റ് തലത്തിൽ എത്തിക്കുക എന്നിവ ലക്ഷ്യം വച്ചാണ് YOUTH WALK സംഘടിപ്പിക്കുന്നത്. ഓരോ സ്ഥാപനത്തിന്റെയും പ്രത്യേക ആവശ്യങ്ങൾ മനസ്സിലാക്കി, സാധ്യമാകുന്ന സാമ്പത്തിക സഹായം നൽകാനും പദ്ധതി ലക്ഷ്യം വയ്ക്കുന്നുണ്ട്.

ആദ്യഘട്ടത്തിൽ രൂപതയിലെ 12 ജീവകാരുണ്യ സ്ഥാപനങ്ങൾ സന്ദർശിക്കാനാണ് തീരുമാനം. താമരശ്ശേരി രൂപതയിൽ, 2022 ഓഗസ്റ്റ് 28 ന് ആരംഭിക്കുന്ന ഈ പ്രയാണത്തിന്റെ ആദ്യഘട്ടം, വി. മദർ തെരേസയുടെ തിരുനാൾ ദിനമായ 2022 സെപ്റ്റംബർ 5 ന് സമാപിക്കും.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

## കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇൻഡ്യ

### മലബാർ സോൺ എക്സിക്യൂട്ടീവ് മീറ്റ്

ജൂലൈ ഇരുപത്തിരണ്ടാം തീയ്യതി നടത്തപ്പെട്ട സി.എൻ.ജി.ഐ മലബാർ സോൺ ലീഡേർസ് മീറ്റിന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ കോഴിക്കോട് നിർമ്മല കോളജ് ഓഫ് നഴ്സിംങിൽ ജൂലൈ മുപ്പതിന് നടന്ന മീറ്റിംങ്ങിൽ താമരശ്ശേരി രൂപത എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ ഫാ. റോണി പോൾ കാവിലും രൂപത പ്രസിഡണ്ട് സി. ലിസ് മേരി എം.എസ്. ജെ യും പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ ആഗസ്റ്റ് 28-ാം തീയ്യതി ഞായറാഴ്ച പി.എം. ഒ.സി യിൽ വച്ച് സി.

എൻ.ജി.ഐ മലബാർ സോൺ സംഗമം നടത്തുവാൻ തീരുമാനിച്ചു. മുഖ്യതിഥികളായി മാർ ജോർജ്ജ് ഞരളക്കാട്ട്, മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, റൈറ്റ്. റവ.ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ എന്നിവരെ ക്ഷണിക്കുവാൻ യോഗം ആവശ്യപ്പെട്ടു. ഏകദേശം മുന്നൂറു പേരെയെങ്കിലും പ്രോഗ്രാമിൽ പങ്കെടുപ്പിക്കാമെന്ന് യോഗം നിർദ്ദേശിച്ചു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ ഒരുക്കപ്പെടുന്ന പ്രോഗ്രാമിന്റെ ഉത്തരവാദിത്തങ്ങൾ എക്സിക്യൂട്ടീവ് അംഗങ്ങളെ ഏൽപിച്ചു.

### മലബാർ സോൺ മീറ്റ് രൂപതതല പ്രവർത്തനങ്ങൾ

കോഴിക്കോട് ജില്ലയിലെ ആശുപത്രികൾ സന്ദർശിച്ച് മലബാർ സോൺ മീറ്റിനു ആവശ്യമായ മൊബിലൈസേഷൻ നടത്തി. താമരശ്ശേരി രൂപതയിലെ എല്ലാ വികാരിയച്ചൻമാർക്കും അറിയിപ്പുകൾ നൽകി.

### മലബാർ സോൺ ലീഡേർസ് മീറ്റിംങ്

സി.എൻ .ജി .ഐ മലബാർ സോൺ മീറ്റിന്റെ ഒരുക്കങ്ങൾ ത്വരിതഗതിയിലാക്കാൻ ആഗസ്റ്റ് പത്തൊൻപതാം തീയ്യതി ഓൺ ലൈൻ മീറ്റിംങ് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ ഫാ. റോണി പോൾ കാവിലും രൂപതാ സി.എൻ.ജി.ഐ സെക്രട്ടറി സി. സൂസൻ സി.എം.സി.യും പങ്കെടുത്തു. താമരശ്ശേരി രൂപത ആതിഥേയത്വം വഹിക്കുന്നതു കൊണ്ട് അതിനുള്ള ഒരുക്കങ്ങളെക്കുറിച്ച് ഫാ. റോണി പോൾ കാവിൽ സംസാരിച്ചു.

### കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ മലബാർ സോൺ മീറ്റ്

മുൻകൂട്ടി തീരുമാനിച്ച പ്രകാരം 2022 ആഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച സി. എൻ.ജി.ഐ. യുടെ മലബാർ സോൺ മീറ്റിംഗ് പി.എം.ഒ.സി. യിൽ വച്ച് നടത്തപ്പെട്ടു. സ്റ്റേറ്റ് എക്സിക്യുട്ടീവ് മെമ്പറും നിർമ്മല കോളേജ് ഓഫ് നഴ്സിങ്ങ് പ്രിൻസിപ്പലുമായ സി. ക്ലാരൻസ് UMI യുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കോഴിക്കോട് രൂപതാ വികാരി ജനറാൾ അദ്ധ്യക്ഷപ്രസംഗം നടത്തിയ യോഗം താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് എക്ലേസിയാസ്റ്റിക്കൽ അഡ്വൈസറും ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്ററുമായ റവ. ഫാ. ജെയിംസ് കുന്നത്ത് മുഖ്യപ്രഭാഷണം നടത്തി. സി.എൻ.ജി.ഐ സ്റ്റേറ്റ് പ്രസിഡന്റ് സി. സോണിയ FDCC, കെസിബിസി ഹെൽത്ത് കമ്മീഷൻ സെക്രട്ടറി സി. ലില്ലിസ SABS, കണ്ണൂർ രൂപത എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ റവ. ഫാ. ഷൈജു പീറ്റർ, സി. എൻ.ജി.ഐ സ്റ്റേറ്റ് സെക്രട്ടറി മി. ജോസി കെ. ജോർജ്ജ് എന്നിവർ ആശംസകൾ നേർന്നു. ചടങ്ങിൽ നിർമ്മല ഹോസ്പിറ്റലിലെ സി. ലിനറ്റ് UMI യെ ആദരിച്ചു. നിർമ്മല ഹോസ്പിറ്റൽ സ്റ്റാഫ് നഴ്സ് മി. ആരോൺ ജോസഫ് റിബല്ലോ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. കാത്തലിക നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യയുടെ മലബാർ സോൺ മീറ്റിംഗ് വിജയിപ്പിക്കുവാൻ പരിശ്രമിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദി.

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, സി.എൻ.ജി.ഐ

# കെ.സി.വൈ.എം.
# എസ്.എം.വൈ.എം

## സംസ്ഥാന അർദ്ധ വാർഷിക സെനറ്റ്

കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് ജൂലൈ 29, 30, 31 തീയതികളിൽ നടന്ന അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, അസി. ഡയറക്ടർ മാത്യു തൂമുള്ളിൽ, ആനിമേറ്റർ സി. ഷാർലറ്റ് റോസ് സി. എം. സി, രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, രൂപത ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ലെറ്റിഷ്യ ജോഷി, ടിബിൻ അഗസ്റ്റിൻ, സംസ്ഥാന സെനറ്റ് അംഗങ്ങളായ അലീന മാത്യു, വിശാഖ് തോമസ് എന്നിവർ പങ്കെടുത്തു. താമരശ്ശേരി രൂപതയുടെ പ്രവർത്തന പരിപാടികളെയും നിലപാടുകളെയും സെനറ്റ് മുക്തകണ്ഠം അഭിനന്ദിച്ചു.

## വൈദിക ദിനത്തിൽ പ്രീസ്റ്റ് ഹോം സന്ദർശിച്ചു

ഓഗസ്റ്റ് 4 വൈദിക ദിനത്തോടനുബന്ധിച്ച് താമരശ്ശേരി മേഖലയുടെ ആതിഥേയത്വത്തിൽ ഈരൂട് പ്രീസ്റ്റ് ഹോം സന്ദർശിക്കുകയും വൈദികർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു. രൂപത പ്രസിഡൻറ് അഭിലാഷ് കുടിപ്പാറ , പ്രീസ്റ്റ് ഹോം ഡയറക്ടർ ഫാ. ബിജു ചെന്നിക്കര എന്നിവർ സന്നിഹിതരായിരുന്നു. കൂടത്തായി, നൂറാംതോട്, കാക്കവയൽ, താമരശ്ശേരി, ചിപ്പിലിത്തോട് ഇടവകയിലെ യുവജനങ്ങൾ സന്ദർശനത്തിൽ പങ്കാളികളായി.

## തെയോഫിയ യുവജന കൺവെൻഷൻ

*സോൺ ബി മലപ്പുറം റീജിയൺ*

താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ നടത്തിവരുന്ന യൂത്ത് കൺവെൻഷന്റെ സോൺ ബി സെക്ഷൻ പുത്തനങ്ങാടി, സെന്റ് മേരീസ് കോളേജിൽ വച്ച് ആഗസ്റ്റ് 5 മുതൽ 8 വരെ നടന്നു. 350 തോളം യുവജനങ്ങൾ പങ്കെടുത്ത കൺവെൻഷൻ വികാരി ജനറൽ മോൺ. ജോൺ ഒറവങ്കര ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. നാലു ദിവസങ്ങളിലായി നടന്ന കൺവെൻഷനിൽ ക്രിസ്തീയ ആത്മീയത, സമുദായം, ധാർമികത എന്നിവയെ സംബന്ധിച്ച് ഫാ. റോയി കണ്ണഞ്ചിറ സി എം ഐ, അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, ബ്ര. സേവി ജോസഫ്, സി. ജിനു എം എസ് ജെ, പെരിന്തൽമണ്ണ ജില്ലാ ജഡ്ജ് ശ്രീ. പി കെ യഹിയ, ഫാ. മാത്യു തൂമുള്ളിൽ, ഫാ. റോണി പോൾ കാവിൽ എന്നിവർ സെഷൻസ് നയിച്ചു. ക്രിസ്തീയ പാരമ്പര്യ ഭക്ഷണങ്ങളെ പരിചയപ്പെടുത്തിയ കുക്കറി ഷോ, കൂടുതൽ

മക്കളുള്ള കുടുംബങ്ങളുമായിട്ടുള്ള ചർച്ച, ലൗ ജിഹാദിനെ സംബന്ധിച്ചുള്ള പാനൽ ഡിസ്കഷൻ, ജപമാല റാലി, ദിവ്യകാരുണ്യ ആരാധനകൾ, മോണിംഗ് മെഡിറ്റേഷൻസ്, പേഴ്സണൽ പ്രയർ, കൾച്ചറൽ പ്രോഗ്രാം, മ്യൂസിക് ബാൻഡ്, വാർ റൂം വിസിറ്റ് വീഡിയോ പ്രസന്റേഷൻ, ഗ്രൂപ്പ് ചർച്ചകൾ, ആക്ടിവിറ്റീസ്, ഗെയിംസ് തുടങ്ങി നിരവധി സെഷൻസ് ഉൾപ്പെടുത്തി നടത്തിയ കൺവെൻഷൻ വിജയകരമാക്കാൻ സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി. പുത്തനങ്ങാടി, കോളേജ് പ്രിൻസിപ്പൽ ഫാ. ഡെന്നി ചോരപ്പുള്ളിൽ, പെരിന്തൽമണ്ണ മേഖല ഡയറക്ടർ ഫാ. പ്രിൻസ് ഏഴാനിക്കാട്ട്, അനിമേറ്റർ സി. ജോഫി സി എം സി, മലപ്പുറം മേഖല ഡയറക്ടർ ഫാ. ജിന്റോ മച്ചുകുഴിയിൽ, കരുവാരകുണ്ട് മേഖല ഡയറക്ടർ ഫാ. സിജോ കോട്ടക്കൽ, പെരിന്തൽമണ്ണ ഫൊറോന വികാരി ഫാ. ജിൽസ് കാരിക്കുന്നേൽ, ഫാ. ജെയിംസ് വാമറ്റത്തിൽ, വിവിധ ഇടവകളിൽ നിന്നുള്ള ആനിമേ റ്റേഴ്സ്, മേഖല രൂപത ഭാരവാഹികൾ, വളണ്ടിയേഴ്സ് എന്നിവർക്കും ഹൃദയപൂർവ്വം നന്ദി.

### തെയോ ഫിലോസ്, മരുതോങ്കര മേഖല യുവജന സംഗമം

മരുതോങ്കര മേഖലയുടെ നേതൃത്വത്തിൽ മേഖലയിലെ 12 ഇടവകകളിലെ 350ൽ അധികം യുവജനങ്ങളെ ഒന്നിച്ചു ചേർത്ത തെയോ ഫിലോസ് യുവജന സംഗമം ഓഗസ്റ്റ് 13 ശനിയാഴ്ച രാവി ലെ 9 മുതൽ വൈകിട്ട് 4. 30 വരെ ചാത്തൻകോട്ടുനട സോഫിയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പിന്നണി ഗായിക അഞ്ചു ജോസഫ് മുഖ്യാതിഥി ആയിരുന്നു. കപ്പൂച്ചിൻ വൈദികരുടെ നേതൃത്വത്തിൽ ഇൻപുട്ട് സെഷൻസും ആരാധനയും നടന്നു. ഫൊറോന ഡയറക്ടർ ഫാ. റ്റിൽജോ പാറത്തോട്ടത്തിൽ, മേഖല പ്രസിഡണ്ട് മെൽറ്റോ എന്നിവരുടെ നേതൃത്വത്തിലുള്ള മേഖല സമിതി പരിപാടികൾക്ക് നേതൃത്വം നൽകി.

### രൂപത അർദ്ധ വാർഷിക സെനറ്റ് സമ്മേളനം

താമരശ്ശേരി രൂപത കെ സി വൈ എം - എസ് എം വൈ എം ന്റെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ഓഗസ്റ്റ് 18 വ്യാഴാഴ്ച മാർ മങ്കുഴിക്കരി മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ നടന്നു.

താമരശ്ശേരി രൂപത സി.വൈ.എം. (പ്രഥമ യുവജന സംഘടന) ഡയറക്ടർ ഫാ. മാത്യു പുളിമൂട്ടിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷനായ യോഗത്തിൽ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി ലിനറ്റ് വർഗ്ഗീസ്, മാനന്തവാടി രൂപതയുടെ സംസ്ഥാന സിൻഡിക്കേറ്റ് അംഗം ജിഷിൻ മുണ്ടക്കാത്തടത്തിൽ, എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റ് വിശാഖ് തോമസ്, രൂപത ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ, ആനിമേറ്റർ സി. ഷാർലറ്റ് റോസ് സി.എം.സി. ചെറുപുഷ്പ മിഷൻ ലീഗ് (ജൂനിയർ വിഭാഗം) രൂപത പ്രസിഡന്റ് ജേക്കബ്

ജോസ്, രൂപത വൈസ് പ്രസിഡന്റ് ഡോണസ് മുണ്ടക്കൽ എന്നിവർ സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് മാനന്തവാടി രൂപത സിൻഡിക്കേറ്റ് മെമ്പർ ജിഷിൻ മുണ്ടക്കത്തടത്തിൽ സംഘടന സംബന്ധമായ ക്ലാസ് നയിച്ചു. എസ് എം വൈ എം സംസ്ഥാന പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട വിശാഖ് തോമസ്, കെസിവൈഎം സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ലിനറ്റ് (ബത്തേരി രൂപത), അഭിഭാഷകനായി എൻറോൾ ചെയ്യപ്പെട്ട രൂപതാ സമിതി അംഗം ശ്രീ. അബ്രഹാം തടത്തിൽ എന്നിവരെ ആദരിച്ചു. രൂപതയിലെ 11 മേഖലകളും നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും പരസ്പരം വിലയിരുത്തുകയും തിരുത്തുകയും ചെയ്തു.

### തീരദേശ  മലയോര ജനജീവിത പ്രതിസന്ധികൾ: സെനറ്റ് പ്രമേയം

തീരദേശ ജനതയെ ഒന്നടങ്കം ആശങ്കയിലാഴ്ത്തിക്കൊണ്ട് തുടരുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ അശാസ്ത്രീയവും അപകടകരവുമായ നിർമ്മാണത്തിലും, അന്ത്യമില്ലാതെ മലയോര ജനതയെ ഭീതിയുടെ നിഴലിലാഴ്ത്തിയിരിക്കുന്ന ബഫർ സോൺ വിഷയത്തിലും സർക്കാർ തുടരുന്ന നയം പ്രതിഷേധാർഹമാണെന്ന് കെ.സി.വൈ.എം.എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ 2022 പ്രവർത്തന വർഷത്തെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം വിലയിരുത്തുകയും പ്രമേയം പാസാക്കുകയും ചെയ്തു.  തിരുവനന്തപുരം ജില്ലയിലങ്ങോളമിങ്ങോളം ക്രൈസ്തവ സംഘടനകൾ തുടരുന്ന സമരപരമ്പരകൾക്ക് പരിപൂർണ്ണ പിന്തുണ നൽകുന്നതായും, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കെ.സി.വൈ.എം. സംസ്ഥാന നേതൃത്വവും വിവിധ രൂപത നേതൃത്വങ്ങളും നടത്തിവരുന്ന സമരങ്ങളെ പിന്തുണയ്ക്കാനും, ബഫർ സോൺ വിഷയത്തിലെ സർക്കാർ വഞ്ചനയ്ക്കെതിരെ രൂപതയോട് ചേർന്നു നിന്നുകൊണ്ട് സമരപരിപാടികൾക്ക് നേതൃത്വം നൽകാനും സമ്മേളനത്തിൽ പങ്കെടുത്ത യുവജന നേതാക്കന്മാർ ഐക്യകണ്ഠേന തീരുമാനമെടുത്തു.

### പുതിയ നിയമനങ്ങൾ

സംസ്ഥാന സെനറ്റ് മെമ്പറായി പുന്നക്കൽ ഇടവകാംഗം ശ്രീ.  ജസ്റ്റിൻ സൈമൺ തൂമുള്ളിൽ അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ ഔദ്യോഗികമായി തിരഞ്ഞെടുക്കപ്പെട്ടു. രൂപത സെക്രട്ടറിയായി പാറോപ്പടി മേഖലയിൽ നിന്നും ശ്രീ. അബ്രഹാം തടത്തിലും രൂപത സമിതി അംഗമായി മരഞ്ചാട്ടി ഇടവകാംഗം ആനന്ദ് സെബാസ്റ്റ്യൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

### മേഖലാ സെനറ്റ് സമ്മേളനങ്ങൾ

രൂപതയിലെ 10 മേഖലകളിൽ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം നടത്തി. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പദ്ധതികൾ വിഭാവനം ചെയ്യുകയും ചെയ്തു. വിവിധ ഇടവകകളിൽ പ്രയാൺ യൂണിറ്റ് സന്ദ

ർശനം, മേഖല സമിതികളുടെ നേതൃത്വത്തിൽ നടന്നു വരുന്നു. നേതൃത്വം നൽകുന്ന മേഖല സമിതികൾക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

### മംഗളങ്ങൾ, അഭിനന്ദനങ്ങൾ

1. ജൂലൈ 26 ന് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന് ജന്മദിനത്തിന്റെ മംഗളങ്ങൾ നേർന്നു.
2. ജൂലൈ 28, രൂപത മധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ മംഗളങ്ങൾ.
3. മംഗളങ്ങൾ, ആശംസകൾ : ആഗസ്റ്റ് 4, ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ മംഗളങ്ങൾ നേർന്നു.
4. സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും അഖിലേന്ത്യാ തലത്തിൽ രണ്ടാംസ്ഥാനവും കരസ്ഥമാക്കിയ എൽസ റോസ് വിൽസൺ (പുല്ലൂരാംപാറ എടക്കര കുടുംബാംഗം) അഭിനന്ദനങ്ങൾ നേർന്നു.

### നിലാവുകൂട്ടം

ഓഗസ്റ്റ് 13ന് മരഞ്ചാട്ടി, ഓഗസ്റ്റ് 14 പെരിന്തൽമണ്ണ എന്നീ ഇടവകകളിൽ നിലാവ്കൂട്ടം ഇടവക യുവജന സംഗമങ്ങൾ സംഘടിപ്പിച്ചു.

### അനുശോചനങ്ങൾ

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി ബേബി പെരുമാലിക്ക് കെസിവൈഎം -എസ് എം വൈ എം താമരശ്ശേരി രൂപത അനുശോചനം അറിയിച്ചു.

### അറിയിപ്പുകൾ

#### 1. രചന മത്സരങ്ങൾ

രൂപത മേഖല രചനാ മത്സരങ്ങൾ ഓഗസ്റ്റ് 28 ഞായറാഴ്ച ഉച്ചയ്ക്കുശേഷം 2 മണി മുതൽ 5 മണി വരെ യൂണിറ്റ് കേന്ദ്രങ്ങളിൽ മേഖല പ്രതിനിധികളുടെ സാന്നിധ്യത്തിൽ നടത്തുന്നു. കഥ, കവിത, ഉപന്യാസം നോട്ടീസ് രചന, മുദ്രാവാക്യ രചന, പോസ്റ്റർ രചന, കാർട്ടൂൺ, ഡിജിറ്റൽ പോസ്റ്റർ രചന , ട്രോൾ മേക്കിങ്, പത്രവാർത്ത എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്. 15 വയസ്സിനും 35 വയസിനും ഇടയിലുള്ള യുവജനങ്ങൾക്ക് പങ്കെടുക്കാം. മത്സര വിഷയങ്ങൾ അന്നേദിവസം രണ്ടുമണിക്ക് ഓൺലൈൻ മുഖേന നൽകുന്നതാണ്. ഇടവകയിൽ നടത്തിയ രചനകൾ മേഖലയിൽ മൂല്യനിർണയം നടത്തി മികച്ച 2 രചനകൾ രൂപതയിൽ സമർപ്പിക്കുകയും രൂപതാതല വിജയികളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. സംസ്ഥാനതലമത്സരം ഒക്ടോബർ രണ്ടാം തീയതി നടക്കുന്നു.

**2. മേഖല കലാമത്സരങ്ങൾ**

മേഖലതല കലാമത്സരങ്ങൾ ഓൺലൈനായോ ഓഫ്‌ലൈനായോ മേഖലാ കേന്ദ്രങ്ങളിൽ നടത്തുന്നതായിരിക്കും. ഇത് സംബന്ധിച്ച അറിയിപ്പ് മേഖലകളിൽ നിന്നും ലഭിക്കുന്നതാണ്. രൂപത തല വ്യക്തിഗത കലാമത്സരങ്ങളും ഏതാനും ഗ്രൂപ്പ് ഇനങ്ങളും (തെരുവുനാടകം, ക്വിസ്, ഡിബേറ്റ്) പാറോപ്പടി മേഖലയുടെ ആതിഥേയത്വത്തിൽ സെപ്റ്റംബർ 21ന് നടത്തുന്നു. മാർഗംകളി, ചവിട്ടുനാടകം, പരിചമുട്ട്, ഷോർട്ട് ഫിലിം, നാടൻപാട്ട്, ഗാനമേള, മൈം, കെസിവൈഎം ആന്തം എന്നിവ ഓൺലൈനായി നടത്തുന്നതായിരിക്കും. സെപ്റ്റംബർ 21 വൈകുന്നേരത്തിന് മുമ്പ് പെർഫോമൻസ് വീഡിയോകൾ ലഭിക്കേണ്ടതാണ്. സംസ്ഥാനതല മത്സരങ്ങൾ ഒക്ടോബർ 4, 5 തീയതികളിൽ ഇടുക്കിയിൽ വച്ച് നടക്കുന്നു.

**3. തിയോഫിയ സോൺ സി, യുവജന കൺവെൻഷൻ**

രൂപത യുവജന കൺവെൻഷന്റെ, സോൺ സി അവസാന സെക്ഷൻ സെപ്റ്റംബർ 2 മുതൽ 5 വരെ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നു. തോട്ടുമുക്കം , തിരുവമ്പാടി, കോടഞ്ചേരി, താമരശ്ശേരി, പാറോപ്പടി മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും കുറഞ്ഞത് 10 യുവജനങ്ങളെ കൺവെൻഷനിലേക്ക് പറഞ്ഞയക്കുമല്ലോ. ക്രിസ്തീയ ആത്മീയത, ധാർമികത, സമുദായം എന്നീ വിഷയങ്ങളെ അധികരിച്ചുള്ള 12 സെഷനുകളിൽ പ്രമുഖരായവർ യുവജനങ്ങളോട് സംവദിക്കുന്നു.

**4. ഹെയർ ഡൊണേഷൻ 3.0**

ക്യാൻസർ രോഗികൾക്ക് വിഗ് നിർമ്മിക്കുന്നതിനായുള്ള ഹെയർ ഡൊണേഷൻ 3.0 ക്യാമ്പ് ഇത്തവണയും രൂപത തലത്തിൽ നടത്തുന്നു. തൃശ്ശൂർ, അമല മെഡിക്കൽ കോളേജുമായി സഹകരിച്ച് നടത്തുന്ന ഈ പരിപാടിയിലേക്ക് കേശം ദാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ പത്തിന് മുമ്പ് അറിയിക്കുമല്ലോ. 30 സെന്റീമീറ്റർ നീളമുള്ള മുടിയാണ് ലഭിക്കേണ്ടത്.

**5. യുവധർമ മെഡിക്കൽ ക്യാമ്പ്**

അഗസ്ത്യാമുഴി, സെന്റ് ജോസഫ് ഹോസ്പിറ്റലുമായി സഹകരിച്ചുകൊണ്ട് 'യുവധർമ' എന്ന പേരിൽ ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന 22 ഓളം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. തോട്ടുമുക്കം, തിരുവമ്പാടി, കോടഞ്ചേരി, താമരശ്ശേരി മേഖലകളിലായി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളുടെ ഉദ്ഘാടനം ഓഗസ്റ്റ് 27ന് കക്കാടംപൊയിൽ സെന്റ് മേരിസ് ഹൈസ്കൂളിൽ വച്ച് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിക്കുന്നു. ക്യാമ്പ് നടത്തുന്ന പ്രദേശങ്ങളിലെ രോഗികൾക്ക് ജനറൽ മെഡിസിൻ, സ്ത്രീ രോഗ വിഭാഗം, അസ്ഥിരോഗ വിഭാഗം, സൈക്യാട്രി വിഭാഗം, ഫിസിയോ തെറാപ്പി,

ഷുഗർ ടെസ്റ്റ്, സൗജന്യ ഫർമസി മെഡിസിൻ, കൗൺസിലിങ് സൗകര്യം എന്നിവയും ആരോഗ്യ പരിപാലനത്തെ സംബന്ധിച്ചുള്ള ക്ലാസും ക്യാമ്പിനെ തുടർന്നുള്ള 10 ദിവസത്തേക്ക് സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ഫ്രീ കൺസൾട്ടേഷനും ലഭ്യമാക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# കരിസ്മാറ്റിക് മൂവ്മെന്റ്

ഈശോയിൽ സ്നേഹംനിറഞ്ഞ കുഞ്ഞുമക്കളേ, പ്രിയ ആനിമേറ്റേഴ്സ്. കോവിഡ്കാലം നമ്മെ അല്പം തളർത്തിയെങ്കിലും അനേകം പ്രവർത്തനങ്ങളിൽ നമുക്ക് പങ്കാളികളാകാൻ കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകമാണ്. അതിന്റെ തുടർച്ചയായി ഇപ്പോഴും ഗൂഗിൾ മീറ്റിലൂടെ എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണിക്ക് കുട്ടികളുടെ ക്രിസ്റ്റീൻ പ്രാർത്ഥനയും, എല്ലാ തിങ്കളാഴ്ചയും ആനിമേറ്റേഴ്സിന്റെ മധ്യസ്ഥ പ്രാർത്ഥനയും നടക്കുന്നുണ്ട്.

## സബ്സോൺ തെരഞ്ഞെടുപ്പുകൾ

മരുതോങ്കര, വിലങ്ങാട്, കൂരാച്ചുണ്ട് ഫൊറോനകളിൽ പുനഃസംഘടന പ്രക്രിയ പൂർത്തീകരിച്ചു.

### *മരുതോങ്കര*

| | | |
|---|---|---|
| സബ്സോൺ ആനിമേറ്റർ | - | റവ. ഫാ. ജോർജ്ജ് കളത്തൂർ |
| സിസ്റ്റർ ആനിമേറ്റർ | - | സി. ഡിൽന എം.എസ്.ജെ |
| കോ-ഓർഡിനേറ്റർ | - | ജോയിഷ് മഠത്തിക്കുന്നേൽ |
| സെക്രട്ടറി | - | ഷാനി നാട്ടുനിലത്ത് |
| ട്രഷറർ | - | ബിനു കാരക്കാട്ട് |

### *വിലങ്ങാട്*

| | | |
|---|---|---|
| സബ്സോൺ ആനിമേറ്റർ | - | റവ. ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട് |
| സിസ്റ്റർ ആനിമേറ്റർ | - | സി. ഹെൽന എം.എസ്.എം.ഐ |
| കോ-ഓർഡിനേറ്റർ | - | വിൽസൺ കുന്നക്കാട്ട് |
| സെക്രട്ടറി | - | സോണിയ ആണ്ടിത്താഴെ |
| ട്രഷറർ | - | സിന്ധു കൊടിമരത്തുംമൂട്ടിൽ |

### കൂരാച്ചുണ്ട്

| | | |
|---|---|---|
| സബ്സോൺ ആനിമേറ്റർ | - | റവ. ഫാ. വിൻസെന്റ് കറുകമാലിൽ |
| സിസ്റ്റർ ആനിമേറ്റർ | - | സി. വിനീത എഫ്.സി.സി |
| കോ-ഓർഡിനേറ്റർ | - | വിന്ധ്യ ബാബു നിരപ്പേൽ |
| സെക്രട്ടറി | - | മഞ്ചു ജോസഫ് കാഞ്ഞിരത്തിങ്കൽ |
| ട്രഷറർ | - | ജോസ്ന സിജോ കാരിമറ്റം |

### ഏകദിനധ്യാനം

മരുതോങ്കര സ്സോണിലെ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കൊച്ചു കൂട്ടുകാർക്കുവേണ്ടി ജൂലൈ 30 ശനിയാഴ്ച മരുതോങ്കര ഫൊറോന ദേവാലയത്തിൽ വച്ച് നടത്തിയ ഏകദിന ക്രിസ്റ്റീൻ ധ്യാനത്തിൽ വിവിധ ഇടവകകളിൽ നിന്നായി 180 കുട്ടികൾ പങ്കെടുത്തു. ക്രിസ്റ്റീൻ മിനിസ്ട്രിയുടെ ഓൾ കേരള സിസ്റ്റർ ആനിമേറ്റർ സി. മരിയറ്റ് എം.എസ്.എം.ഐ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മരുതേങ്കര സബ്സോൺ ആനിമേറ്റർ റവ. ഫാ. ജോർജ്ജ് കളത്തൂർ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ക്രിസ്റ്റീൻ മിനിസ്ട്രി

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രണ്ടാം ശനിയാഴ്ചകളിൽ നടക്കുന്ന സെൻട്രൽ കമ്മറ്റി മീറ്റിംങ്ങ് ആഗസ്റ്റ് 15 നാണ് നടത്തിയത്. പാറോപ്പടി ഫൊറോന വികാരി പെരിയ ബഹു. ജോസഫ് കളരിയ്ക്കലച്ചൻ പതാക ഉയർത്തി, സന്ദേശം നൽകി.

സി.സി.യിലെ അംഗങ്ങൾ കൂടാതെ, സമീപ പള്ളികളിലെ കോൺഫ്രൻസുകളിലെ അംഗങ്ങളും തദവസരത്തിൽ പങ്കെടുത്തിരുന്നു. പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തെക്കുറിച്ചും ഭാരതം സ്വാതന്ത്ര്യം ആവശ്യപ്പെട്ട സാഹചര്യങ്ങളെകുറിച്ചും സന്ദേശത്തിൽ എടുത്തുപറഞ്ഞത് വലിയ അനുഭവമായിരുന്നു.

പുതുപ്പാടി ധ്യാനകേന്ദ്രം ഡയറക്ടറുമായി ആലോചിച്ച് വിൻസെൻ ഷ്യൻ സഹോദരങ്ങൾക്ക് 2 ദിവസത്തെ ധ്യാനം വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. ഓഡിറ്റ് ഇനിയും പൂർത്തിയാകാത്ത ഏരിയ കൗൺസിലുകൾ എത്രയുംവേഗം ഓഡിറ്റ് നടത്താനും തീരുമാനമായി.

ഏരിയ കൗൺസിൽ പ്രസിഡന്റുമാർ എല്ലാ കോൺഫ്രൻസുകളും സന്ദർശിക്കണമെന്ന നിർദേശം എല്ലാവരും സ്വീകരിച്ചു. കോവിഡ് മഹാമാരി മാറി നിൽക്കുന്നതിൽ എല്ലാ കോൺഫ്രൻസുകളും സജീവമായി ഇടവകകൾ കേന്ദ്രീകരിച്ച് പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കാനും തീരുമാനിച്ചു.

മെഡിക്കൽ കോളേജിൽ ഡയാലിസിസിനു വരുന്ന രോഗികൾക്ക് താൽക്കാലിക വാസം നൽകുന്നതിന് വേണ്ട ക്രമീകരണങ്ങൾ വേണമെന്ന അഭിപ്രായം കണക്കിലെടുത്ത് പഴയ കെട്ടിടം പുതുക്കി പണിയാൻ തീരുമാനിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# വികസനവേദി

## ഉന്നത വിജയം നേടിയവരെ ആദരിച്ചു

COD യുടെ നേതൃത്വത്തിൽ പുതുപ്പാടി ഗ്രാമ വികസന സമിതി എല്ലാ വിഷയങ്ങൾക്കും A+ വാങ്ങിയ S.S.L.C, +2 വിദ്യാർത്ഥികളെ ആദരി ച്ചു. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. GVS പ്രസിഡന്റ് സബിത ജിജോ അദ്ധ്യക്ഷം വഹിച്ചു. പുതുപ്പാടി ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ഷിജു ഐസക്, മോളി ആന്റോ, അമൽ രാജ് COD ഏരിയ കോ-ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് എന്നിവർ പ്രസംഗിച്ചു.

മരുതോങ്കര കരിങ്ങാട് MCC യിൽ വെച്ച് S.S.L.C, +2 പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു. പരിപാടിയുടെ ഉദ്ഘാടനം കരിങ്ങാട് ഇടവക വികാരി ഫാ. ബിനോയ് പനയ്ക്കൽ നിർവഹിച്ചു. GVS പ്രസിഡന്റ് മേരികുട്ടി ജോർജു അദ്ധ്യക്ഷം വഹിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ ഷാജി പോൾ പരിപാടിക്ക് നേതൃത്വം നല്കി.

## നേതൃത്വ പരിശീലനം

വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ സ്വാശ്രയ സംഘങ്ങളുടെ ഭാരവാഹികൾക്കായി നേതൃത്വ പരിശീലന ക്ലാസ്സ് നടത്തി. GVS പ്രസിഡന്റ് മേഴ്സി ജെയിംസ് അദ്ധ്യക്ഷം വഹിച്ചു. ഏരിയ കോ ഓർഡിനേറ്റർ ഷൈനി സിബി സ്വാഗതം ആശംസിച്ചു. COD പ്രോഗ്രാം കോ ഓർഡിനേറ്റർ കെ. സി. ജോയ് ക്ലാസ്സ് എടുത്തു. ബീന അബ്രഹാം നന്ദി അർപ്പിച്ചു.

കൂടരഞ്ഞി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ കൂടരഞ്ഞിയിൽ വെച്ചു ഗ്രാമവികസന സമിതിയുടെ ജനറൽ ബോഡിയും, സ്വാശ്രയ സംഘങ്ങളുടെ ഭാരവാഹികൾക്കായി നേതൃത്വ പരിശീലന ക്ലാസ്സും നടത്തി. പരിശീലന പരിപാടിക്ക് COD പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ. സി. ജോയ് നേതൃത്വം നല്കി. ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി സ്വാഗതവും GVS സെക്രട്ടറി ജെയ്മോൾ നന്ദിയും പറഞ്ഞു.

### ദുരന്ത നിവാരണ സേനക്കുള്ള കിറ്റ് വിതരണം

പുതുപ്പാടി ഗ്രാമ വികസന സമിതി ഓഫീസിൽ വെച്ച് COD യുടെ സഹായത്തോടെ ദുരന്ത നിവാരണ സേനക്കുള്ള കിറ്റ് വിതരണം നടത്തി. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ വാർഡ് മെമ്പർ മാർക്ക് നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. പുതുപ്പാടി പഞ്ചായത്തിലെ ദുരന്ത ബാധിത പ്രദേശമായ 1 ,12 ,5 ,21 എന്നീ വാർഡ് മെമ്പർ മാർക്ക് കിറ്റ് കൈമാറി. GVS പ്രസിഡന്റ് സബിത ജിജു അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ മാരായ ഷീജ ഐസക്ക്, മോളി ആന്റോ, അമൽ രാജ്, റോയ് കുര്യൻ എന്നിവർ പ്രസംഗിച്ചു. COD ഏരിയ കോ ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് നേതൃത്വം നല്കി.

### ആരോഗ്യ ബോധവൽകരണം

അങ്ങാടിപ്പുറം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പരിയാപുരം സെന്റ് മേരീസ് ഹൈസ്കൂളിൽ വെച്ച് മഴക്കാല രോഗങ്ങളെക്കുറിച്ചു ബോധവൽകരണ സെമിനാർ നടത്തി. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ശ്രീമതി ശാന്ത കുമാരി ക്ലാസിനു നേതൃത്വം നല്കി. മുൻ JPHN ശ്രീമതി ഗൗരി പരിപാടി ഉൽഘാടനം ചെയ്തു. മഴക്കാലങ്ങളിൽ നാട്ടിൻപുറങ്ങളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങളെക്കുറിച്ചും, പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും സംസാരിച്ചു. കുട്ടികളിൽ കണ്ടുവരുന്ന രോഗങ്ങളും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ഏരിയ കോ ഓർഡിനേറ്റർ തങ്കമ്മ സേവ്യർ അദ്ധ്യക്ഷം വഹിച്ചു. മേഴ്സി സെബാസ്റ്റ്യൻ സ്വാഗതം പറഞ്ഞു.

വിലങ്ങാട് ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ മഴക്കാല രോഗങ്ങളെക്കുറിച്ചു ബോധവൽകരണ സെമിനാർ നടത്തി നഴ്സിംഗ് സൂപ്രണ്ട് റെനി ജോസഫ് ക്ലാസ്സ് എടുത്തു. വൈറൽ പനി, തക്കാളി പനി, ഡെങ്കി പനി, ചിക്കൻ പോക്സ് എന്നിവയെപ്പറ്റി സംസാരിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ ഉഷ ജോണി നേതൃത്വം നല്കി.

### പച്ചമരുന്ന് നിർമ്മാണം

മൈലള്ളാംപാറ MCC യുടെ നേതൃത്വത്തിൽ തെങ്ങിൻ പൂക്കുല ലേഹ്യം ഉണ്ടാക്കി. ലേഹ്യം ഉണ്ടാക്കുന്ന രീതിയും, അതിൽ ചേർക്കേണ്ട മരുന്നു കൂട്ടുകളും,

മരുന്നിന്റെ ഔഷധ ഗുണത്തെക്കുറിച്ചും ക്ലാസ്സ് നല്കി. COD ഏരിയ കോ ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ്, ഡെയ്സി ജോയ്, ചിന്നമ്മ ബേബി, മേരികുട്ടി എന്നിവർ നേതൃത്വം നല്കി. 40 കി.ഗ്രാം ലേഹ്യം ഉണ്ടാക്കി വിപണനം നടത്തി.

കണ്ണപ്പൻകുണ്ട് ദീപ് സംഘത്തിൽ വച്ച് മുറിവെണ്ണ ഉണ്ടാക്കി. 4 SHG യിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു. പ്രാദേശികമായി ലഭിക്കുന്ന മരുന്നു കളെക്കുറിച്ചും, മുറിവെണ്ണയുടെ ഉപയോഗത്തെക്കുറിച്ചും, ഔഷധ ഗുണങ്ങളെക്കുറിച്ചും ചർച്ച നടത്തി. മുറിവെണ്ണയുടെ വിപണന സാധ്യത പഠിച്ചു കൂടുതൽ ഉല്പാദിപ്പിക്കുവാനും, വിപണനം നടത്താനും തീരുമാനിച്ചു.

കായണ്ണ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ കാറ്റുള്ളമലയിൽ വച്ച് മുറിവെണ്ണ നിർമ്മാണം നടത്തി. 10 അംഗങ്ങൾ പരി പാടിയിൽ പങ്കെടുത്തു. കാറ്റുള്ളമല പ്രിയദർശിനി SHG യുടെ നേതൃത്വത്തിൽ കർക്കിടക മരുന്ന് ഉണ്ടാക്കി. കൂരാച്ചുണ്ട് ഡിവൈൻ SHG യുടെ നേതൃത്വത്തിൽ ഉരഗുളിക ഉണ്ടാക്കി വിതരണം നടത്തി. COD ഏരിയ കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിപാടിക്ക് നേതൃത്വം നല്കി.

അങ്ങാടിപ്പുറം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പരിയാപുരം വിമല SHG യിൽ വച്ച് മുറിവെണ്ണ നിർമ്മാണ പരിശീലനം നല്കി. 15 അംഗങ്ങൾ പങ്കെടുത്തു COD ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ പരിപാടിക്ക് നേതൃത്വം നല്കി.

### ആശാകിരണം

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി COD യും, മലബാർ കാൻസർ സെന്റർ (MCC) തലശ്ശേരിയുമായിചേർന്ന് MSJ സിസ്റ്റേഴ്സിന്റെ സഹായത്തോടെ പുല്ലാഞ്ഞിമേടുള്ള യേശുഭവനിൽ ജൂലൈ 21, ആഗസ്റ്റ് 2 എന്നീ തിയ്യതികളിൽ ബ്രെസ്റ്റ് സ്ക്രീനിംഗ്, പാപ് സ്മിയർ ടെസ്റ്റ്, ഓറൽ പരിശോധന എന്നിവ നടത്തി. അടുത്ത ക്യാമ്പ് സെപ്റ്റംബർ 6 ന് നടത്തപ്പെടും.

### മറ്റു പരിപാടികൾ

ജൂലൈ 26 ന് ബിഷപ്പ് മാർ റെമിജിയോസ് പിതാവിന് പിറന്നാൾ ആശംസകൾ അർപ്പിച്ചു. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഷെറിൻ ജോർജ്, ഫാ. ജിജോ കളപ്പുരക്കൽ, അസ്സോസിയേറ്റ്സ് ഡയറക്ടർ ഫാ. ജെയ്സൺ കാരക്കുന്നേൽ, SAFE SUPER MARKET, COD സ്റ്റാഫ് അംഗങ്ങൾ സന്നിഹിതരായിരുന്നു.

നബാർഡ് മാനേജർ മി. മുഹമ്മദ് റിയാസ് COD സന്ദർശിക്കുകയും, തുടർന്നുള്ള മീറ്റിംഗിൽ ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ, കോ- ഓർ

ഡിനേറ്റർ മി. ജോയ്. കെ. സി, സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. COD യുടെ നിലവിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്തുകയും, പുതിയ നിർദേശങ്ങൾ നല്കുകയും ചെയ്തു.

### ജല ജീവൻ മിഷൻ പദ്ധതി – ജല പരിശോധന

കിഴക്കോത്തു ഗ്രാമ പഞ്ചായത്തിൽ ജല ജീവൻ ടീം ലീഡർ MRS. ഷാദിയ. പി യുടെ നേതൃത്വത്തിൽ ജൂലൈ 15 നു 6,8,9,10 വാർഡുകൾക്കായി ജല പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. വൈസ് പ്രസിഡന്റ് അബ്ദുറഹ്മാൻ പരിപാടി ഉദ്ഘാടനം ചെയ്തു. വിനോദ് കുമാർ എം. ജി (ക്വാളിറ്റി മാനേജർ, ജില്ലാ ലാബറട്ടറി) ക്ലാസ്സ് എടുത്തു.

ജൂലൈ 17 നു വലിയ പറമ്പ് ബാങ്കിൽ വെച്ചു 10,11,12,13 വാർഡുകൾക്കുവേണ്ടി ജല പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ജൂലൈ 19 അംഗനവാടി ടീച്ചേഴ്സിനായി ജല പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ICDS സൂപ്പർ വൈസർ പരിപാടി ഉദ്ഘാടനം ചെയ്തു. ജൂലൈ 25 നു 2,3,4,5,6 വാർഡുകളിൽ ആളുകൾക്കു വേണ്ടി ജല പരിശോധന സംഘടിപ്പിച്ചു. CDS ചെയർ പേഴ്സൺ ശ്രീമതി ജസീല പരിപാടി ഉദ്ഘാടനം ചെയ്തു.

ജൂലൈ 26നു കത്തറമ്മൽ അംഗനവാടിയിൽ വെച്ചു ജല പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. 7,8,9,10 വാർഡുകളിൽ ഉള്ളവർ പരിപാടിയിൽ പങ്കെടുത്തു. COD - ISA പ്രധിനിധി ആൽബിൻ ടോമി പങ്കെടുത്തു.

### സ്കൂൾ തല ബോധവത്കരണ ക്ലാസ്സും, മത്സരങ്ങളും

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഓമശ്ശേരി ഗ്രാമ പഞ്ചായത്തിലെ വെളിമണ്ണ ഗവണ്മെന്റ് യു. പി സ്കൂൾ, വേനപ്പാറ ലിറ്റിൽഫ്ളവർ ഹൈസ്കൂൾ, പുത്തൂർ ഗവൺമെന്റ് UP സ്കൂൾ, എന്നിവിടങ്ങളിൽ ജലജന്യ രോഗങ്ങളെപറ്റി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപെടുത്തിയാണ് ക്ലാസ്സ് സങ്കടിപ്പിച്ചത്. ജലജന്യ രോഗങ്ങളെപറ്റിയും മഴകാലത്തു ശ്രദ്ധിക്കേണ്ട കാര്യങ്ങളെ പറ്റിയും ഓമശ്ശേരി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കുട്ടികൾക്ക് നിർദ്ദേശം നൽകി. ജൽ ജീവൻ പദ്ധതിയെ കുറിച്ച് ജൽ ജീവൻ മിഷൻ ടീം ലീഡർ പദ്ധതി വിശദീകരിച്ചു. ജൽ ജീവൻ മിഷൻ സങ്കടിപ്പിച്ച കഥ രചന, ഉപന്യാസ രചന, ക്വിസ്, ചിത്ര രചന, കവിത രചന എന്നിങ്ങനെ മത്സരത്തിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും, 5 കുട്ടികൾക്കു പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു. സ്കൂൾ ഹെഡ്മാസ്റ്റർ നന്ദി പ്രഭാഷണം നടത്തി.

കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഫാത്തിമാബീ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ കൂമ്പാറ, ലിറ്റിൽ ഫ്ളവർ യു . പി. സ്കൂൾ പുഷ്പ ഗിരി, സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂൾ

കൂടരഞ്ഞി എന്നിവിടങ്ങളിൽ കുട്ടികൾക്കായി ജലജന്യ രോഗ സ്കൂൾതല ബോധവൽക്കരണം സംഘടിപ്പിച്ചു. കൂടരഞ്ഞി ആരോഗ്യ കേന്ദ്രത്തിലെ JHI മാരായ ശ്രീ . ജസ്റ്റി. ജി. ജോസ്, ശ്രീമതി. സീമ, ശ്രീ. ജോൺസൺ സാർ ക്ലാസ്സ് എടുത്തു. JJM ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസ് ജലജീവൻ മിഷൻ പദ്ധതി. വിശദീകരണം നടത്തുകയും ചെയ്തു. തുടർന്ന് സ്കൂൾതല മത്സരങ്ങളായ ക്വിസ് മത്സരം, ചിത്രരചന മത്സരം വിജയികൾക്ക് സമ്മാനദാനവും നിർവ്വഹിച്ചു.

തിരുവമ്പാടി ജല ജീവൻ പദ്ധതിയുടെ നേതൃത്വത്തിൽ സേക്രട്ട് ഹാർട്ട് UP സ്കൂൾ തിരുവമ്പാടി, സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ തിരുവമ്പാടി, സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ പുന്നക്കൽ എന്നിവിടങ്ങളിൽ വച്ച് ജലജന്യ രോഗങ്ങളും വ്യക്തി ശുചിത്വത്തെക്കുറിച്ചു ബോധവത്കരണ ക്ലാസ്സ് നടത്തി. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ബിജിമോൾ, JHI മാരായ ശരണ്യ, മനീഷ, മുസ്തഫ എന്നിവർ ക്ലാസ്സിനു നേതൃത്വം നല്കി. ടീം ലീഡർ റെനി സാബു ജല ജീവൻ പദ്ധതി വിശദീകരിച്ചു. കുട്ടികൾ ജലത്തെക്കുറിച്ചും, വരൾച്ചയെക്കുറിച്ചും കവിത ചൊല്ലി. കാർട്ടൂൺ, ഉപന്യാസം എന്നീ മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം നല്കി.

### സ്റ്റേക്ക് ഹോൾഡേഴ്സ് പരിശീലനം

തിരുവമ്പാടി ജല ജീവൻ പദ്ധതിയുടെ നേതൃത്വത്തിൽ അമ്പലപ്പാറ M.C ഓഡിറ്റോറിയത്തിൽ വച്ചു ഷൗക്കത്തലി മെമ്പറുടെ സാന്നിധ്യത്തിൽ സ്റ്റേക്ക് ഹോൾഡേഴ്സ് പരിശീലനം നടത്തി. പരിപാടിയിൽ ADS, CDS ചെയർപേഴ്സൺ, ആശാവർക്കർ തുടങ്ങി 60 പേർ പങ്കെടുത്തു. ടീം ലീഡർ റെനി സാബു ജല ജീവൻ പദ്ധതിയെക്കുറിച്ചും അതിന്റെ നടത്തിപ്പിനെക്കുറിച്ചും വിശദീകരിച്ചു. COD - ISA പ്രധിനിധി ക്രിസ്റ്റിന കുര്യാക്കോസ് സന്നിഹിതയായിരുന്നു. വാട്ടർ അതോറിറ്റിയും, വാർഡ് മെമ്പർമാരുടെയും സാന്നിധ്യത്തിൽ വാർഡുകൾ സന്ദർശിച്ചു വാട്ടർ ടാങ്ക് ലെവൽ വിലയിരുത്തി.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# ലീഡർഷിപ്പ് ഡെവലപിംഗ് സൊസൈറ്റി

പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്ക് വിവിധ പ്രൊഫഷണൽ കോഴ്സു കളെക്കുറിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും, ബാങ്ക് ലോൺ തുടങ്ങിയവയെക്കുറിച്ച് തിരുവമ്പാടി, പെരിന്തൽമണ്ണ, മഞ്ചേരി, താമരശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ വെച്ച് കരീയർ കൗൺസലിംഗ് നല്കുകയുണ്ടായി.

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ എടുത്ത കുട്ടികൾക്ക് സെപ്റ്റബർ മാസം 16-ാം തീയതി മുതൽ ക്ലാസ്സുകൾ ആരംഭിക്കും. കോഴ്സുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി കുട്ടി കൾക്കും മാതാപിതാക്കൾക്കുംവേണ്ടി ബോധവത്കരണ മീറ്റിംഗുകൾ നടത്തപ്പെടുന്നതാണ്.

**ഫാ. ജെയ്സൻ കാരക്കുന്നേൽ**
ഡയറക്ടർ, എൽ.ഡി.എസ്



# യേശുനിധി

21.07.2022 മുതൽ 20.08.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Balussery | 20,000.00 |
| 2 | Kakkadampoil | 5,000.00 |
| 3 | Koorachundu | 10,000.00 |
| 4 | Koorachundu | 10,000.00 |
| 5 | Koorachundu | 10,000.00 |
| 6 | Mailellampara | 10,000.00 |
| 7 | Manjeri | 15,000.00 |
| 8 | Narinada | 20,000.00 |
| 9 | Nooramthode | 14,000.00 |
| 10 | Palloor | 20,000.00 |
| 11 | Payyanad | 5,000.00 |
| 12 | Pushpagiri | 15,000.00 |
| 13 | Thottumukkam | 15,000.00 |
| 14 | Thottumukkam | 15,000.00 |

## Home

| | | |
|---|---|---|
| 15 | Balussery | 20,000.00 |
| 16 | Chappanthottam | 25,000.00 |
| 17 | Cheerattamala | 20,000.00 |
| 18 | Kallanode | 20,000.00 |
| 19 | Kodanchery | 20,000.00 |
| 20 | Koorottupara | 15,000.00 |
| 21 | Kuppayakode | 10,000.00 |
| 22 | Thottumukkam | 25,000.00 |

## Medical

| | | |
|---|---|---|
| 23 | Chempanoda | 10,000.00 |
| 24 | Kakkadampoil | 6,000.00 |
| 25 | Kakkadampoil | 10,000.00 |
| 26 | Kakkayam | 15,000.00 |
| 27 | Kannoth | 20,000.00 |
| 28 | Kodanchery | 20,000.00 |
| 29 | Kodanchery | 15,000.00 |
| 30 | Koorachundu | 15,000.00 |
| 31 | Koorottupara | 15,000.00 |
| 32 | Kundayithode | 15,000.00 |
| 33 | Mailellampara | 10,000.00 |
| 34 | Nenmeni | 10,000.00 |
| 35 | Passukadave | 15,000.00 |
| 36 | Payyanad | 10,000.00 |
| 37 | Poilomchal | 20,000.00 |
| 38 | Poozhithode | 15,000.00 |
| 39 | Puthuppady | 15,000.00 |
| 40 | Thamarassery | 20,000.00 |
| 41 | Venappara | 10,000.00 |
| 42 | Vettilappara | 8,000.00 |
| | **Total** | **6,13,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ജൂലൈ**

27 താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരി കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി അൽഫോൻസ സ്കൂളിൽ പുതുതായി നിർമ്മിച്ച അൽഫോൻസാമ്മയുടെ ഗ്രോട്ടോ വെഞ്ചരിക്കുകയും അൽഫോൻസ ദിനാഘോഷ സമ്മേളനും ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം അൽഫോൻസ മൈനർ സെമിനാരിയിൽ നടന്ന അൽഫോൻസാ ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

28 മഞ്ഞക്കുന്ന് അൽഫോൻസ ദൈവാലയത്തിൽ തിരുനാളിനോട നുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് താമരശ്ശേരി എം.എം.പി.സി. ഹാളിൽ നടന്ന എ.കെ. സി.സി. രൂപത വർക്കിംഗ് കമ്മറ്റി സമ്മേളനം ഉദ്ഘാടനം ചെയ്യുകയും പുറപ്പാട് പ്രസിദ്ധീകരണം പ്രകാശനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം ചമൽ ഇടവകയിൽ ഇടവകാസ്ഥാപനത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾ തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്യുകയും തുടുർന്ന് ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

29 തേക്കുംകുറ്റി ഇടവകയിൽ പരേതായ ത്രേസ്യാമ്മ കുഴിമറ്റത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

ഉച്ചകഴിഞ്ഞ് കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ പരേതനായ തിരുവമ്പാടി മുൻ എം.എൽ.എ. ശ്രീ. മോയിൻകുട്ടിയുടെ ബഹുമാ നാർത്ഥം തയ്യാറാക്കിയ സ്മരണിക പ്രകാശന സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു.

30 രാവിലെ അൽഫോൻസ മൈനർ സെമിനാരി കപ്പേളയിൽ കുര്യൻ ചേറുശ്ശേരി, ജോസഫ് കൊട്ടാരത്തിൽ മ്ശംശാനപ്പട്ടവും അബ്രാഹം ആനിക്കുടിയിലിന് ഹെവ്പ്പദ്യാക്കോനപ്പട്ടവും നല്കി

**ആഗസ്റ്റ് 2022**

01 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. സംഘടിപ്പിച്ച ഏകദിന സെമിനാറിൽ സംബന്ധിച്ചു.

02-05 കെ.സി.ബി.സി. അംഗങ്ങൾക്കായി നടത്തിയ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

03 റോഡ് അപകടത്തിൽ കൊല്ലപ്പെട്ട എ.കെ.സി.സി. ഗ്ലോബൽ സെക്രട്ടറി, ഇൻഫാം ദേശീയ സെക്രട്ടറിയുമായ ബേബി പെരുമാലിയുടെ തിരുവമ്പാടിയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

06 അങ്ങാടിപ്പുറം സെന്റ് മേരീസ് കോളേജിൽ എസ്.എം.വൈ.എം., കെ.സി.വൈ.എം. സംഘടിപ്പിച്ച യുവജന കൺവെൻഷനിൽ പങ്കെടുത്തവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

തിരുവമ്പാടിയിൽ പരേതയായ സി. തെരേസ് മേരിയുടെ മൃതസംസ് കാര ശുശ്രൂഷയുടെ നാലാം ഭാഗത്തിന് നേതൃത്വം നല്കി.

ഉച്ചകഴിഞ്ഞ് പുല്ലൂരാംപാറ ഇടവകയിൽ പരേതനായ വിനോദ് പനച്ചിക്കലിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പുല്ലൂരാംപാറ ഇടവകയിൽ പരേതയായ മേരി ജോൺ പുതിയാപറമ്പിലിനുവേണ്ടി ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പുല്ലൂരാംപാറ ആരാധനസമൂഹ കപ്പേളയിൽ പരേതയായ സി. തെരസിറ്റ എസ്.എ.ബി.സിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

വൈകുന്നേരം വെറ്റിലപ്പാറയിൽ പ്ലസ്ടു, എസ്.എസ്.എൽ.സി. പരീക്ഷ കളിൽ ഉന്നതവിജയം നേടിയവരെ ആദരിക്കുവാൻ വൈ.എം.സി.എ. സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും പുരസകാരങ്ങൾ വിത രണം ചെയ്യുകയും ചെയ്തു.

07 രാവിലെ താമരശ്ശേരി മൈനർ സെമിനാരി വിദ്യാർത്ഥി ഉപകാരികളുടെ സംഗമത്തിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

വൈകുന്നേരം പുതുപ്പാടി ഫിലിപ്പ്നേരി സന്യാസിനിസമൂഹ കപ്പേള യിൽ ഏതാനും സന്യാസിനികളുടെ വ്രതനവീകരണ ത്തോടനുബ ന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

എ.കെ.സി.സി. ഗ്ലോബൽ സെക്രട്ടറി പരേതനായ ശ്രീ. ബേബി പെരുമാലിയുടെ ബഹുമാനാർത്ഥം സംഘടന ക്രമീകരിച്ച ഓൺലൈൻ അനുശോചന സമ്മേളനത്തിൽ സംബന്ധിച്ചു.

08 ഉച്ചകഴിഞ്ഞ് താമരശ്ശേരി ഇടവകയിൽ പരേതനായ ജോസഫ് കൈനടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നല്കി.

09 തിരുവമ്പാടി ഇടവകയിൽ പരേതനായ ബേബി പെരുമാലിക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

പുതുപ്പാടി ഇടവകയിൽ മിഷൻലീഗിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് പതാക ഉയർത്തുകയും തുടർന്ന് പാരിഷ് ഹാളിൽ നടന്ന പൊതുയോഗം ഉദ്ഘാടനം ചെയ്ത് ഛായചിത്ര പ്രയാണത്തിന് സ്വീകരണം നല്കുകയും ചെയ്തു.

രൂപതഭവനിൽ ഡി.എഫ്.സി. ഫൊറോന ഡയറക്ടർമാരുടെ സമ്മേളന ത്തിൽ സംബന്ധിച്ചു.

ദീപിക മാനേജിംഗ് ഡയറക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ അച്ചനെ രൂപതാഭവനിൽ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ് പുല്ലൂരാംപാറ പാരിഷ് ഹാളിൽ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ഇടവക സമ്മേളനം ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി എം.എം.പി.സി. ഹാളിൽ ബഫർസോൺ വിഷയം ചർച്ച ചെയ്യാൻ ചേർന്ന വിവിധ കർഷക നേതാക്കളുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

വൈകുന്നേരം കരുണാഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളെ അഭിസംബോധന ചെയ്യുകയും ഹോസ്റ്റൽ വെഞ്ചരിക്കുകയും ചെയ്തു.

10 മഞ്ഞുവയൽ കപ്പൂച്ചിൻ കപ്പേളയിൽ പരേതനായ ഐരാറ്റിൽ ശ്രീ. എം. സി. കുര്യന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലി യർപ്പിച്ചു.

ഉച്ചകഴിഞ്ഞ് ചേരവരമ്പലം സ്റ്റാർട്ടിൽ പുതിയ അധ്യായനവർഷം ഉദ്ഘാടനം ചെയ്തു.

11 പൂളക്കടവ് തിരുഹൃദയ സന്യാസിനി സമൂഹ കപ്പേളയിൽ ഒരു സന്യാസിനിയുടെ നിത്യവ്രത വാഗ്ദാനകർമ്മങ്ങൾക്ക് കാർമ്മികത്വം നല്കി.

ഉച്ചകഴിഞ്ഞ് പി.എം.ഒ.സി.യിൽ പ്രീകാന കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സെടുത്തു.

12 രാവിലെ അമ്പായത്തോടെ സ്നേഹനിവാസ് അഗതി മന്ദിര കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

വൈകുരന്നേരം പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

13 തൃശ്ശൂർ മറ്റം ഇടവകയിൽ പരേതനായ മാർ പോൾ ചിറ്റിലപ്പിള്ളിയുടെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിച്ചു.

14 രാവിലെ വയലിട ഇടവകയിൽ ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി കത്തീഡ്രൽ ഇടവകാംഗം പരേതയായ വളവനാനിയിൽ ലീലാമ്മയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് മേരിക്കുന്ന് ജോൺ പോൾ II ന്റെ പുതിയ അധ്യായവർഷം ഉദ്ഘാടനം ചെയ്തു.

15 രാവിലെ രൂപതാകേന്ദ്രത്തിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദേശീയ പതാക ഉയർത്തി.

താമരശ്ശേരി മൈനർ സെമിനാരിയിൽ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തോനുബന്ധിച്ച് റാസ കുർബാനയർപ്പിച്ചു.

മഞ്ഞുവയൽ ഇടവകയിൽ പരേതയായ അന്നമ്മ ജോൺ തടത്തിലിനുവേണ്ടി ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16-26 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർ മെത്രാന്മാരുടെ സൂനഹദോസിൽ സംബന്ധിച്ചു.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-08-2022 |




"Peace begins with a SMILE"

Mother Theresa

വി. തെരേസ ഓഫ് കൽക്കട്ട – സെപ്റ്റംബർ 5


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 09, September 2022, Pages 104.